PROCEEDINGS OF THE KERALA LEGISLATIVE ASSEMBLY

Second Session—1969

(Second Meeting)

Thursday, the 23rd October, 1969

Vol. XXV] **OFFICIAL REPORT** **[No. 30**

The Assembly met in the Assembly Chamber, Trivandrum, at nine of the clock on Thursday, the 23rd October, 1969, with Mr. Speaker in the Chair.

ശ്രീ. ടി. എ. മജീദ്: ഒരു പ്രിവിലേജു മോഷൻ തന്നിരുന്നു. അതേക്കുറിച്ച് അങ്ങയുടെ റൂളിംഗ് എന്താണ് ? അങ്ങയുടെ പേരിൽ അവിശ്വാസപ്രമേയം അവതരിപ്പിക്കുന്നതിന് നോട്ടീസ്സ് തന്നിരുന്നത് പിൻവലിച്ചു എന്നു പറഞ്ഞു. എന്നാൽ അങ്ങയുടെ പേരിൽ ഒട്ടേറെ ആരോപണങ്ങൾ ഉന്നയിച്ചിരുന്നു. അത് ഈ സഭയെ ബാധിക്കുന്ന പ്രശ്നമാണ്; സഭയുടെ അവകാശത്തെ ബാധിക്കുന്ന പ്രശ്നമാണ്. സഭാനേതാവ് പറഞ്ഞതുകൊണ്ടാണ് അവിശ്വാസപ്രമേയം പിൻവലിച്ചിരിക്കുന്നതെന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങയെക്കുറിച്ച് ഉന്നയിച്ച ആരോപണങ്ങളെല്ലാം ഞങ്ങൾക്ക് കിട്ടിയിട്ടുള്ളതാണ്. അതേക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം എന്താണെന്നു അറിയണം.

മി. സ്പീക്കർ: എന്നെക്കൂടി സ്പർശിക്കുന്ന കാര്യമായതുകൊണ്ട് ഡെപ്യൂട്ടി സ്പീക്കർ ചെയറിലിരിക്കുമ്പോൾ ആ കാര്യം എടുക്കാം.

ശ്രീ. എം. എം. തോമസ്: മൂന്നാം തീയതിയിലെ അസംബ്ളി നടപടിയെപ്പററിയുള്ള തെററായ റിപ്പോർട്ട് 'തൊഴിലാളി' പത്രത്തിൽ പ്രസിദ്ധീകരിച്ചതിന് ഞാൻ ഒരു അവകാശലംഘനപ്രമേയം കൊടുത്തിരുന്നു. അതെന്തായി എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker: I will look into it.

MOTION UNDER RULES 128 AND 252

DISCUSSION ON THE STATEMENT OF THE CHIEF MINISTER

ശ്രീ. കെ. എം. മാണി: സർ, കഴിഞ്ഞ 17-ാം തീയതി മുഖ്യമന്ത്രി ഈ നിയമസഭയിൽ ചെയ്ത പ്രസ്താവന അവഗാഢമായി ഞങ്ങൾ പരിശോധിക്കുകയുണ്ടായി. ആ പരിശോധനയെ സംബന്ധിച്ച് പറയുമ്പോൾ അത് രാഷ്ട്രീയമായ വഞ്ചനയുടെയും നെറികേടിന്റെയും സാക്ഷിപത്രമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 20 പേജുകളിലായി ഏററവും വലിയ അറബിക്കഥയാണ് ആ പ്രസ്താവനയിൽകൂടി

2/13—1

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

അദ്ദേഹം ചെയ്തിട്ടുള്ളത്. അദ്ദേഹത്തിനുള്ള ഏററവും വലിയ പരാതി, അഴിമതിക്കാരനായ തന്റെ സഹമന്ത്രി ശ്രീമാൻ വെല്ലിംഗ്ടനെതിരേ അന്വേഷണം നടത്തണമെന്നു ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയത്തിന് ഭരണകക്ഷികളിലെ ഏതാനും പാർട്ടികൾ പ്രതിപക്ഷ കക്ഷികളായ കേരളാ കാൺഗ്രസും ഇൻഡ്യൻ നാഷനൽ കാൺഗ്രസുമായി ചേർന്ന് വോട്ട് ചെയ്തു എന്നുള്ളതായിരുന്നു. കേരളാ കാൺഗ്രസിനെ കാൺഗ്രസിനെക്കാൾ പിൻതിരിപ്പൻ കക്ഷിയായി ഇന്നലെ അദ്ദേഹം വിശേഷിപ്പിക്കുകയുണ്ടായി. ഞങ്ങൾക്കാർക്കും അതിൽ പരാതിയില്ല. നമ്പൂതിരിപ്പാടിൽ നിന്ന് ഉണ്ടായ ഒരു കാംപ്ലിമെന്റായി ഞങ്ങൾ ഇതിനെ കരുതുകയാണ്. കാരണം, നമ്പൂതിരിപ്പാടിന്റെ നിഘണ്ടുവിൽ ഈ വാക്കിന്റെ അർത്ഥം വിപരീതമാണ്. തെക്കോട്ട് പോകുക എന്നു പറഞ്ഞാൽ വടക്കോട്ട് പോകുകയാണ്, വടക്കോട്ട് പോകുക എന്നു പറഞ്ഞാൽ തെക്കോട്ടു പോകുകയാണ് എന്നാണ് അർത്ഥം. നമ്പൂതിരിപ്പാടിന് കേരളാ കാൺഗ്രസിനെ സംബന്ധിച്ച് വിരസത, ഒരു ദഹനക്കേട് ഉണ്ടാകാൻ കാരണമെന്താണ്? അത് ശ്രീ. പി. ആർ. കുറുപ്പ് ഇവിടെ പറയുകയുണ്ടായി. 1965-ലെ തിരഞ്ഞെടുപ്പിനുശേഷം കേരളാ കാൺഗ്രസിന്റെ പിൻതുണയോടുകൂടി ഒരു കൂട്ടു മന്ത്രിസഭ ഉണ്ടാക്കണമെന്ന് ശ്രീമാൻ നമ്പൂതിരിപ്പാട് ഒരാൾവശം അദ്ദേഹത്തോടു പറഞ്ഞതായി ശ്രീ. പി. ആർ. കുറുപ്പ് ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഒരു കാര്യം അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കേരളാ കാൺഗ്രസിന് നമ്പൂതിരിപ്പാടിന്റെ സഹായം ആവശ്യമില്ല. നമ്പൂതിരിപ്പാടിന്റെ അപ്പക്കഷണത്തിനുവേണ്ടി കേരളാ കാൺഗ്രസ് മുന്നോട്ടു വന്നിട്ടില്ല. 1965-ലെ തിരഞ്ഞെടുപ്പിനുശേഷം, ജയിലിൽ കിടക്കുന്ന ഡെററിന്യൂസുകളെ കോടതിയിൽ വിചാരണ നടത്തുന്നതിനുവേണ്ടി മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടി ഒരു പ്രമേയം കൊണ്ടുവരുമെന്നും ആ പ്രമേയത്തിന് നിഷ്പക്ഷത പാലിച്ചാൽ കേരളാകാൺഗ്രസും മുസ്ലീംലിഗുമായി ചേർന്നുണ്ടാക്കുന്ന മന്ത്രിസഭക്ക് നിരുപാധിക പിൻതുണ തരാമെന്നും ആ കസേരയിലിരിക്കുന്ന നമ്പൂതിരിപ്പാട് പറഞ്ഞതാണ്. പക്ഷേ കേരളാ കാൺഗ്രസ് അതേപ്പററി സംസാരിക്കാൻപോലും തയ്യാറായില്ല. 1967-ലെ തിരഞ്ഞെടുപ്പിൽ 30 സീററും ഏതാനും മന്ത്രിസ്ഥാനങ്ങളും കേരളാകാൺഗ്രസിന് ഓഫർ ചെയ്തിരുന്നതാണ്. എന്നിട്ടും കേരളാ കാൺഗ്രസ് മുന്നോട്ടു വന്നില്ല, മന്ത്രിസ്ഥാനത്തിനുവേണ്ടി മുന്നോട്ടു വന്നില്ല. ഇതു കാണുമ്പോൾ, എനിക്കറിയാം, മുന്തിരി പഴുത്തു കിടക്കുമ്പോൾ ചില ആളുകൾക്ക് വായിൽ വെള്ളം വരും, കുറുക്കൻ മുന്തിരിപ്പഴത്തിനുവേണ്ടി ചാടിയിട്ട് എത്താത്തതുകൊണ്ട് അതിന്റെ പുളിരസത്തെ കുററപ്പെടുത്തി. ആ നിലയിലാണ് ഈ രാഷ്ട്രീയ ജൻബുകനായ ഈ. എം. എസ്. കേരളാ കാൺഗ്രസിനെ കിട്ടാതെ വന്നപ്പോൾ പിൻതിരിപ്പനാണെന്നു പറയാൻ തുടങ്ങിയത്. നമ്പൂതിരിപ്പാട് ഞങ്ങളെ പിൻതിരിപ്പനാണെന്നു പറയുന്നതാണ് ഞങ്ങൾക്കുള്ള ഏററവും വലിയ കാംപ്ലിമെന്റ് എന്നു ഞാൻ പറയുകയാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിക്ക് തലവേദനയുണ്ടാക്കുന്ന ഒരു പാർട്ടിയാണ് കേരളാ കാൺഗ്രസെന്നുള്ളതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. 1967-ലെ തിരഞ്ഞെടുപ്പു കഴിഞ്ഞ് നമ്പൂതിരിപ്പാട് പല തവണ പ്രസ്താവിച്ചു, കണ്ണിലെ കൃഷ്ണമണിപോലെ ഐക്യമുന്നണിയെ കാത്തുസൂക്ഷിക്കുമെന്ന്. ഇന്ന് അത് എവിടെ പോയി? വൻപാർട്ടി മേധാവിത്വമാകുന്ന കാരിരുമ്പ് പഴുപ്പിച്ചുവച്ച് ഐക്യത്തെ കരിച്ചുകളഞ്ഞു. ഒരു ഉറച്ച ഗവൺമെന്റ് ഉണ്ടാക്കുമെന്ന് വോട്ടർമാരോട് വാഗ്ദാനം ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

അധികാരത്തിൽ വന്ന മുന്നണി ആരുടെ കുഴപ്പംകൊണ്ടാണ് തകരാൻ പോകുന്നത് ? അതിന്റെ മുഴുവൻ ഉത്തരവാദിത്വവും മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റുപാർട്ടിക്കാണ്, ഇ. എം. എസിനാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഐക്യമുന്നണി ഭാവന ചെയ്തതുതന്നെ ഈ. എം. എസിന്റെ രാഷ്ട്രീയ തട്ടിപ്പായിരുന്നെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ഐക്യമുന്നണി വിഭാവനം ചെയ്തത് മാർക്സിസ്റ്റ് മുന്നണിയായിരുന്നു. ഐക്യമുന്നണിയുടെ മിനിമം പരിപാടി വച്ചതു തന്നെ മാർക്സിസ്റ്റു പാർട്ടിയുടെ മിനിമം പരിപാടിയായിരുന്നു. ഐക്യമുന്നണിയുടെ സഹായത്തോടുകൂടി, ഘടക പാർട്ടികളുടെ സഹായത്തോടുകൂടി അധികാരത്തിൽ വന്നതിനുശേഷം, തങ്ങളുടെ കയ്യിൽ പിടിച്ച് അധികാരത്തിൽ കയററിയ ഘടകപാർട്ടികളെ ഓരോന്നിനേയും ഖഡ്ഗംകൊണ്ട് അരിഞ്ഞുവീഴ്ത്തി മാർക്സിസ്റ്റുപാർട്ടിയുടെ മേധാവിത്വം ഉറപ്പിക്കുകയാണ് ചെയ്തത്. അതാണ് ഇവിടെ 17-ാം തീയതി നടന്നത്. ബഹുമാനപ്പെട്ട പുതുപ്പള്ളി മെമ്പർ യൂദാസിനെപ്പററി പറഞ്ഞു. എം. എൻ. ഗോവിന്ദൻ നായരേയും, ശ്രീ. ടി. വി. തോമസിനെയും യൂദാസായി ചിത്രീകരിക്കാൻ ക്രിസ്തുവിന്റെ ഒടുവിലത്തെ അത്താഴത്തിന്റെ ചിത്രം വരച്ച മൈക്കൽ ആജ്ഞലോയുടെ കഥ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ഇതു കാണുമ്പോൾ എനിക്ക് പറയാനുള്ളത്, ചെകുത്താൻ വേദം ഓതുന്ന ഒരു പ്രസംഗമായിരുന്നു അതെന്നാണ്. നട്ടുച്ചക്ക് വേശ്യാവൃത്തി നടത്തിയശേഷം തററുടുത്ത് നാൽക്കവലയിൽ ചെന്നു നിന്ന് ചാരിത്ര്യം പ്രസംഗിക്കുന്ന വേശ്യയുടെ ധാർമ്മികരോഷമായിരുന്നു എനിക്ക് ആ പ്രസംഗത്തിൽ കാണാൻ കഴിഞ്ഞത്. ശ്രീ. ജോർജ്ജിന് ഈ ആവേശം എന്തു കൊണ്ടുണ്ടായി എന്നു ഞങ്ങൾക്കറിയാം. ശ്രീ. ജോർജ്ജ് ഇതേ സംബന്ധിച്ചിടത്തോളം ഒരു ഉപമ പറഞ്ഞപ്പോൾ ബൈബിളിൽ നിന്നുള്ള മറെറാരു ഉപമ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേവാലയത്തിൽ ഒരു പരീശനും ചുങ്കക്കാരനുംകൂടി പ്രാർത്ഥിക്കാൻ പോയി. ചുങ്കക്കാരൻ പാപിയും കൈക്കൂലിക്കാരനുമാണ്. പരീശൻ എന്നു പറയുന്നത് ഉന്നതകുലജാതനും പുരോഹിതവർഗ്ഗത്തിൽപ്പെട്ടവനുമാണ്. ചുങ്കക്കാരൻ തന്റെ പാപഭാരം പള്ളിയുടെ പുറത്തുനിന്നു പ്രാർത്ഥിക്കുകയാണ്. താൻ ചെയ്ത പാപങ്ങളെല്ലാം ക്ഷമിക്കേണമേ എന്നു പ്രാർത്ഥിച്ചപ്പോൾ പരീശൻ, പള്ളിക്കകത്ത് ആൾത്താരയുടെ അടുത്തു ചെന്നു നിന്ന് താൻ പാപിയല്ല, കള്ളനല്ല, വ്യഭിചാരിയല്ല, കുടിയനല്ല പുറത്തു നിൽക്കുന്ന ചുങ്കക്കാരൻ പാപിയാണ് എന്നു പ്രാർത്ഥിക്കുകയാണ് ചെയ്തത്. അതുപോലെ ഈ. എം. എസ്സാകുന്ന പരീശന്റെ പ്രാർത്ഥനയാകുന്ന പ്രസംഗത്തിന് ഇത്രമാത്രമേ വിലയുള്ളു. നിങ്ങളിൽ നിന്നു വിട്ടുപോയ ഘടകപാർട്ടികൾ ഇന്നു അക്കാര്യത്തിൽ പശ്ചാത്തപിക്കുന്നുണ്ട്. ഐക്യമുന്നണിയിൽ നിന്നു വിട്ടുപോയതു തന്നെ ഒരു പശ്ചാത്താപമാണ്. ഘടകകക്ഷികളുടെ സഹായത്തോടെ അധികാരത്തിൽ കയറിയശേഷം അവരെ കെണിയിൽ പെടുത്തുകയും, തട്ടിപ്പ് നടത്തുകയുമാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ചെയ്യുന്നത്. ഇങ്ങനെ കുററം ചെയ്യുന്ന ആളുകളെ കഴുത്തിൽ കല്ലുകെട്ടി കടലിൽ താഴ്ത്തുന്ന കാര്യത്തെപ്പററി ബൈബിളിൽ പറയുന്നുണ്ട്. അത്തരത്തിൽ കഴുത്തിൽ കല്ലുകെട്ടി കടലിൽ താഴ്ത്തേണ്ട ഏററവും വലിയ കള്ളനാണ് ആ കസേരയിൽ ഇരിക്കുന്നത്.

ശ്രീ. ടി. കെ. കൃഷ്ണൻ: 'കള്ളൻ' എന്നു പറഞ്ഞത് പിൻവലിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഏ. വി. ആര്യൻ: മാണിയെപ്പോലുള്ള തെണ്ടികരം അവിടെ ഇരുന്ന് എന്തും വിളിച്ചുപറയുന്നത് ശരിയാണോ? ഈ തെമ്മാടിത്തരം അനുവദിക്കാൻ പാടില്ല.

ശ്രീ. കെ. എം. ജോർജ്ജ്: മററുള്ളവരെ യൂദാസ് എന്നു പറഞ്ഞതു പോലെ കള്ളൻ എന്നു പറഞ്ഞേയുള്ളു. അതിൽ യാതൊരു തെററുമില്ല.

മി. സ്പീക്കർ: കള്ളൻ എന്നു പറഞ്ഞത് പിൻവലിക്കണം.

ശ്രീ. കെ. എം. മാണി: 'കള്ളൻ' ആണെന്നു പറഞ്ഞത് ആർക്കെങ്കിലും വേദനയുണ്ടാക്കുന്നെങ്കിൽ ഞാൻ ആ വാക്ക് പിൻവലിക്കുകയാണ്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: എങ്കിൽ പിൻവലിക്കുന്നു എന്നു പറഞ്ഞാൽപോരാ. നിരുപാധികം അത് പിൻവലിക്കണം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മിസ്ററർ മാണി പ്രകോപനമുണ്ടാക്കാൻ വേണ്ടിയാണ് മനഃപൂർവ്വം ഇത്തരം പദപ്രയോഗങ്ങരം നടത്തുന്നത്. കഴിയുന്നത്ര ഇത്തരം വാക്കുകരം ഉപയോഗിക്കാതെ സംസാരിക്കാൻ അദ്ദേഹത്തെ ഉപദേശിക്കുന്നതു കൊള്ളാം. അല്ലെങ്കിൽ പ്രസംഗം അവസാനിക്കുന്നതിനു മുൻപായി ഞങ്ങരംക്ക് പലതും പറയേണ്ടിവരും.

ശ്രീ. കെ. എം. മാണി: ഞാൻ അത് വിത്ഡ്രാ ചെയ്യുന്നു. ഏററവുംവലിയ അഴിമതിക്കാരായ, കൊള്ളക്കാരായ കായംകുളം കൊച്ചുണ്ണിയും, ഇത്തിക്കരപ്പക്കിയും, മുളമൂട്ടടിമയും ഇന്നു ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അവർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ അടുക്കൽവന്ന് വെററിലയും പാക്കുംവച്ച് ഗുരുദക്ഷിണ നൽകുമായിരുന്നു എന്നു ഞാൻ പറയുകയാണ്. ഈ മുപ്പതു മാസത്തെ ഭരണം നോക്കുമ്പോരം ദുഷ്ഭരണമല്ലാതെ മറെറാന്നും കാണാനില്ല. അഴിമതിക്കാരനായ വെല്ലിംഗ്ടനെ വച്ചുപൊറുപ്പിക്കുന്നതിനുവേണ്ടി നടത്തിയ നഗ്നമായ, ഹീനമായ സമീപനം ഞങ്ങരം കണ്ടതാണ്. വെല്ലിംഗ്ടന്റെ പേരിൽ ധാരാളം ആരോപണങ്ങളുണ്ട്. നിയമസഭാ കമ്മിററി വെല്ലിംഗ്ടന്റെ പേരിലുള്ള അഴിമതി ആരോപണങ്ങളിൽ 12 ചാർജുകരം തിരഞ്ഞെടുത്ത് അന്വേഷണത്തിനുവേണ്ടി കഴിഞ്ഞ 17-ാം തീയതി 6 മണിക്ക് മുഖ്യമന്ത്രിയുടെ ആഫീസിൽ എത്തിച്ചിട്ടുള്ളതാണ്. എന്നിട്ട് 18-ാം തീയതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കയാണ്. ഒരു പകലും രാത്രിയും കൊണ്ട് മുഖ്യമന്ത്രിക്ക് ആ ചാർജുകരം വായിച്ചു നോക്കാൻ സമയം കിട്ടിയില്ലേ? അതേക്കുറിച്ച് ഇവിടെ മുഖ്യമന്ത്രി പറഞ്ഞത് എന്താണ്? അവയൊന്നും വായിച്ചുനോക്കാൻ സമയം കിട്ടിയില്ലെന്ന്. 10-3-1969-ലും, 24-3-1969-ലും, 18-8-1969-ലും ഈ നിയമസഭയിൽ നിരവധി ആരോപണങ്ങരം വെല്ലിംഗ്ടന്റെ പേരിൽ ഫോട്ടോസ്ററാററ് കോപ്പി സഹിതം വ്യക്തമായ തെളിവുകളോടുകൂടി, സംസാരിക്കുന്ന കണക്കുകരംവച്ച് ഞാൻ ഇവിടെ ഉന്നയിച്ചിട്ടുള്ളതാണ്. അത് അന്വേഷിക്കാത്തത് എന്താണ്? അത് അന്വേഷിക്കാൻ തയ്യാറുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ഈ രാജ്യത്തെ അഴിമതിയെ ജനാധിപത്യവൽക്കരിച്ച ഏററവും വലിയ നീചനായ മന്ത്രിയാണ് വെല്ലിംഗ്ടൺ. കൈക്കൂലിയുടെ റേററ് അഞ്ചുരൂപാവരെതാണു.

ശ്രീ. ആർ. എസ്. ഉണ്ണി: ബഹുമാനപ്പെട്ട ആരോഗ്യമന്ത്രിയായിരുന്ന വെല്ലിംഗ്ടൺ പറഞ്ഞതുപോലെ 'ശവത്തിൽ കുത്തുന്നത്' എന്തിനാണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: ഞാൻ നിറുത്തുകയാണ്. വെല്ലിംഗ്ടൺ നടത്തിയ മരുന്നുകച്ചവടത്തെപ്പററിയുള്ള ആരോപണം ഇവിടെ ഉന്നയിച്ചു. എനിക്കറിയാം, വെല്ലിംഗ്ടൺ നടത്തിയിട്ടുള്ള അഴിമതികളിൽ പങ്ക് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിക്കുകൂടി ഉള്ളതുകൊണ്ടാണ് ശ്രീമാൻ വെല്ലിംഗ്ടൻെറ പേരിൽ അന്വേഷണം നടത്താൻ മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടി വിമുഖത കാണിച്ചതെന്ന്. അതുകൊണ്ടാണ് വെല്ലിംഗ്ടൻെറ പേരിലുള്ള അന്വേഷണത്തിൻെറ ടേംസ് ആഫ് റഫറൻസ് പരിമിതപ്പെടുത്തിയത് മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ പങ്കാളിത്തം പുറത്തുവരുമെന്നു ഭയന്നല്ലേ അങ്ങനെ ചെയ്തത്?

ഇത്രയേറെ പ്രധാനപ്പെട്ട ആരോപണങ്ങൾ വിട്ടുകളഞ്ഞ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെപ്പററി പറയുമ്പോൾ ആരാണ് ഇ. എം. എസ്.? ആ കസേരയിലിരിക്കുന്ന ആൾ സി. സി. കുഞ്ഞനെപ്പോലെ അഴിമതിക്കാരെ കുടിശിക ശമ്പളം കൊടുത്തുകൊണ്ട് തിരിയെ ജോലിയിൽ പ്രവേശിപ്പിച്ച 'ഇ. എം. എസാണ്'. അഴിമതിക്കാരനായ കൊട്ടാരക്കര രവീന്ദ്രനെ തിരിയെ ജോലിയിൽ പ്രവേശിപ്പിച്ച ഇ. എം. എസാണ്. ഇൻഡോ പോൾ കമ്പനിക്ക് നാലര ലക്ഷം രൂപാ എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ട് നൽകിയ ആളാണ്. സ്വന്തം അളിയനായ ഡാക്ടർ ഭട്ടതിരിപ്പാടിന് അനർഹമായ പ്രമോഷൻ നൽകിയ ആളാണ് ഇ. എം. എസ്. അങ്ങനെ എല്ലാവിധ അഴിമതികളും കൊള്ളരുതായ്മകളും നിങ്ങൾ മാർക്സിസ്ററ് കമ്മ്യൂണിസ്ററുപാർട്ടിക്കുവേണ്ടി നടത്തിയിട്ടില്ലേ? നിങ്ങളുടെ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടല്ലാതെ ഇത്രയേറെ അഴിമതികളും കൊള്ളരുതായ്മകളും കാണിച്ചിട്ടുള്ള ഒരു മുഖ്യമന്ത്രി ആ കസേരയിലിരുന്നിട്ടില്ലെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. ആരാണ് അപ്പുറത്തിരിക്കുന്ന ഈ ഗൗരി?

ശ്രീ. സി. കെ. ബാലകൃഷ്ണൻ: മെമ്പർ കുറെക്കൂടെ മര്യാദയായ വാക്ക് ഉപയോഗിക്കണം.

മി. സ്പീക്കർ: അത് ഞാൻ പറഞ്ഞുകൊള്ളാം.

ശ്രീ. കെ. എം. മാണി: ശ്രീമതി ഗൗരിയെ സംബന്ധിച്ചു പറയുമ്പോൾ ഞാൻ പറയുന്ന വാക്കുകൾ അൺ പാർലമെൻററിയല്ല. കുത്തക രാജാക്കൻമാരുടേയും, മുതലാളിമാരുടേയും, കള്ളുഷോപ്പ് കൺട്രാക്ടറൻമാരുടേയും തടവുകാരിയായി കഴിയുകയാണിവർ. ശ്രീമാൻ കൃഷ്ണനെ സംബന്ധിച്ചു ആരോപണങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. വനം കൊള്ള നടത്തിയതായ ആരോപണം വന്നിട്ടുണ്ട്. ഇമ്പിച്ചിബാവയെപ്പററി ആരോപണം വന്നിട്ടുണ്ട്. ട്രാൻസ്പോർട്ടു കാർപ്പറേഷനിൽ നടന്ന ആരോപണങ്ങളെ സംബന്ധിച്ച് ഈ നിയമസഭയിൽ വന്നിട്ടുള്ളതാണ്. സർ, ഒരു കാര്യം മാത്രം ഞാൻ പറയാം. അദ്ദേഹം സമയത്തിനു വന്നെത്തിയത് നന്നായി. കേരളാ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ഒരു ട്രാൻസ്പോർട്ട് റവ്യൂ പ്രസിദ്ധീകരിക്കുന്നുണ്ട്. അതിൻെറ അച്ചടി സംബന്ധിച്ച് 24-4-1969-ൽ ഒരു ഉത്തരവു പുറപ്പെടുവിക്കുകയുണ്ടായി. പ്രിൻറിംഗിനുള്ള ടെൻടർ വിളിച്ചു. അഞ്ജനാ പ്രിൻേറഴ്സ്, ബാലൻ പബ്ലിക്കേഷൻസ്, പൂമ്പാററ, ദേശാഭിമാനി, ജനയുഗം എന്നിവർ ടെൻററിൽ പങ്കെടുത്തു. ആർക്കാണ് സർ, ടെൻറർ ഉറപ്പിച്ചു കൊടുക്കുവാൻ ഉത്തരവിട്ടത്. ഏററവും കുറഞ്ഞ കൊട്ടേഷൻ തള്ളിക്കളയുകയും അതിലും കൂടുതലായ ദേശാഭിമാനി പ്രസ്സിനു ടെൻറർ ഉറപ്പിച്ചുകൊടുക്കുകയുമാണ് ചെയ്തത്. ശ്രീ. ഇമ്പിച്ചബാവ ഇതിനെല്ലാം ഉത്തരം പറയണം. റൂം 262

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

പ്രകാരം എഴുതിക്കൊടുത്തുകൊണ്ടു ചില ആരോപണങ്ങരം ഉന്നയിക്കുകയാണ്. ട്രാൻസ്പോർട്ട് നിയമനത്തിൽ കളങ്കമുണ്ട്, കൈക്കൂലി വാങ്ങിയിട്ടുണ്ടെന്നു ഈ നിയമസഭ പലതവണ പറഞ്ഞിട്ടുള്ളതാണ്. ട്രാൻസ്പോർട്ടിലെ നിയമനങ്ങരം മാർക്സിസ്ററു പാർട്ടിക്കു സംവരണം ചെയ്തു കൊടുത്തിട്ടുണ്ട്. കണ്ടക്ടറൻമാരായും, ഡ്രൈവർമാരായും, ക്ലാർക്കൻമാരായും നിയമിക്കുന്നതിനു രണ്ടായിരവും മൂവായിരവും അയ്യായിരവും രൂപ മാർക്സിസ്ററുപാർട്ടിയിലെ ഉത്തരവാദപ്പെട്ട നേതാക്കൻമാർ വാങ്ങിയെന്നുള്ള ആരോപണം ഞാൻ ഉന്നയിക്കുകയാണ്. ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാനും, മാർക്സിസ്ററുകാരനുമായ ശ്രീ. എം. എം. ചെറിയാൻ മാർക്സിസ്ററു പാർട്ടിയുടെ കളക്ഷൻ ഏജൻറായി നടന്നു പിരിവു നടത്തുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ: ഈ സഭയിൽ ഹാജരില്ലാത്ത ആളുകളെ സംബന്ധിച്ചു ഇത്തരത്തിലുള്ള ദുരാരോപണം ചെയ്യുന്നത് ശരിയാണോ?

ശ്രീ. കെ. എം. മാണി: സർ, അതിൻെറ ഫോട്ടോ സ്ററാററു കോപ്പി എൻെറ കൈവശമുണ്ട്. അതുവച്ച് ഞാൻ ആരോപണം ഉന്നയിക്കുകയാണ്. ശ്രീ. എം. എം. ചെറിയാൻ മാർക്സിസ്ററു പാർട്ടിയുടെ കളക്ഷൻ ഏജൻറായി പണം പിരിക്കുകയാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷനിലെ ഡ്രൈവർമാരായും, കണ്ടക്ടറൻമാരായും, ക്ലാർക്കൻമാരായും സെലക്ഷൻ കിട്ടുന്നതിനു രണ്ടായിരവും മൂവായിരവും രൂപ ഈ ചെയർമാൻ ഓരോരുത്തരിൽ നിന്നും പിരിച്ചെടുക്കുകയാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ: ഒഫീഷ്യൽ കപ്പാസിററിയിലുള്ള പരാമർശങ്ങരം ഈ സഭയിലില്ലാത്ത ഒരാളെപ്പററി ചെയ്തുകൂടാ, എന്നതാണ് ചട്ടം. ശ്രീ. എം. എം. ചെറിയാൻ ട്രാൻസ്പോർട്ടു കോർപ്പറേഷൻെറ ചെയർമാനാണ്. അദ്ദേഹം ഇങ്ങനെ തെരുവിലിറങ്ങി പിരിക്കുന്നതു ഒഫീഷ്യൽ കപ്പാസിററിയിലുള്ള പിരിവു നടത്തുകയാണോ? അല്ലെങ്കിൽ അത് ഈ സഭയിൽ പരാമർശിക്കുവാൻ പാടുള്ളതാണോ?

മി. സ്പീക്കർ: ഉദ്യോഗം കൊടുക്കുന്നതിനു രൂപ വാങ്ങിക്കുന്നു എന്നാണ് പറയുന്നത്.

ശ്രീ. കെ. എം. മാണി: ഒഫീഷ്യൽ കപ്പാസിററിയിലുള്ള പിരിവു തന്നെയാണ് നടത്തിയിട്ടുള്ളത്. മാടന്നൂർ പഞ്ചായത്തിൽപ്പെട്ട എരുത്താണി എന്ന സ്ഥലത്തെ ഒരു വി. മോഹനകുമാറിൻെറ ബന്ധത്തിൽപ്പെട്ട അപ്പുക്കുട്ടൻ നായരിൽനിന്നും 2000 രൂപ കൈക്കൂലി ശ്രീ. എം. എം. ചെറിയാൻ വാങ്ങിയിരുന്നു. ഇതിനെ ശ്രീ. ഇ. എം. എസോ., മാർക്സിസ്ററു പാർട്ടിയുടെ മണ്ഡലം കമ്മററിയോ പ്രതിഷേധിച്ചിട്ടില്ല. എന്നാൽ മാർക്സിസ്ററു പാർട്ടിയിലെ താഴെകിടയിലുള്ള പ്രവർത്തകർ എതിർത്തിരുന്നു. കമ്മ്യൂണിസ്ററു പാർട്ടി (മാർക്സിസ്ററ്) യുടെ വിളപ്പിൽ മണ്ഡലം സ്റേററുകമ്മററിക്കു ഒരു കത്തെഴുതിയത് ഞാൻ വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി,
കമ്മ്യൂണിസ്ററു പാർട്ടി (മാർക്സിസ്ററ്)
സ്റേററു കമ്മിററി,
തിരുവനന്തപുരം.

സഖാവേ, വിളപ്പിൽ മണ്ഡലം കമ്മിററി മെമ്പറായ സ: വി. ഗോവിന്ദൻ മണ്ഡലം കമ്മററിക്കു തന്ന കത്തിന്റെ ശരിപ്പകർപ്പാണ് ചുവടെ ചേർക്കുന്നത്. 18–2–1969-ൽ കൂടിയ മണ്ഡലം കമ്മിററിയോഗം ഈ കത്ത് ജില്ലാ സ്റേററ് കമ്മിററികൾക്കു അയക്കാൻ തീരുമാനിച്ചു.

(ഒപ്പ്.)

മണ്ഡലം സെക്രട്ടറി.

20–2–1969-ൽ അയച്ച കത്തിന്റെ പകർപ്പ് താഴെ പറയുന്നതുപോലെയാണ്.

സഖാക്കളെ, കഴിഞ്ഞ ട്രാൻസ്പോർട്ടു കണ്ടക്ടർ സെലക്ഷനു വേണ്ടി മാറനല്ലൂർ പഞ്ചായത്തിൽ എരിത്താവൂർ വാർഡിലുള്ള എണാഴിയോട് പരമേശ്വരവിലാസം ബംഗ്ലാവിൽ പി. മോഹനകുമാരൻ നായർക്ക് നെയ്യാററിൻകര സെൻററിൽ എഴുത്തുപരീക്ഷ നടത്തി. രണ്ടാമത് ഇൻറർവ്യൂവിന് തിരുവനന്തപുരം ജില്ലയിൽ വീണ്ടും വിളിക്കാത്തതുകൊണ്ട് മേൽപ്പറഞ്ഞ മോഹനകുമാരൻ നായരുടെ സഹോദരിയുടെ ഭർത്താവും, നെയ്യാർഡാമിൽ സ്റേറാർകീപ്പറായിരുന്ന് അഴിമതി നടത്തിയ കേസിൽ കുടുങ്ങിയിരിക്കുന്ന ആളുമായ അപ്പുക്കുട്ടൻ നായർ 2,000 രൂപ ട്രാൻസ്പോർട്ടു കോർപ്പറേഷൻ ചെയർമാൻ ചെറിയാനു കൊടുത്തതിന്റെ ഫലമായി എറണാകുളത്തുവച്ച് ഇൻറർവ്യൂ നടത്തിയതായി അയാളുടെ വീട്ടുകാരിൽനിന്ന് മനസ്സിലാക്കി. ആയതുകൊണ്ട് ചെറിയാന്റെ ഈ വിധമുള്ള പ്രവർത്തനങ്ങളെപ്പററി ഉടനടി സ്റേററ് കമ്മിററി അന്വേഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഒപ്പ്.)

മണ്ഡലം കമ്മിററി മെമ്പർ.

20–2–1969-ൽ ശ്രമിച്ചതിന്റെ കഥയാണ്. അതുപോലെ ട്രാൻസ്പോർട്ടു ജനറൽ മാനേജർ വീട്ടിൽവച്ച് നടത്തിയ ഇൻറർവ്യൂവിനെ പററിയും സംശയാസ്പദമായ പല പരാതികളും ഉണ്ട്. ഇവയെപ്പററി അന്വേഷണം നടത്താൻ ശ്രീ. ഇമ്പിച്ചിബാവ തയ്യാറാണോ? അങ്ങ് അല്ലെങ്കിൽ ബഹുമാനപ്പെട്ട നമ്പൂതിരിപ്പാട് ഇതെല്ലാം അന്വേഷിക്കണമെന്നു പറയുകയാണ്. ഈ കള്ളക്കളി അവസാനിപ്പിക്കണം. നിങ്ങൾക്കെതിരായി ഈ രാജ്യത്തെ ജനങ്ങൾ അണിനിരന്നിരിക്കുകയാണ്. ഇതു കേരളാ കാൺഗ്രസ്സിന്റെ പിന്തിരിപ്പൻ ആഗ്രഹം മാത്രമല്ല. ഈ നാട്ടിലെ ഇടത്തരക്കാരുടേയും ഭൂസ്വാമികളുടേയും കള്ളുഷോപ്പു കൺട്രാക്ടറൻമാരുടേയും എല്ലാം ആഗ്രഹമാണ്. ട്രാൻസ്പോർട്ടു കോർപ്പറേഷൻ കണാരന്റെ മകൾ ശ്യാമളകുമാരിക്കും എ. കെ. ഗോപാലന്റെ സഹോദരിപുത്രി വസന്തകുമാരിക്കും ഉദ്യോഗം നൽകുകയുണ്ടായി എന്നു ശ്രീ. ഇമ്പിച്ചിബാവ സമ്മതിക്കുകയുണ്ടായി. ഇൻറർവ്യൂവോ അപേക്ഷയോ ക്ഷണിക്കാതെ നിയമിക്കുകയുണ്ടായി എന്നു ബഹുമാനപ്പെട്ട മന്ത്രി സമ്മതിക്കുകയുണ്ടായി. തെററാണെങ്കിൽ പരിശോധിക്കാമെന്നു പറഞ്ഞു. അതേപ്പററി ഒരു പുനപ്പരിശോധന നടത്തിയിട്ടുണ്ടോ? ശ്രീ. ഇ. എം. എസ്. പരീശനായി അഹങ്കരിക്കുകയാണ്. അദ്ദേഹം അഹങ്കരിക്കട്ടെ; ശ്രീ. ഇ. എം. എസും ശ്രീമതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എം. മാണി]

ഗൗരിയും, ശ്രീ. കൃഷ്ണനും, ശ്രീ. മത്തായിയും എല്ലാം ഈ രാജ്യത്തിനു ഒരു ശാപമാണ്. നിങ്ങൾ അവിടെ ഇരിക്കുവാൻ ലജ്ജിക്കേണ്ടവരാണ്. നിങ്ങൾ ആ കസേരയിൽ ഇരിക്കുന്നത് ഈ രാജ്യത്തോടുള്ള വഞ്ചനയാണ്. നിങ്ങൾ മാനമായി ഇറങ്ങി പോകൂ. ഇല്ലെങ്കിൽ നിങ്ങളെ ഇറക്കിവിടും. ഈ മാർക്സിസ്ററു പാർട്ടി ദുർഭരണം അവസാനിപ്പിക്കുവാൻ ഈ രാജ്യത്തെ ജനങ്ങൾ കാത്തിരിക്കുകയാണ്. നിങ്ങൾ ഇറങ്ങിപോകുവാൻ തയ്യാറായിക്കൊള്ളുക. ഇല്ലെങ്കിൽ നിങ്ങളെ ഈ രാജ്യത്തെ ജനങ്ങൾ ഇറക്കിവിടും.

ശ്രീ. ഇ. അഹമ്മദ്: സർ, ഈ ചർച്ചയിൽ പങ്കെടുത്തു സംസാരിക്കുമ്പോൾ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചെയ്ത പ്രസ്താവനയാണ് എന്റെ സ്മരണയിൽ വരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ ഇവിടെ ചെയ്ത പ്രസംഗം നിശിതമായി കേട്ടിരുന്ന ആർക്കും അദ്ദേഹത്തിനു മനസ്സാക്ഷിക്കുത്ത് അനുഭവപ്പെട്ടതു കാണാൻ കഴിയും. അത് തികച്ചും സ്വാഭാവികമാണ്. സ്വന്തം കൈകൊണ്ട് ജൻമം കൊടുത്ത ശിശുവിനെ ബലിയാക്കുവാൻ അദ്ദേഹത്തോട് അദ്ദേഹത്തിന്റെ പാർട്ടി ആവശ്യപ്പെട്ടു. സഖാവ് എ. കെ. ഗോപാലനും ശ്രീ. സുന്ദരയ്യയും നടത്തിയ പരസ്യ പ്രസ്താവനയ്ക്ക് ഒരു മിനുസപ്പണി നടത്തി അദ്ദേഹം ഈ സഭയിൽ വായിക്കുകയാണ് ചെയ്തത്. അതുകൊണ്ടുതന്നെയാണ് ഈ ഐക്യമുന്നണിയാകുന്ന വാസവദത്തയെ വെട്ടിവീഴ്ത്തിയത്. ഐക്യമുന്നണിയിലെ ഐക്യത്തെ നശിപ്പിച്ചതിന്റെ ഉത്തരവാദിത്വം മാർക്സിസ്ററു പാർട്ടിക്കാണെന്നുള്ള വാദത്തെ നിഷേധിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല എന്നുമാത്രമല്ല, ഇതുമൂലമാണെന്ന് അദ്ദേഹത്തിനു കാണാനും കഴിഞ്ഞിട്ടില്ല. നമ്മുടെ നാട്ടിൽ നേടിയെടുക്കുവാൻ കഴിഞ്ഞ ഈ മുന്നണി, സ്വന്തം കൈകൊണ്ടു ജൻമം കൊടുത്ത ഈ മുന്നണിയെ ബലിയാടാക്കുന്ന പ്രസ്താവന ശ്രീ. ഇ. എം. എസ്. ചെയ്യേണ്ടതല്ലായിരുന്നു. അദ്ദേഹത്തിന് ഒരു കാര്യത്തിൽ അഭിമാനം കൊള്ളാം. സ്വന്തം ഭരണകക്ഷിയിലുള്ള ശ്രീ. എം. എന്നേയും ശ്രീ. ടി. വിയേയും കരിതേച്ചു നശിപ്പിച്ചുവെന്നഭിമാനിക്കാം. സ്വന്തം മന്ത്രിമാരെ വെള്ള പൂശിയെന്നു ഊററം കൊണ്ടു അഭിമാനിക്കാം. അദ്ദേഹത്തിന് വേദവാക്യം മാർക്സിസ്ററു പാർട്ടിമാത്രമാണ്. കേരളത്തിലെ ചരിത്രം തികച്ചും മറിച്ചുവിധിയെഴുതുകയാണ്. ശ്രീ. ടി. വി. തോമസ് അഴിമതിക്കാരനാണ്. ഇമ്പിച്ചിബാവ അഴിമതി ഇല്ലാത്ത ആളാണ്. മുഖ്യമന്ത്രിയെ വിശ്വസിക്കുന്നവരാണ് കേരളത്തിലെ ജനതയെന്നു അദ്ദേഹം വിചാരിക്കേണ്ടതില്ല. എന്റെ സ്നേഹിതൻ ശ്രീ. ടി. വി. തോമസ് കുരുക്ഷേത്രത്തിൽ വച്ച് കാണാമെന്നു പറഞ്ഞിട്ടുള്ളതിനെ അങ്ങ് അപഹസിച്ചുതള്ളി. എത്രയോ വലിയ അഹങ്കാരികളെ ഏത്തം ഇടുവിച്ച നാടാണ് കേരളം. കേരള ജനതയെ ആരും പുഛിച്ചുതള്ളേണ്ട. ശരിയും തെററും എന്താണെന്നു മനസ്സിലാക്കുവാൻ അവർക്കു കഴിയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയ്ത പ്രസ്താവന ഞാൻ സസൂക്ഷ്മം വായിച്ചുനോക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഞാൻ കുററപ്പെടുത്തുകയാണ്, ദുരുപദിഷ്ടമായ പ്രസ്താവനയായിപ്പോയി അതെന്ന്. രാഷ്ട്രീയ പകപോക്കലാണ് അത്. ആ പരസ്യമായ പ്രസ്താവന പൂർവ്വാപര വിരുദ്ധമാണെന്ന് ഞാൻ കുററപ്പെടുത്തുകയാണ്. കേരളത്തിലെ ജനങ്ങൾക്ക് ബഹുജന ശക്തിക്ക് അപഹാസ്യപരമായ ഒരു പ്രസ്താവനയായിപ്പോയി എന്നു ഞാൻ കുററപ്പെടുത്തുകയാണ്. ഞാൻ വായിക്കാം. "സുദീർഘ സമരങ്ങളിലൂടെ രൂപം പ്രാപിച്ച ഐക്യമുന്നണിയും ഈ ഗവൺമെൻറും നിലനിൽക്കുന്നതു അത്യാവശ്യമാണെന്നു ഉറച്ച വിശ്വാസമുള്ള ഒരുവനാണ് ഞാൻ. അതുകൊണ്ട് മുന്നണിയെ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷിക്കുന്നതിന് അതിന്റെ ഘടക കക്ഷികളുമായി അങ്ങേയററത്തെ വിട്ടുവീഴ്ച ചെയ്യാൻ ഞാൻ തയ്യാറായിരിക്കും.'' ആ മുഖ്യമന്ത്രിതന്നെ കുറെ കഴിഞ്ഞിട്ടു പറയുകയാണ്. ''......ഈ നാലു പാർട്ടികളിലുംപെട്ട എം. എൽ. എ. മാരെക്കാൾ കൂടുതൽ എം. എൽ. എ. മാർ മററു നാലു മുന്നണി ഘടക പാർട്ടികളിലും കൂടിയുണ്ട്. അതായത് മുന്നണി എം. എൽ. എ. മാരിൽ ന്യൂനപക്ഷംമാത്രം വരുന്ന നാലുപാർട്ടികളും പ്രതിപക്ഷ പാർട്ടികളും ചേർന്നാണ് മുന്നണിയിലെ മറെറാരു വിഭാഗത്തിനെതിരായി നിയമസഭയിൽ പ്രവർത്തിച്ചത്. ഇതിലടങ്ങിയ രാഷ്ട്രീയ പ്രശ്നത്തിന്റെ മുമ്പിൽ മുൻ സൂചിപ്പിച്ച നിയമനടപടി പ്രശ്നങ്ങൾ നിസ്സാരങ്ങളാണെന്ന് എനിക്ക് തോന്നുന്നു.'' ഇതാണോ സർ, വിട്ടുവീഴ്ച. മുന്നണിയിലെ മൂന്നു മന്ത്രിമാർ ശ്രീ. എം. എൻ., ശ്രീ. ടി. വി. തോമസ്, ശ്രീ. പി. ആർ. കുറുപ്പ് ഇവർ അഴിമതിക്കാരാണെന്നു പറയുക. വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാണെന്നും പറയുക. ഇതുപൂർവ്വാപരവിരുദ്ധമല്ലേ ? അതിലെ വേറൊരു ഭാഗം ഞാൻ വായിക്കാം. ''........ആ സ്ഥിതിക്കു ഈ നാലു മന്ത്രിമാരെ ബാധിക്കുന്നതുമായ ആരോപണങ്ങൾ കണ്ടില്ലെന്നു നടിച്ചു ബഹുമാനപ്പെട്ട വെല്ലിംഗ്ടന്റെ പേരിലുള്ള അന്വേഷണം മാത്രം വേർതിരിച്ചെടുക്കുന്നതു നീതിപൂർവ്വകമല്ലെന്നു എനിക്കു തോന്നി. അവയെല്ലാം ഞാൻ പരിശോധിച്ചുനോക്കി.'' നാലു പാർട്ടി നേതാക്കൻമാരെപ്പററിയുള്ള ആരോപണങ്ങൾ അന്ന് പരിശോധിച്ചുനോക്കി. ഈ നാലുമന്ത്രിമാരുടെ ആരോപണങ്ങൾ പരിശോധിച്ചപ്പോൾ സഹപ്രവർത്തകരായ ശ്രീമതി ഗൗരിയുടേയോ, ശ്രീ. ഇമ്പിച്ചിബാവയുടേയോ, ശ്രീ. കൃഷ്ണനെ സംബന്ധിച്ചോ ഉള്ള ആരോപണങ്ങളിൽ ഒരാളിന്റേയും കൂടി ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ ഞങ്ങൾക്കു സന്തോഷം തോന്നുമായിരുന്നു. മറെറാരു മന്ത്രിയുടെ ആരോപണങ്ങൾക്കു അടിസ്ഥാനമാക്കി തെളിവു നോക്കുന്ന മാനദണ്ഡം ഈ നാലു മന്ത്രിമാരിൽ വെല്ലിംഗ്ടൺ ഉൾപ്പെടെ ആരിലും നോക്കിയിട്ടില്ല. പ്രാഥമികമായ അന്വേഷണത്തിന് തയ്യാറാകാതെയാണ് അങ്ങ് ഈ ഉത്തരവു ഇട്ടിട്ടുള്ളത്. അങ്ങ് ഐക്യമുന്നണി നേതാവാണ്, കേരളത്തിലെ പ്രബുദ്ധരായ ജനതയുടെ നേതാവാണെന്നു അഭിമാനം കൊള്ളുന്നു. എനിക്കു ചോദിക്കാനുള്ളതു ഈ ഇരട്ടത്താപ്പുനയം ഒരു മുഖ്യമന്ത്രിക്കു ചേർന്നതാണോ എന്നാണ്. ഐക്യമുന്നണിയെ ഊട്ടിയെടുത്ത കൈകൊണ്ടു അതു നശിപ്പിക്കുക എന്നു പറഞ്ഞാൽ അതു ഈ രാജ്യത്തെ ജനങ്ങളോടു ചെയ്യുന്ന അനീതിയല്ലേ? അന്യായമല്ലേ? ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിനെപ്പോലുള്ള ഒരു നേതാവിന് ചേർന്നതല്ല. ഒരുവേള അങ്ങേയ്ക്കും അങ്ങയുടെ പാർട്ടിക്കും ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി ഓഫ് ഇൻഡ്യയോടു വിരോധമുണ്ടായിരിക്കാം. ഐ. എസ്. പിയോടോ മററു പാർട്ടികളോടോ ദേഷ്യം കാണാം. പക്ഷേ സ്വന്തം മകൻ മരിച്ചിട്ടു മരുമകളുടെ കണ്ണുനീർ കാണാമെന്നു വിചാരിച്ചതു തെററായിപ്പോയി. ഐക്യമുന്നണിയെ നശിപ്പിച്ചു അഴിമതി ആരോപണങ്ങളെ നേരിടാമെന്നു വിചാരിച്ചതു അങ്ങേയററം തെററായിപ്പോയി. എന്റെ മാന്യസ്നേഹിതൻ ശ്രീ. എ. വി. കുഞ്ഞാമ്പു ചോദിച്ചു മുസ്ലീംലീഗ് ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പാക്കുകയാണോ എന്ന്. ഇതു കണ്ണൂർജില്ല അല്ലാത്തതുകൊണ്ടു എനിക്കു അദ്ദേഹത്തിന്റെ ശൈലിയിൽ മറുപടി പറയുവാൻ സാധിക്കുകയില്ല. ശരിയാണ്. മുസ്ലീംലീഗ് ഐക്യമുന്നണിയിൽ ചേർന്നതു ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പിലാക്കുന്നതിനുവേണ്ടിയാണ്. അല്ലാതെ മാർക്സിസ്ററു പാർട്ടിയുടെ മാക്സിമം പരിപാടി നടപ്പാക്കുവാനല്ല. അതിന് മുസ്ലീംലീഗിനെ കിട്ടുകയില്ല. ഒരു കാര്യം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്. ആഗസ്ററുമാസം 22-ാം തീയതി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. അഹമ്മദ്]

ഈ നിയമസഭയിൽ എല്ലാ കക്ഷികളുടേയും പ്രതിനിധികളെക്കാൾ കൂടുതൽ ലീഗ് ഭൂപരിഷ്കരണ നിയമത്തിനു കലവറയില്ലാത്ത സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. എന്നുമാത്രമല്ല, അതു ഈ സമ്മേളനത്തിൽത്തന്നെ പാസ്സാക്കണമെന്നു ലീഗ് ആവശ്യപ്പെട്ടപ്പോൾ മാർക്സിസ്റ്റു പാർട്ടിയുടെ പോളിറ്റ് ബ്യൂറോ ഞങ്ങളെ സ്വാഗതം ചെയ്തത് ഈ നിയമം തകർക്കുന്നതിനുള്ള ഗൂഢാലോചനയിലും കൂട്ടുകെട്ടിലും ഏർപ്പെട്ടിട്ടുള്ള പിന്തിരിപ്പൻമാരാണെന്നുള്ള പ്രമേയം വഴിയാണ്.

എന്റെ സ്നേഹിതൻ ശ്രീ. ജോർജ്ജ് ഔദാര്യത്തിന്റെ കഥയെല്ലാം ഇന്നലെ പറയുകയുണ്ടായി. ഔദാര്യത്തിന്റെ കഥ ശ്രീ. ജോർജ്ജിനെപ്പോലെയുള്ളവർ അനേകം പറയുന്നുണ്ട്. അദ്ദേഹം ചോദിച്ചു ഞങ്ങളുടെ സഹായം ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ പലരും ഇവിടെ വരുമായിരുന്നുവോയെന്ന് ? ഞാൻ അദ്ദേഹത്തോടു തിരിച്ചു ചോദിക്കുന്നു, ഞങ്ങളുടെ സഹായം ഇല്ലായിരുന്നുവെങ്കിൽ നിങ്ങളിൽ പലരും ഇവിടെ വരുമായിരുന്നുവോയെന്ന്. ഇപ്പോൾ ആരും ഔദാര്യത്തിന്റെ കഥ പറയേണ്ടാ, യാഥാർത്ഥ്യത്തിന്റെ കഥ പറഞ്ഞാൽ മതി. മദ്ധ്യസ്ഥവേഷം ധരിച്ച് ഇഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയെ സഹായിക്കുകയാണ് മുസ്ലീംലീഗ് എന്നദ്ദേഹം പറയുകയുണ്ടായി, ഈ അപരാധനത്തിനെക്കാൾ വലിയ ഒരു അപരാധം ചെയ്യാനില്ല. ഒന്ന് പറയുകയും മറ്റൊന്ന് പ്രവർത്തിക്കുകയും, വേറൊന്ന് പ്രസംഗിക്കുകയും ചെയ്യുന്നവരല്ല ഞങ്ങൾ. ഞങ്ങൾ പറയുന്നത് മാത്രമേ പ്രവർത്തിക്കുകയുള്ളു. പ്രവർത്തിക്കുന്നത് മാത്രമേ പ്രസംഗിക്കുകയുള്ളു. ഞങ്ങൾ മദ്ധ്യസ്ഥൻമാരെന്നു പറഞ്ഞാൽ നീതിനിഷ്ഠയുള്ള സത്യസന്ധൻമാരായ മദ്ധ്യസ്ഥൻമാരായിരിക്കും. അല്ലാതെ മാർക്സിസ്റ്റുപാർട്ടിയെ സഹായിക്കുന്നവരല്ല ഞങ്ങൾ. ന്യായം ന്യായപൂർവ്വമായും, നീതി നീതിപൂർവ്വകമായും കാണണം. കാര്യങ്ങൾ നേരേവാ നേരേപോ എന്നുള്ള രീതിയിലല്ലാതെ വളഞ്ഞ മാർഗ്ഗത്തിൽക്കൂടിയും കുൽസിത മാർഗ്ഗത്തിൽക്കൂടിയും കുതന്ത്രങ്ങളിൽ കൂടിയും പ്രവർത്തിക്കുന്നവരല്ല, പ്രവർത്തിച്ചിട്ടുള്ളവരല്ല മുസ്ലീംലീഗ്. സ്ഥാനങ്ങൾ തന്നാൽ മുസ്ലീംലീഗിനെ കിട്ടുകയില്ല. അങ്ങിനെ സ്ഥാനങ്ങൾ കൊടുത്താൽ ഒരു പക്ഷെ മത്തായിമാഞ്ഞൂരാനെ കിട്ടിയേക്കാം, വെല്ലിംഗ്ടനെ കിട്ടിയേക്കാം, മുസ്ലീം ലീഗുകാരെ കിട്ടുകയില്ലെന്ന് വിനയപുർവ്വം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

സർ, മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കുവാനുള്ളത്, സഖാവ് കുഞ്ഞമ്പുവിനെപ്പോലെയുള്ളവർ ഒരു കാര്യം മാത്രം വിചാരിച്ചാൽ മതി. അതായത് ഒരു രാഷ്ട്രീയത്തിൽ ലാഭവും ചേതവും നോക്കിയിട്ടല്ല കാര്യങ്ങൾ നടക്കുന്നത്. ഒരു നയം മുമ്പിൽ വയ്ക്കുക, അതിന്റെ അടിസ്ഥാനത്തിൽ മാത്രം പ്രവർത്തിക്കുകയെന്നുള്ളതാണ് മുസ്ലീംലീഗിനെ സംബന്ധിച്ചിടത്തോളമുള്ളത്. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി ചെയ്തതെന്താണ് ? മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സിൽബന്തികളായ മത്തായിമാഞ്ഞൂരാനായാലും വെല്ലിംഗ്ടണായാലും കാണിക്കുന്ന തെററുകളും പറയുന്ന അസംബന്ധങ്ങളും ചൂണ്ടിക്കാണിച്ചാൽ സമാവകാശം ആണെന്നു പറയും. ഘടക കക്ഷികളിൽ ആരുടെയെങ്കിലും കാര്യത്തിലായാൽ മറ്റൊരുതാപ്പ്, ഇത് ഇരട്ടത്താപ്പല്ലേ ? ഒന്നിച്ചിരുന്ന് ഭരിക്കാനാണ്, അല്ലാതെ ഒന്നിച്ചിരുന്ന് കലഹിക്കാനല്ല ഞങ്ങൾ ഐക്യമുന്നണിയിൽ ചേർന്നത്. ഓഗസ്റ്റ് 14-ാം തീയതി മുഖ്യമന്ത്രി കേരളം വിട്ടുപോയി. ഒക്ടോബർ 16-ാം തീയതി അദ്ദേഹം കേരളത്തിൽ തിരിച്ചുവരുന്നതുവരെ മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടി ഘടകകക്ഷികളുടെ നേരെ വാതിൽ കൊട്ടിയടയ്ക്കുകയായിരുന്നു ചെയ്തത്. എന്നാൽ ഈ മാസം 15-ാം തീയതി മുഖ്യമന്ത്രി ഇവിടെ ഒരു പ്രസ്താവന വായിച്ചതോടുകൂടി ആ കൊട്ടിയടച്ച വാതിൽ സാക്ഷയിടുകയുണ്ടായി. എന്നിട്ട് മുഖ്യമന്ത്രി പറയുകയാണ് ഞാൻ എന്നേ വിട്ടുവീഴ്ച ചെയ്യാൻ തയ്യാറാണെന്ന്. എന്തിനാണ് മുഖ്യമന്ത്രി അങ്ങനെ പറഞ്ഞത് ? മുഖ്യമന്ത്രി തയ്യാറാക്കിയ പ്രസ്താവനയല്ല ഇവിടെ കൊണ്ടുവന്ന് വായിച്ചതെന്ന് ഉറച്ച വിശ്വാസമുണ്ട്. സുന്ദരയ്യയുടേയും എ. കെ. ഗോപാലൻേറയും പ്രസ്താവന ഫിനിഷിംഗ് ടച്ചോടുകൂടി ഈ സഭയിൽ കൊണ്ടുവന്ന് വായിച്ച് കേരളത്തിലെ ജനങ്ങളുടെ ബുദ്ധിശക്തിയെ അപഹസിക്കുകയാണ് ചെയ്തത്. മുഖ്യമന്ത്രി അങ്ങയോട് എനിക്ക് ഒരു അപേക്ഷ മാത്രമേയുള്ളു, അങ്ങ് ഈ നാട്ടിലെ ജനങ്ങളുടെ വിശ്വാസമില്ലാത്ത മന്ത്രിത്തലവനായിരിക്കുന്നതുകൊണ്ട് ഇനി ഒരു നിമിഷംപോലും അങ്ങയ്ക്ക് ഇവിടെ ഇരിക്കാൻ അർഹതയില്ലെന്നും, ഇനി തുടർന്നിരിക്കുകയാണെങ്കിൽ അത് ജനാധിപത്യ തത്വങ്ങൾക്ക് എതിരാണെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എ. ശിവരാമഭാരതി : സർ, ഇവിടെ നടന്നിട്ടുള്ള പ്രസംഗങ്ങളിൽ പൊന്തിവന്നിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചിടത്തോളം വളരെ സൂക്ഷ്മമായി പഠിക്കുന്ന ഒരാളിന് വളരെയേറെ ഹൃദയവേദനയുണ്ടാകുമെന്നുള്ളത് സ്വാഭാവികമാണ്. ഐക്യമുന്നണി മന്ത്രിസഭ ഇവിടെ നിലവിൽ വന്നതിനുശേഷം അതിൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായതിൻെറ വെളിച്ചത്തിൽ പല സംഭവവികാസങ്ങളും ഉണ്ടായിട്ടുണ്ട്. ഈ മാതിരിയുള്ള സംഭവവികാസങ്ങൾ പൂർണ്ണമായും ഒഴിവാക്കാവുന്ന ഒരു പദ്ധതി ആവിഷ്കരിക്കാത്ത ഒരു സ്ഥിതിവിശേഷമാണ് ഇതിന് വഴിതെളിച്ചതെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നത്. ഐക്യമുന്നണി മന്ത്രിസഭ അധികാരത്തിൽ വരുമ്പോൾ വിവിധ ഘടകകക്ഷികൾ തമ്മിലുള്ള ബന്ധം എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളവും, അധികാരത്തിൽ വന്നതിനു ശേഷം തുടർന്ന് എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളവും വ്യക്തമായ ചില പരിപാടികൾ ഉണ്ടായിരുന്നു. പക്ഷെ അത് വേണ്ട വിധത്തിൽ പരിരക്ഷിച്ചിട്ടുണ്ടോയെന്ന് സംശയമാണ്. ഈ സംഭവവികാസങ്ങളെ സ്വാഭാവികമായി തന്നെ പ്രതിപക്ഷത്തുനിന്നും സ്വാഗതം ചെയ്യുന്ന സാഹചര്യം നമുക്ക് കാണാൻ വിഷമമില്ല. ഐക്യമുന്നണി മന്ത്രിസഭ അധികാരത്തിൽ വന്നതുതന്നെ കോൺഗ്രസ്സിനെ പരാജയപ്പെടുത്തിക്കൊണ്ടാണ്. കോൺഗ്രസ്സിനെ പരാജയപ്പെടുത്തിക്കൊണ്ടു വേണം തുടർന്നുള്ള പരിപാടികളും ആവിഷ്കരിക്കാൻ എന്നായിരുന്നു ഐക്യമുന്നണി ആഗ്രഹിച്ചിരുന്നത്. അങ്ങനെയെല്ലാം ആഗ്രഹിച്ചതിൻെറയും പ്രവർത്തിച്ചതിൻേറയും ഫലമായിട്ടാണ് കോൺഗ്രസ്സിൻെറ ഭാഗത്ത് ഒൻപത് പേർ മാത്രമുള്ള ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കാൻ കഴിഞ്ഞത്. എന്നാൽ ഇന്ന് ഐക്യമുന്നണിയിൽനിന്നും മാറി നിൽക്കുന്നവർ അപ്പുറത്തിരുന്നുകൊണ്ട് വേശ്യ ചാരിത്ര്യത്തെപ്പററി പ്രസംഗിക്കുന്നതുപോലെയുള്ള പ്രസംഗങ്ങളാണ് പ്രസംഗിക്കുന്നത്. അവരുടെ പ്രസംഗങ്ങൾ കേൾക്കുമ്പോൾ വാസ്തവത്തിൽ ഞങ്ങൾക്ക് ഇന്ന് ലജ്ജ തോന്നുന്നു. ഇന്നലെവരെ ചെയ്തുകൊണ്ടിരുന്ന, പ്രവർത്തിച്ചുകൊണ്ടിരുന്ന കാര്യങ്ങളെപ്പററി ഇന്ന് പ്രസ്താവിക്കുകയാണ്, ഇന്നലെവരെ തെററു ചെയ്തുകൊണ്ടിരുന്നിട്ട് എന്തുകൊണ്ട് അതിനെപ്പററി ഒരക്ഷരം നിങ്ങൾ മിണ്ടിയില്ല. ഇന്നലെവരെ തെററു ചെയ്തിട്ട് അതിനെപ്പററി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ശിവരാമഭാരതി]

ഒരക്ഷരംപോലും മിണ്ടാതിരുന്നിട്ട് ഇന്ന് വന്നുനിന്നുകൊണ്ട് മററുള്ളവരെ കുററപ്പെടുത്തുകയാണ്. അന്ന് നിങ്ങളും ഉദ്ദേശിച്ചിരുന്നത് ഇതെല്ലാം മറച്ചുവച്ചിരുന്നാൽ നിങ്ങൾക്കും നിർബാധം അതെല്ലാം നടത്താമെന്ന്. അങ്ങനെ വ്യാമോഹിച്ചുകൊണ്ടല്ലേ മുന്നോട്ടു പോയത് ? ഇന്ന് നിങ്ങൾ അപ്പുറത്തു മാറി നിന്നുകൊണ്ട് ഇവിടെയിരിക്കുന്നവർ കൊള്ളരുതാത്തവരും, കള്ളൻമാരും കൊള്ളക്കാരുമെന്ന് പറയുന്നതിൻെറ അർത്ഥമെന്താണ് ? ഐക്യമുന്നണി തകർന്നുകഴിഞ്ഞാൽ ഇവിടെ എന്താണ് നടക്കുന്നത് ? വീണ്ടും അപ്പുറത്തിരിക്കുന്ന കാൺഗ്രസ്സ് സ്നേഹിതൻമാർക്ക് ഇഷ്ടംപോലെ ഭരിക്കാമെന്നുള്ള ഒരു സ്ഥിതിവിശേഷം വരും. കോൺഗ്രസ്സിൻെറ ഭരണം പരാജയപ്പെടുത്തി, ഒരു സൽഭരണം നടത്താനാണ് ഉദ്ദേശമെങ്കിൽ ഇപ്പോഴെങ്കിലും ഇതിൽനിന്നും മാറിപ്പോയവർ അതിനെക്കുറിച്ച് ആലോചിച്ച് നിശ്ചയിക്കേണ്ടതാണ്. ഇത് വളരെ വൈകിയ ഒരു അവസരമാണ്. ഐക്യമുന്നണി തകർന്നുകഴിഞ്ഞിരിക്കുകയാണ്. ഈ നാട്ടിലെ ജനങ്ങൾ കോൺഗ്രസ്സിനെതിരായിട്ടുള്ള ഒരു വിധി നടത്തിയാണ് ഐക്യമുന്നണി ഗവൺമെൻറിനെ ഭരണമേൽപ്പിച്ചത്. വളരെയധികം ഉത്തരവാദിത്വമുള്ള കാര്യങ്ങളാണ് ജനങ്ങൾ ഐക്യമുന്നണി ഗവൺമെൻറിനെ ഏല്പിച്ചിട്ടുള്ളത്. ഭൂനയബിൽ പാസ്സാക്കിയതുകൊണ്ടുമാത്രമായോ ? പാസ്സാക്കിയതുകൊണ്ടുമാത്രം അത് നടപ്പിലാക്കാൻ സാധിക്കുമോ ? ഈ മന്ത്രിസഭ പോയാൽ അതിനി നടപ്പിലാകുമോ? ആ ബിൽ പാസ്സാക്കുന്നതിൽതന്നെ അപ്പുറത്തിരിക്കുന്നവരുടെ സംഭാവന എന്തായിരുന്നു? ഈ രാജ്യത്തെ ആവേശം കൊള്ളുന്ന പൊതുജനങ്ങളുടെ ആശാദീപമാണ് പഞ്ചായത്ത്രാജ് ബിൽ. അതുപോലെതന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഋണാശ്വാസബിൽ വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ്. ഇങ്ങനെ വളരെ പ്രധാനപ്പെട്ട ബില്ലുകൾ പാസ്സാക്കുന്നതിനും നടപ്പിലാക്കുന്നതിനും ഈ ഐക്യമുന്നണി മന്ത്രിസഭ നിലനിൽക്കണമെന്നുള്ളതുകൊണ്ട് അതിനുവേണ്ടി ഈ വൈകിയ വേളയിലെങ്കിലും അപ്പുറത്തിരിക്കുന്ന ബഹുമാനപ്പെട്ട സഹോദരൻമാർ ചിന്തിക്കുമെന്ന് വിശ്വസിക്കുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം എൻെറ പാർട്ടിയെ സംബന്ധിച്ചിടത്തോളം വളരെയധികം ആരാധിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്ന ശ്രീ. പി. ആർ. കുറുപ്പ് ഇന്നലെ വളരെ ശക്തിയായി ഞങ്ങളുടെ പാർട്ടിയെ ആക്ഷേപിക്കുകയുണ്ടായി. അതുപോലെതന്നെ ശ്രീ. എൻ. കെ. ശേഷനും ആക്ഷേപിക്കുകയുണ്ടായി. എനിക്കു പറയുവാനുള്ളത് ഒരു കാലത്തും ഞങ്ങളുടെ പാർട്ടി ഭിക്ഷാദേഹികമായിരുന്നില്ലെന്നാണ്. ഞങ്ങളുടെ പാർട്ടി സോഷ്യലിസത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു പാർട്ടിയാണ്. ശ്രീ. പി. ആർ. കുറുപ്പിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ ഒരു കാലത്ത് സോഷ്യലിസ്ററുകാരനായിരുന്നുവെന്നു പറഞ്ഞിരുന്നു, സോഷ്യലിസ്ററുകാരുടെ നേതാവാണെന്ന് പറഞ്ഞിട്ടുണ്ട്. ഇന്ന് അദ്ദേഹം സോഷ്യലിസ്ററുകാരനാണോയെന്ന്ഞാൻസംശയിക്കുകയാണ്. ഈ നാട്ടിൽ അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം എന്തെല്ലാം നല്ല അഭിപ്രായങ്ങൾ ഉണ്ടായിരുന്നുവോ അതെല്ലാംതന്നെ ഇന്ന് തൂത്തുമാററിയിട്ടില്ലേ? അന്ന് ഈ രാജ്യത്തെ ഉന്നതമായ ഘടകങ്ങൾ രാജിവയ്ക്കാൻ നിർബന്ധിച്ചിട്ടും അദ്ദേഹം എന്തു ചെയ്തുവെന്ന് ഞാൻ ചോദിക്കുകയാണ്. അദ്ദേഹം അന്ന് അത് ചെയ്തിരുന്നുവെങ്കിൽ ഇന്ന് അദ്ദേഹത്തെ പൂമാലയുമായി കാത്തുനിന്ന് സ്വീകരിക്കാൻ ആളുകൾ തയ്യാറായിരുന്നേനെ. ഇന്ന് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് കൂട്ടുനിൽക്കുന്നആളുകളെ സംബന്ധിച്ചിടത്തോളം അവർ ചെയ്യുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നു

LIBRARY ARCHIVES Kerala Legislative Assembly

ന്നില്ല. എസ്. എസ്. പി. ഭിക്ഷാദേഹികളായിട്ട് ആരുടേയും മുമ്പിൽ പോയിട്ടില്ല. മന്ത്രിസഭയിലെ അപ്പകഷ്ണത്തിനുവേണ്ടിമാത്രം ആഗ്രഹിക്കുന്നവരല്ല എസ്. എസ്. പി. യിലുള്ളവർ. സ്ഥാനമാനങ്ങൾക്കു വേണ്ടി ആഗ്രഹിച്ചിരുന്നതും പ്രവർത്തിച്ചിരുന്നതും ആരാണെന്നുള്ളത് എല്ലാവർക്കും അറിയാമായിരുന്നു. അങ്ങിനെ ആഗ്രഹിച്ചിരുന്നില്ലെങ്കിൽ ഇന്നലെവരെ അതിൽ ഇരിക്കുകയില്ലായിരുന്നു. ഏതായാലും എന്റെ സ്നേഹിതൻമാരോടു വീണ്ടും വീണ്ടും ഞാൻ അഭ്യർത്ഥിക്കുകയാണ് നിങ്ങൾ ഈ വൈകിയ വേളയിലെങ്കിലും ചിന്തിക്കണമെന്ന്. മാനവും നേരുമുള്ളവർ മന്ത്രിസഭ ഒഴിവാക്കി എന്നു പറഞ്ഞാൽ, അഴിമതിയാരോപണത്തെ സംബന്ധിച്ചിടത്തോളം അവരുടെ പേരിൽ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടല്ലാതെ ആ മന്ത്രിക്കസേരകൾ ഒഴിവാക്കാൻ തയ്യാറായോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോൾ പറഞ്ഞത് എന്തോന്നാണെന്ന് മനസ്സിലായില്ല.

ശ്രീ. കെ. എ. ശിവരാമഭാരതി: അഴിമതിയാരോപണമെന്നുള്ള നിലയിൽ അതിലേക്കുള്ള ഉത്തരവു പുറപ്പെടുവിച്ചിട്ടല്ലാതെ മന്ത്രികസേരകൾ ഒഴിവാക്കാൻ തയ്യാറായോ എന്നാണ് ഞാൻ ചോദിച്ചത്.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഞങ്ങളുടെ പേരിൽ അങ്ങനെയാതൊരുവിധത്തിലുള്ള നടപടികളും ഉണ്ടാകാതെതന്നെ രാജിവച്ചല്ലോ.

ശ്രീ. കെ. എ. ശിവരാമഭാരതി: ഞാൻ ശ്രീ. സി. എച്ച്. മുഹമ്മദുകോയയുടെ കാര്യമല്ല പറഞ്ഞത്.

ശ്രീ. ആർ. എസ്. ഉണ്ണി: അഴിമതിയാരോപണം ഉണ്ടായിട്ടുള്ള എല്ലാ മന്ത്രിമാർക്കും എതിരായി അന്വേഷണം നടത്തണമെന്നുള്ള അഭിപ്രായമാണോ നിങ്ങളുടെ പാർട്ടിക്കുള്ളത്?

ശ്രീ. കെ. എ. ശിവരാമഭാരതി: തീർച്ചയായും അഴിമതിയാരോപണം ഉണ്ടായിട്ടുള്ള എല്ലാ മന്ത്രിമാരുടേയും പേരിൽ അന്വേഷണം നടത്തണമെന്നു തന്നെയാണ് ഞങ്ങളുടെ ആഗ്രഹവും ആവശ്യവും. അഴിമതി പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള അഴിമതിനിരോധന ബിൽ പാസ്സാക്കേണ്ടതാവശ്യമാണ്. അത്തരത്തിലുള്ള ഒരു നിയമനിർമ്മാണം ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഇവിടെയുണ്ടായിരിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകുമായിരുന്നില്ല.

ശ്രീ. പി. രാമലിംഗം: അഴിമതിയാരോപണം ഉണ്ടായിട്ടും മന്ത്രിസഭയിൽ തുടരുന്നവരെപ്പററി ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം എന്താണ്?

ശ്രീ. കെ. എ. ശിവരാമഭാരതി: അഴിമതിയാരോപണം വന്ന അവസരത്തിൽ, അഴിമതിയാരോപണത്തിന് വിധേയരായ ആളുകളെല്ലാം രാജിവെച്ചിട്ട് അഴിമതിക്ക് പൂർണ്ണവിരാമം ഇടണമെന്നാഗ്രഹിച്ചിരുന്നവരാണ് ഞങ്ങൾ.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: വളരെയധികം അഴിമതികൾക്കു വിധേയരായ, അപ്പുറത്തിരിക്കുന്ന മന്ത്രിമാരെ സംബന്ധിച്ചിടത്തോളം അന്വേഷണ ഉത്തരവിടണമെന്ന ആവശ്യം ഉന്നയിക്കാൻ ബഹുമാനപ്പെട്ട മെമ്പർ തയ്യാറാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ശിവരാമഭാരതി: ഞങ്ങളെ സംബന്ധിച്ചിടത്തോളം, അഴിമതിയാരോപണമുണ്ടായിട്ടുള്ളവരുടെ പേരിലെല്ലാം നടപടി എടുക്കണമെന്നാണ് നിലപാട്. ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം എസ്. എസ്. പി. ക്കു അഭിപ്രായവ്യത്യാസമില്ല. ഈ കാര്യത്തിൽ മുഖ്യമന്ത്രിയാണ് ഒരു തീരുമാനം എടുക്കേണ്ടത്. അദ്ദേഹം വേണ്ടത് ചെയ്യുമെന്നാണ് എന്റെ പ്രതീക്ഷ. ഈ കാര്യം അദ്ദേഹത്തിന്റെ തീരുമാനത്തിനായി വിടുകയാണ്.

സർ. മന്ത്രിസഭ രാജിവയ്ക്കണം, ഇപ്പോൾതന്നെ രാജിവയ്ക്കണം എന്നു പറയുമ്പോൾ, എന്റെ അഭിപ്രായത്തിൽ അങ്ങനെ കാൺഗ്രസ്സു സ്നേഹിതൻമാർ പറഞ്ഞാൽ മനസ്സിലാക്കാം, ഒരു പക്ഷേ കേരള കോൺഗ്രസ്സു സ്നേഹിതൻമാർ അതു പറഞ്ഞാലും മനസ്സിലാക്കാം. ഐക്യമുന്നണിയിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾ അതു പറയുമ്പോൾ വാസ്തവത്തിൽ അവർക്കതു പറയാൻ സാധിക്കുമോ എന്നാണു എന്റെ സംശയം.

ശ്രീ. ബേബി ജോൺ: ബഹുമാനപ്പെട്ട മെമ്പർ രണ്ടുമൂന്നു ദിവസം മുൻപ് ഈ ഭാഗത്ത് ഇരുന്നപ്പോൾ, ഈ മന്ത്രിസഭയ്ക്കു നിലനിൽക്കാൻ സാദ്ധ്യമല്ല, രാജി വയ്ക്കണം' എന്ന അഭിപ്രായം പറഞ്ഞിരുന്നതിന് ഇപ്പോൾ മാററം വന്നിട്ടുണ്ടോ ?

ശ്രീ. കെ. എ. ശിവരാമഭാരതി: ഈ മന്ത്രിസഭയ്ക്കു യോജിപ്പോടുകൂടി പോകാൻ സാദ്ധ്യമല്ലെങ്കിൽ രാജിവയ്ക്കണമെന്നാണു ഞാൻ പറഞ്ഞത്. ഐക്യത്തോടുകൂടി തുടർന്നുപോകാൻ സാദ്ധ്യമല്ലാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടായാൽമാത്രം രാജിവയ്ക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. ഈ മന്ത്രിസഭ ഐക്യത്തോടുകൂടി തുടർന്നുപോകണമെന്നാണ് ബഹുജനവിധി. ഐക്യമുന്നണി ഭരിക്കണമെന്നുള്ളതാണ് ജനവിധി. ഏതായാലും അപ്പുറത്തിരിക്കുന്നവരുടെ കാര്യമായാലും, ഇപ്പുറത്തിരിക്കുന്നവരുടെ കാര്യമായാലും ആരെല്ലാം ഏതു കക്ഷിയിൽ നിൽക്കുന്നു എന്ന കാര്യം എനിക്കു നിശ്ചയമില്ല. എന്നാൽ, ആ ഭാഗത്തിരിക്കുന്ന, ആർ. എസ്. പി., മുസ്ലിം ലീഗ് സ്നേഹിതൻമാർ, ഐ. എസ്. പി., ഇൻഡ്യൻ കമ്മ്യൂണിസ്ററു സ്നേഹിതൻമാർ എന്നിവർ ഗവൺമെൻറു പുറത്തുപോകണമെന്ന ഒരു നിലപാടു സ്വീകരിക്കുമെന്ന വിശ്വാസം എനിക്കില്ല. അവർക്കു ഗവൺമെൻറിനെ പുറത്താക്കണമെന്നുണ്ടെങ്കിൽ അവിശ്വാസപ്രമേയം കൊണ്ടുവന്നു പാസ്സാക്കാവുന്നതാണല്ലോ.

ശ്രീ. ബേബി ജോൺ: അഴിമതി ആരോപണത്തെപ്പററി അന്വേഷിക്കണമെന്ന ഒരു പ്രമേയം കൊണ്ടുവന്നാൽ അതു അവിശ്വാസപ്രമേയമാണെന്ന അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർക്കുണ്ടോ ?

ശ്രീ. കെ. എ. ശിവരാമഭാരതി: അതു അവിശ്വാസപ്രമേയമായി ഒരിക്കലും കണക്കാക്കരുതെന്നാണ് ആ കാര്യത്തെ സംബന്ധിച്ചിടത്തോളം എനിക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു അഭ്യർത്ഥിക്കാനുള്ളത്. മുഖ്യമന്ത്രിയെ സംബന്ധിച്ചിടത്തോളം മന്ത്രിസഭ തുടരേണ്ടതില്ലെന്നു തീരുമാനം എടുക്കാനുള്ള അവകാശമുണ്ടെന്നുള്ളതു ഒരു വസ്തുതയാണ്. എന്നാൽ, ഈ ഐക്യമുന്നണി മന്ത്രിസഭയ്ക്കു ജനങ്ങളോടുതന്നെ വളരെയധികം ഉത്തരവാദിത്വമുണ്ട്. അതു ഞാൻ ആവർത്തിച്ചാവർത്തിച്ചു പറയുകയാണ്. പഞ്ചായത്തുരാജ് ബില്ലുപോലെ ഈ നാട്ടിലെ ജനങ്ങൾക്കു വളരെ താൽപര്യമുള്ളതും, പ്രയോജനമുള്ളതുമായ പല നിയമനിർമ്മാണ നടപടികളും പൂർത്തിയാക്കാനുള്ളതുകൊണ്ട് ഈ മന്ത്രിസഭ നിലനിൽക്ക

LIBRARY ARCHIVES Kerala Legislative Assembly

ണമെന്നുള്ളതു ഒരാവശ്യമായിട്ടുണ്ട്. ഈ ഗവൺമെൻറിൻെറ പേരിൽ ഒരു അവിശ്വാസപ്രമേയം കൊണ്ടുവരികയും അതു പാസ്സാകുകയും ചെയ്താൽ മാത്രമേ ഗവൺമെൻറിൻെറ നിലനിൽപ്പ് ഇല്ലാതാകുന്നുള്ളു. ആ നിലയിൽ ഗവൺമെൻറു നിലനിൽക്കണമെന്നു ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. ഐക്യമുന്നണി ഘടകകക്ഷികളിലെ എൻെറ സ്നേഹിതൻമാർ ഈ ഗവൺമെൻറിനെ താഴെയിറക്കാനുള്ള നടപടികൾ സ്വീകരിക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുകയാണ്. നിശ്ചയമായും ഘടകകക്ഷികൾ അവരുടെ കടമ നിർവ്വഹിച്ചുകൊണ്ട് ഐക്യമുന്നണിക്കുണ്ടായിരിക്കുന്ന ഈ പ്രതിസന്ധിയെ നേരിടുമെന്നും, കോൺഗ്രസ്സിൻെറ ഇന്നത്തെ നയങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടു കേരളത്തിൽ കെട്ടിപ്പടുത്ത ഐക്യമുന്നണി ഇൻഡ്യയിലെ മററു സംസ്ഥാനങ്ങൾക്കുകൂടി മാതൃകയായിത്തീരത്തക്ക വിധത്തിൽ ഒരു സ്ഥിതിവിശേഷം സൃഷ്ടിക്കാൻ മുന്നോട്ടു വരണമെന്നും ഞാൻ ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊണ്ടു എൻെറ വാക്കുകൾ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ടി. എ. മജീദ്: സർ, ഒരു സബ്മിഷൻ. ഞാൻ നേരത്തെ ഒരു പ്രിവിലേജ് മോഷനു നോട്ടീസ് കൊടുത്തിരുന്നു. അതിലെ കഥാപാത്രമാണ് ശ്രീ. പി. ഗോവിന്ദപ്പിള്ള. അദ്ദേഹമാണ് ഇനി പ്രസംഗിക്കാൻ പോകുന്നത്. ആ മോഷൻ എങ്ങനെ കൈകാര്യം ചെയ്തു എന്നറിഞ്ഞില്ല.

ഡെപ്യൂട്ടി സ്പീക്കർ: അതു പരിശോധിച്ചിട്ടു കാര്യമായിട്ടു വേണ്ടതു ചെയ്യാം. നാളെ അതിനെപ്പററി പറയാം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, കേരളത്തിലെ ജനങ്ങൾ വളരെക്കാലമായി വിശ്വസിച്ചു പുലർത്തിപ്പോന്നതും നിർമ്മിച്ചതുമായ ഐക്യമുന്നണി, ഒരു പ്രതിസന്ധിയിൽ ഏർപ്പെട്ടിരിക്കുന്നതിൽ കേരളത്തിലെ ജനങ്ങളോടൊപ്പം ഞങ്ങളുടെ പാർട്ടിക്കും അങ്ങേയററം ഖേദമുണ്ട്. ഈ ഐക്യമുന്നണി പാർട്ടിയുടെ തകർച്ചയ്ക്കു മുഴുവൻ ഉത്തരവാദി മാർക്സിസ്ററു പാർട്ടിയാണെന്നും, മാർക്സിസ്ററു പാർട്ടി ഐക്യമുന്നണി തകരാൻ നേരത്തേ തീരുമാനിച്ചു പോളിററു ബ്യൂറോയുടേയോ മററാരുടേയോ ഉത്തരവുകൾ ഉണ്ടായി എന്നും മററും പറയുന്നത് വസ്തുതകൾക്കു നിരക്കാത്തതാണ്. ഐക്യമുന്നണിയെ സംബന്ധിച്ചുള്ള ഞങ്ങളുടെ അഭിപ്രായം, പാർട്ടിയുടെ അഭിപ്രായം, നേതൃത്വത്തിൻെറ അഭിപ്രായം എല്ലാം തന്നെ വളരെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇന്നത്തെ കേരളത്തിൻെറ പ്രതിസന്ധിയെ ഒഴിവാക്കണമെന്നു മാത്രമല്ല, ബംഗാളിൻെറ ഭാവി പുരോഗമിപ്പിക്കാൻ, ശോഭായമാനമാക്കാൻ, ഇൻഡ്യയുടെ മുഴുവൻ ഭാവിയും രൂപപ്പെടുത്താൻ ഐക്യമുന്നണിക്കേ, ഇടതുപക്ഷ കക്ഷികളുടെ ഒരൈക്യമുന്നണിക്കേ കഴിയൂ എന്നു ഉറച്ചു വിശ്വസിക്കുന്ന ഒരു പാർട്ടിയാണു ഞങ്ങളുടേത്. ഇപ്പോഴത്തെ കാര്യമല്ല, വരാൻ പോകുന്ന കുറേ അധികം കൊല്ലത്തേക്ക്, ഒരു പക്ഷേ, മാർക്സിസ്ററു പാർട്ടിക്കു ഏതെങ്കിലും രൂപത്തിൽ സ്വതന്ത്രമായ ഏകകക്ഷി ഭൂരിപക്ഷം ഉണ്ടായാൽപോലും........

ശ്രീ. ആർ. എസ്. ഉണ്ണി: സർ, ഒരു ചോദ്യം........

ശ്രീ. പി. ഗോവിന്ദപ്പിള്ള: ചോദ്യമൊന്നും വേണ്ട.

ശ്രീ. ആർ. എസ്. ഉണ്ണി: സർ, പോയിൻറ് ഓഫ് ഓർഡർ. ചോദ്യം ചോദിക്കാനുള്ള അവകാശം എനിക്കുണ്ട്. ബഹുമാനപ്പെട്ട മെമ്പർക്കു വേണമെങ്കിൽ വഴങ്ങാതിരിക്കാം. എന്നാൽ, ചോദ്യം വേണ്ട എന്നു ഒരു മെമ്പർക്കു പറയാൻ അവകാശമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: ചോദ്യത്തിനു വഴങ്ങുന്നില്ലെന്നേ അതിനർത്ഥമുള്ളു.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ചോദ്യം എനിക്കു വേണ്ടാ എന്നാണു പറഞ്ഞത്. സർ, ഈ പോയ സമയംകൂടി എനിക്കു തരണം. സർ, മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി, ഒരു പാർട്ടി എന്നുള്ള നിലയിൽ, ഏകകക്ഷി എന്ന നിലയിൽ കേരളത്തിലാകട്ടേ, മറ്റേതെങ്കിലും സംസ്ഥാനത്താകട്ടേ ഭരിക്കാൻ ആഗ്രഹിക്കുന്നില്ല. അങ്ങനെയുള്ള ഭരണംകൊണ്ട് കേരളത്തിലോ ഇൻഡ്യയിൽ മററു ഭാഗങ്ങളിലോ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ പോകുന്നില്ലെന്നു ഉറച്ചു വിശ്വസിക്കുന്ന ഒരു പാർട്ടിയാണു ഞങ്ങളുടേത്. അങ്ങനെയൊരു നിലപാടാണ് ഇനിയും, ഇത്തരത്തിലുള്ള അപമാനം സഹിക്കേണ്ടിവന്ന ഈ ഘട്ടത്തിലും, അടിസ്ഥാനരഹിതമായ എല്ലാവിധ ആക്ഷേപങ്ങൾക്കും വിധേയരായിട്ടുള്ള ഈ നിമിഷത്തിലും ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത്. ഐക്യമുന്നണിയെ തകർക്കാൻ കാരണക്കാർ ഞങ്ങളാണെന്നാണ് ശ്രീ. കെ. എം. മാണി മുതൽ എന്റെ പല സ്നേഹിതൻമാരും അഭിപ്രായപ്പെട്ടിട്ടുള്ളത്. പലരും സ്വരം അൽപം മാററി പറയുന്നു എന്നേയുള്ളു. മാർക്സിസ്റ്റു പാർട്ടിയുടെ കെണിയിൽനിന്നു വിട്ടകന്നു രാജിവച്ച മന്ത്രിമാരുടെ പ്രസംഗങ്ങളിൽ, ശ്രീ. ടി. കെ. ദിവാകരന്റെ പ്രസംഗം മാത്രം മനസ്സാക്ഷിയെ എങ്ങനെയെങ്കിലും രക്ഷിക്കാൻവേണ്ടി, മനസ്സാക്ഷിയെ തൃപ്തിപ്പെടുത്താൻ വേണ്ടി, ഐക്യമുന്നണിയെ എതിർത്തു പ്രവർത്തിച്ചവരിൽ, ഐക്യമുന്നണിയുടെ നിലനിൽപിനു തടസ്സമായി പ്രവർത്തിച്ചവരിൽ സി. പി. ഐ. കൂടിയുണ്ടെന്നു പറയുന്നുണ്ട്. അതു ആരുടേയും ചർച്ചാ വിഷയമായില്ല. സർ, ഇന്നിവിടെ രൂപം കൊണ്ടിരിക്കുന്ന 'മിനിഫ്രണ്ടി'നെപ്പററി പറയുമ്പോൾ—മിനിഫ്രണ്ടിന് ഒരു നല്ല പരിഭാഷ 'കുഞ്ഞുമുന്നണി' എന്നു പറയാം. സർ, മിനിഫ്രണ്ടു രൂപീകരിക്കാൻ ആദ്യകാലംമുതൽ പരിശ്രമിച്ചതു ശ്രീ. പി. കെ. കുഞ്ഞായിരുന്നു. ആ നിലയ്ക്ക് ഈ പേര് അതിനു വളരെ യോജിക്കുന്നുണ്ട്. ശ്രീ. പി. കെ. കുഞ്ഞുതന്നെ നിയമസഭയിൽ പറഞ്ഞിട്ടുള്ളതാണ്; വളരെ മുൻപുതന്നെ ഈ സഖാക്കളോടു ഞാൻ പറഞ്ഞിട്ടുള്ളതാണ്, നിങ്ങൾക്കൊക്കെ എന്നെപ്പോലെ അനുഭവം ഉണ്ടാകും, നിങ്ങളും എന്നെപ്പോലെ വാലുമുറിച്ച കുറുക്കൻമാരായി ഇവിടെ വന്നിരിക്കും; ആ സന്ദർഭവും കാത്തു ഞാനിരിക്കുകയാണ്. അങ്ങനെ പുറത്തുവരുന്നവരെല്ലാംകൂടി ഒരു കുഞ്ഞുഫ്രണ്ടുണ്ടാക്കി, അഴിമതിക്കെതിരായി സമരം നടത്താം എന്ന നിലയിൽ പരാമർശം ഉണ്ടായിട്ടുണ്ട്. കുഞ്ഞുസാഹിബ്ബിന്റെ നേതൃത്വത്തിൽ അങ്ങനെ ഒരു മിനിഫ്രണ്ടുണ്ടാക്കി ഭരിക്കാമെന്ന മോഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കും, ശ്രീ. പി. കെ. കുഞ്ഞിന്റെ പേരിൽ അഴിമതി ആരോപണത്തിനു അന്വേഷണം വേണമെന്നു പറഞ്ഞപ്പോൾ പലരും ധാർമ്മികരോഷം കൊണ്ടത്. 30 കൊല്ലം ഒരുമിച്ചു പ്രവർത്തിച്ചിട്ട് ഇപ്പോൾ തന്നെ അഴിമതിക്കാരനെന്നു വിളിച്ചുകളഞ്ഞല്ലോ എന്നാണ് സഖാവ് എം. എൻ. ഗോവിന്ദൻ നായരുടെ പരാതി. സർ, എന്തിനാണ് ഇ. എം. എസ്. മുതൽ സകല മന്ത്രിമാരുടെയും പേരിൽ ഇന്നലെ അഴിമതി ആരോപണം കൊണ്ടുവന്നു അവർക്കെതിരായി പ്രസംഗിച്ചതെന്നു മനസ്സിലാകുന്നില്ല. ശ്രീ. ടി. കെ. ദിവാകരൻ പേരിനുമാത്രം പറഞ്ഞുവച്ചു, ഐക്യമുന്നണിയുടെ തകർച്ചയ്ക്കു വലതു കമ്മ്യൂണിസ്റ്റു പാർട്ടിയും ഉത്തരവാദികളാണെന്ന്. സർ, ഇവർ ഐക്യമുന്നണിയെ എതിർക്കാൻ തുടങ്ങിയതു ഇപ്പോൾ മാത്രമല്ല. ഐക്യമുന്നണി രൂപംകൊണ്ടതിന്റെ പതിനൊന്നാം ദിവസമാണെന്നു തോന്നുന്നു, ശ്രീ. പവനൻ നവയുഗത്തിൽ പരസ്യമായിട്ടുതന്നെ, എല്ലാവരും ആലോ

ചിച്ചു നടത്തിയ വകുപ്പു വിഭജനത്തെ സംബന്ധിച്ചു എതിർപ്പു പ്രകടിപ്പിച്ചിരുന്നു. അതുകഴിഞ്ഞ് രണ്ടു മാസമായപ്പോൾ ശ്രീ. സി. അച്യുതമേനോൻ പ്രസ്താവിച്ചു ഐക്യമുന്നണിക്കു നിലനിൽക്കാൻ അർഹതയില്ലെന്ന്. അതിനുശേഷം പി. ആർ. കുറുപ്പ് മുതൽപേർ ശ്രീമാൻ കെ. ആർ. ഗൗരിയെ മന്ത്രിസഭയിൽ നിന്നിറക്കിവിടാനുള്ള ശ്രമം തുടങ്ങി........

<u>ചില മെമ്പർമാർ:</u> ശ്രീമാൻ ഗൗരിയോ ?

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> പൗരുഷമുള്ള എന്ന അർത്ഥത്തിലാണ് ഞാൻ ശ്രീമാൻ ഗൗരി എന്നു പറഞ്ഞത്.

<u>ശ്രീമതി കെ. ആർ. ഗൗരി:</u> എം. എൻ. അംഗീകരിച്ചതാണല്ലോ ഞാൻ ഒരു പെണ്ണാണെന്ന്. അതു സ്വീകരിച്ചാൽമതി.

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> എന്റെ സ്നേഹിതൻ ശ്രീ. അഹമ്മദ് വളരെ ആവേശത്തോടുകൂടി പറയുകയുണ്ടായി; ഞങ്ങൾ സി. പി. ഐ. യെ കുററപ്പെടുത്തുന്നതിനെപ്പററി. സർ, ഞങ്ങൾ ഐക്യമുന്നണിക്കെതിരായി പ്രവർത്തിക്കുന്നുവെന്നു പരസ്യമായി നിരന്തരം പത്രത്തിൽകൂടി കഴിഞ്ഞ രണ്ടു വർഷമായി വലതു കമ്മ്യൂണിസ്ററു പാർട്ടി നടത്തിയ പ്രചരണത്തെപ്പററി ശ്രീ. ടി. കെ. ദിവാകരനോ, ശ്രീ. അഹമ്മദിനോ ധാർമ്മികരോഷമുണ്ടാകാതിരുന്നതു എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. സർ, കഴിഞ്ഞ ജൂലൈ 9-ാം തീയതി സഖാവു വി. ശ്രീധറിന്റെ ആററിങ്ങൽ തിരഞ്ഞെടുപ്പുദിനത്തിൽ ആററിങ്ങൽ വിതരണം ചെയ്ത ജനയുഗം പത്രത്തിൽ പ്രധാന വാർത്തയായി ചേർത്തിരുന്നതെന്തായിരുന്നു എന്നറിയാമോ ? ഐക്യമുന്നണി സ്ഥാനാർത്ഥി സഖാവു ശ്രീധറിനു വോട്ടുചെയ്യണമെന്നല്ല; ഇമ്പിച്ചിബാവയുടെ അഴിമതിയെപ്പററി നാലു കോളത്തിൽ നിറയെ എഴുതി പ്രചരിപ്പിക്കുകയാണുണ്ടായത്. ആററിങ്ങൽ പ്രസിദ്ധീകരിച്ച ജനയുഗത്തിലെ പ്രധാന വാർത്ത അതായിരുന്നു, അന്നൊന്നും അതു തെററാണെന്ന് ആരും പറഞ്ഞില്ല. ഈ മന്ത്രിസഭ രാജിവയ്ക്കണമെന്നും, ശ്രീമതി കെ. ആർ. ഗൗരിയെ ആട്ടി പുറത്താക്കണമെന്നും സഖാവ് പന്തളം പി. ആർ. അഭിപ്രായപ്പെടുകയുണ്ടായി.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ:</u> അങ്ങു പത്രാധിപരായിട്ടുള്ള ദേശാഭിമാനി പത്രത്തിൽ, ഈ ഐക്യമുന്നണി മന്ത്രിസഭയിലെ ശ്രീ. വെല്ലിംഗ്ടനെതിരായി ഉന്നയിച്ച ആരോപണങ്ങൾ അങ്ങു പിൻവലിച്ചിട്ടുണ്ടോ ?

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> ആരോപണങ്ങൾ അന്വേഷിച്ചതിനു ശേഷം മാത്രമേ പിൻവലിക്കാൻ ഒക്കു. ആരോപണങ്ങൾ പിൻവലിക്കും തള്ളും അതിലർത്ഥമില്ല. മാത്രമല്ല, സഖാവു എ. കെ. ജി. പറഞ്ഞു, ദേശാഭിമാനി ആ ആരോപണം ഉന്നയിച്ചതു തെററായ രീതിയിൽ ആയിരുന്നുവെന്ന്. ഐക്യമുന്നണിയിലെ ഘടകകക്ഷിയും, അതിനുശേഷം ഭരണകക്ഷികൾ ഉൾപ്പെട്ട ഏകോപനസമിതിയും ചർച്ച ചെയ്തതിനുശേഷം മാത്രമേ ഇത്തരം ആരോപണങ്ങൾ ഉന്നയിക്കാൻ പാടുള്ളൂ എന്നു സഖാവു നൽകിയ ആ ഉപദേശം ഇന്നും ഞങ്ങൾ ആവർത്തിക്കുകയാണ്. ഇത്തരം ഘടകകക്ഷികൾക്കെതിരായ ആരോപണങ്ങൾ പാർട്ടി തലത്തിൽ ചർച്ച ചെയ്തിട്ട്, അതെങ്ങനെ കൈകാര്യം ചെയ്യണമെന്നു തീരുമാനിക്കാതെ, അതു ഉൾപ്പാർട്ടിയുണ്ടാക്കി ഒതുക്കണമെന്നല്ല, ഉത്തരവാദിത്വത്തോടുകൂടി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

ഭരണകക്ഷികൾ കൂടിയാലോചിച്ചു ചർച്ച ചെയ്തു പരിഹാരം കാണണമെന്നും അങ്ങനെ യോജിക്കാൻ കഴിയുന്നില്ലെങ്കിൽ, ഐക്യമുന്നണിയുടെ ശത്രുക്കൾക്കു ഐക്യമുന്നണി ഇല്ലാതാക്കാനുള്ള ആയുധങ്ങൾ ഉണ്ടാക്കി കൊടുക്കുകയും അതിനുവേണ്ടി പരസ്യമായിട്ട് പത്രങ്ങളിൽ നിരന്തരമായി പ്രചരണം നടത്തുകയും ചെയ്യാൻ ഇടയാക്കരുതെന്നും പ്രത്യേകം നിർദ്ദേശിച്ചിരുന്നു. ആ നിർദ്ദേശത്തിനു വിരുദ്ധമായിട്ടാണ് കഴിഞ്ഞകാലം മുതൽ ഇന്നുവരെ അവർ പ്രവർത്തിച്ചിട്ടുള്ളതും പ്രചരണം നടത്തിയിട്ടുള്ളതും. അതിന് എത്ര തെളിവുകൾ വേണമെങ്കിലും, പത്രങ്ങളിലെ എത്ര കട്ടിംഗ്സു വേണമെങ്കിലും എന്റെ കൈവശമുണ്ട്. സമയം കുറവാകയാൽ അതൊന്നും വിശദീകരിക്കുന്നില്ല. അത്തരം എതിർപ്രചരണങ്ങൾ നടത്തിയിട്ടുള്ളപ്പോൾ സി. പി. ഐ. ഐക്യമുന്നണിക്കു എതിരാണെന്നു ആരും പറഞ്ഞില്ല. ഇന്നു ഞങ്ങളെ കുററപ്പെടുത്തുന്ന ശ്രീ. അഹമ്മദോ, സഖാവു ടി. കെ. ദിവാകരനോ അന്നൊന്നും അതിനെ ചൂണ്ടിക്കാണിക്കുകയോ, അതിന്റെ പേരിൽ ധാർമ്മികരോഷം കൊള്ളുകയോ ഉണ്ടായില്ല. ഇന്നു സകല കുററങ്ങളും ഞങ്ങളുടെ പാർട്ടിയുടെ തലയിൽ വയ്ക്കാൻ ശ്രമിക്കുകയാണ്. എല്ലാ കുററവും എന്താണെന്നു പരിശോധിച്ചു ഒരൊത്തുതീർപ്പിനു ശ്രമിക്കണമെന്നുള്ള നിർദ്ദേശം നൽകിയിരുന്നു. മുന്നണിക്കകത്തുതന്നെ നിന്നുകൊണ്ടു പ്രതിപക്ഷത്തെപ്പോലെ പരസ്യപ്രസ്താവനകളും ആരോപണങ്ങളും നടത്തി തുടർച്ചയായി സി. പി. ഐ. എതിർപ്രചരണം നടത്തുകയായിരുന്നു. ആ കാര്യം അന്നൊന്നും തുറന്നു പറഞ്ഞില്ലെങ്കിലും ഇപ്പോഴെങ്കിലും ശ്രീ. ടി. കെ. ദിവാകരൻ മനസ്സാക്ഷിക്കുത്തുകൊണ്ടെന്നപോലെ ഒന്നു പറഞ്ഞുവച്ചിട്ടുണ്ട്. അത്രയ്ക്കു നല്ലതുതന്നെ. സർ, വളരെ വേദനാജനകമായ മറെറാരു സത്യം, 'കുഞ്ഞുമുന്നണിയും' പ്രതിപക്ഷവുമായി കൂട്ടുചേർന്നുകൊണ്ടു ഐക്യമുന്നണി മന്ത്രിസഭയെ മറിച്ചിടാൻ ശ്രമിച്ചതാണ്. സഖാവ് എം. എൻ. ഗോവിന്ദൻ നായർ അദ്ദേഹത്തെ വേദനിപ്പിക്കുന്ന ചില കാര്യങ്ങളുണ്ടായതിനെപ്പററി സൂചിപ്പിച്ചു. മുഖ്യമന്ത്രി തന്നെപ്പററി ഇങ്ങനെയൊരു വിധി കൽപിച്ചല്ലോ എന്നു എം. എൻ. പരാതിപ്പെടുകയുണ്ടായി. പാർട്ടിക്കുവേണ്ടി മുൻപു ചെയ്തിട്ടുള്ള സേവനങ്ങളെയും, ത്യാഗങ്ങളെയും അനുസ്മരിച്ചുകൊണ്ടാണ് അദ്ദേഹം ഈ പരാതി പറഞ്ഞത്. ആ പരാതിയിലടങ്ങിയിരിക്കുന്ന വികാരം ആത്മാനുകമ്പയുടേതാണ്. ഒരു യഥാർത്ഥ വിപ്ലവകാരിക്ക് ഒരിക്കലും ആത്മാനുകമ്പയുണ്ടാകാൻ പാടില്ലാത്തതാണ്:

പിന്നെ ഐക്യമുന്നണിക്കകത്തുള്ള ഒരു കക്ഷിക്കെതിരായി തീരുമാനമെടുക്കാൻ കഴിയാതെ പാർട്ടി നിലവാരത്തിലും ഗവൺമെന്റു നിലവാരത്തിലും എടുക്കേണ്ടിയിരുന്ന ഒരു പ്രശ്നം തീരുമാനിക്കാൻ വേണ്ടി പ്രതിപക്ഷവുമായി കൂട്ടുചേർന്നു. അതിനു പ്രതിപക്ഷത്തിന്റെ അനുഗ്രഹാശിസ്സും പിൻതുണയും ഉണ്ടായിരുന്നു. ഇതാണ് ഏററവും കാതലായ പ്രശ്നം. ഇതു മറച്ചുവച്ചുകൊണ്ട് മറെറന്തു പറഞ്ഞാലും ഒക്കുകയില്ല. പക്ഷേ സഖാവ് ദിവാകരൻ അത്രമാത്രം അസംബന്ധപ്രസ്താവന ചെയ്യാൻ തയ്യാറുള്ള ആളല്ല, കാരണം അദ്ദേഹത്തിന് ഇപ്പോഴും കുറെ സമചിത്തത അവശേഷിച്ചിട്ടുണ്ടെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹം ചോദിച്ചു, മാർക്സിസ്ററുകാർ കൊടുത്ത ഭേദഗതി ആരുടെ പിൻതുണയോടുകൂടി പാസാക്കാമെന്നാണ് വിചാരിച്ചതെന്ന്. ഞങ്ങൾ വിചാരിച്ചു സഖാവ് ദിവാകരനും ബേബിയുമെല്ലാം അഴിമതിക്കെതിരായി വളരെയേറെ രോഷം കൊള്ളുന്ന സമയത്ത് അഴിമതിക്കാർക്കെല്ലാം എതിരായിട്ടുള്ള ഒരു പ്രമേയം കൊണ്ടുവരികയാണെങ്കിലും അതിനൊരു ഭേദഗതി അവതരിപ്പി

LIBRARY ARCHIVES Kerala Legislative Assembly

ച്ചാലും അതു ശരിയാണോ എന്നു നോക്കാൻ മുഖ്യമന്ത്രിയോ മറ്റേതെങ്കിലും ഉത്തരവാദിത്വമുള്ള സ്ഥാപനമോ വ്യക്തിയോ ഒരു പ്രഥമ ദൃഷ്ട്യാ കേസുണ്ടോ എന്നു പരിശോധിക്കണമെന്ന് ഞങ്ങൾ പറഞ്ഞാൽ അതു സയുക്തികമായ ഭേദഗതിയാണെന്നു കണക്കാക്കി ശ്രീ. ബേബിയും ദിവാകരനും ഉൾപ്പെടെയുള്ള ആളുകൾ സഹായിക്കുമെന്ന്. അഴിമതി വിരോധത്തിനുവേണ്ടി കുഞ്ഞിന്റെയും കുറുപ്പിന്റെയും നേതൃത്വത്തിൽ ധീരോദാത്തരായി അവർ സംഘടിച്ചിരിക്കുകയാണ്. കുഞ്ഞിന്റെയും കുദുപ്പിന്റെയും നേതൃത്വത്തിൽ അഴിമതി വിരോധത്തിന് പടവെട്ടാൻ വേണ്ടി കുരുക്ഷേത്രത്തിലേക്ക് വെല്ലുവിളിക്കുകയാണ്. അതിനുവേണ്ടി കൗരവസഭ മുഴുവൻ കൂടിയിരിക്കുകയാണ്. കുഞ്ഞും കൂട്ടരും മാർക്സിസ്റ്റുപാർട്ടിക്കെതിരായി പടവെട്ടുകയാണ്. അപ്പോൾ ഞങ്ങൾ വിചാരിച്ചു തീർച്ചയായും യുക്തിയുക്തമായ ഒരു തീരുമാനം അവർ എടുക്കുമെന്ന്. ശ്രീമാൻ ഇ. അഹമ്മദ് നമ്പൂതിരിപ്പാടിന്റെ പ്രസ്താവന മുഴുവൻ വായിച്ചിട്ടു പറഞ്ഞു, ഈ കേസ്സിനെസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടില്ല എന്ന്. അതൊരു വലിയപിശകായിട്ടാണ് അദ്ദേഹം പറഞ്ഞത്. അദ്ദേഹവും അദ്ദേഹത്തിന്റെ പാർട്ടിയും തന്നെയാണ് പറഞ്ഞിട്ടുള്ളത് ഈ മുഖ്യമന്ത്രി അന്വേഷിച്ചു കൂടാ എന്ന്. അപ്പോൾ ഞങ്ങൾ പറഞ്ഞു മുഖ്യമന്ത്രി അന്വേഷിക്കണം, പാർലിമെന്ററി ജനാധിപത്യത്തിൽ ഗവൺമെന്റിന്റെ തലവൻ പ്രഥമ ദൃഷ്ട്യാ കേസുണ്ടോ എന്ന് അന്വേഷിക്കണം എന്ന്. മുഖ്യമന്ത്രിയുടെ തീരുമാനം തെറ്റായിരുന്നാൽ അദ്ദേഹത്തെ മാറ്റാൻ അവിശ്വാസപ്രമേയം എന്ന മാർഗ്ഗമാണ് നിയമസഭക്കുള്ളത്. ഈ നിയമസഭയിലുള്ള മന്ത്രിമാരുടെയോ മെമ്പറൻമാരുടെയോ പേരിലുള്ള ചാർജ്ജുകൾ മുഖ്യമന്ത്രി അന്വേഷിക്കുക. കാരണം അവരുടെ തലവൻ അദ്ദേഹമാണ്. മുഖ്യമന്ത്രിയുടെ തലവൻ എന്നു പറയുന്നത് ഈ സഭയാണ്. അദ്ദേഹത്തിന്റെ തീരുമാനം തെറ്റാണെങ്കിൽ ഈ സഭയ്ക്ക് അദ്ദേഹത്തെ തള്ളിക്കളയാം. ആരെങ്കിലും ഒരാരോപണം ഏതെങ്കിലും വിധത്തിൽ പറഞ്ഞുകഴിഞ്ഞാൽ ഉടനെ ജുഡീഷ്യൽ അന്വേഷണത്തിന് വിട്ടുകൊള്ളണമെന്നു പറഞ്ഞുകഴിഞ്ഞതിനുശേഷം അത് അന്വേഷിച്ചിട്ടില്ലെന്നാണ് അഹമ്മദ് ഇപ്പോൾ പറയുന്നത്. എങ്ങനെ ആ പരാതി നിലനിൽക്കും.

ശ്രീ. ഇ. അഹമ്മദ് : ഒരു സ്ഥലത്ത് പരിശോധിച്ചു എന്നു പറഞ്ഞു, വേറൊരു സ്ഥലത്ത് ഗൗരവം നോക്കിയിട്ടുണ്ടെന്നു പറഞ്ഞു ഇങ്ങനെ പലവിധത്തിലാണ് പറഞ്ഞിരിക്കുന്നത്. അതുകൊണ്ടാണ് ചോദിച്ചത്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതു വളരെ വ്യക്തമായിട്ട് നമ്പൂതിരിപ്പാട് പറഞ്ഞിരുന്നു. പരിശോധിച്ചു എന്നു പറഞ്ഞാൽ നോക്കി എന്നർത്ഥം. നാം എങ്ങോട്ടു പോകുന്നു എന്ന് ആലോചിക്കണം. പ്രഥമദൃഷ്ട്യാ കേസുണ്ടോ എന്നു നോക്കുകയെന്നുവച്ചാൽ അതു മറ്റൊന്നാണ്. കുഞ്ഞിന്റെ കാര്യത്തിൽ ചെയ്തതെന്താണ് ? ഇന്നയിന്ന ആരോപണങ്ങൾ വന്നിരിക്കുന്നു അതുകൊണ്ട് കുഞ്ഞുസാഹിബേ താങ്കൾക്ക് വല്ലതും പറയാനുണ്ടോ എന്നു ചോദിച്ചു, ചുരുക്കം ചില രേഖകളും നോക്കി.

ശ്രീ. പി. കെ. കുഞ്ഞ്: എന്നോടു ചോദിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ഗോവിന്ദപ്പിള്ള: അങ്ങയുടെ മുന്നണിയല്ലേ ? കുഞ്ഞു മുന്നണി അധികാരത്തിൽ വരുമ്പോൾ അങ്ങ് മുഖ്യമന്ത്രിയാകാൻ പോകുകയാണ്.

ശ്രീ. ഒ. കോരൻ : ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീ. പി. കെ. കുഞ്ഞ് അദ്ദേഹത്തോട് എക്സ്പ്ലനേഷൻ ചോദിച്ചിട്ടില്ലെന്നു പറഞ്ഞിരിക്കെ വീണ്ടും വീണ്ടും ആവർത്തിക്കുന്നത് ആർഡറിലാണോ ?

ഡെപ്യൂട്ടി സ്പീക്കർ: നിഷേധിച്ചു കഴിഞ്ഞാൽ ആവർത്തിക്കാതിരിക്കുന്നതാണ് നല്ലത്.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: എനിക്കു പറയാനുള്ളതും കേൾക്കണം. ഞാൻ അദ്ദേഹത്തോടു ചോദിച്ചതും അദ്ദേഹം അതിനു മറുപടി പറഞ്ഞതുമെല്ലാം കടലാസിലുണ്ട്. കടലാസിലുള്ള കാര്യങ്ങൾ നിഷേധിക്കാനാവില്ലല്ലോ ?

ശ്രീ. പി. കെ. കുഞ്ഞ്: എന്നോടു യാതൊരു പ്രകാരത്തിലും ഒരിക്കലും എക്സ്പ്ലനേഷൻ ചോദിച്ചിട്ടില്ല.

ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്: കടലാസിലുള്ള കാര്യം മറച്ചുവയ്ക്കാൻ കഴിയില്ലല്ലോ.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ശ്രീ. പി. കെ. കുഞ്ഞു പറഞ്ഞാൽ ഈ രാജ്യത്തിനും എനിക്കും വിശ്വാസമുള്ളതുകൊണ്ട് ഞാൻ വിശ്വസിക്കുന്നു. ശ്രീ. പി. കെ. കുഞ്ഞിനോളം ശ്രീ. നമ്പൂതിരിപ്പാടിനെ എനിയ്ക്കു വിശ്വസിക്കാൻ കഴിയുമോ എന്നു സംശയമാണ്.

ഡെപ്യൂട്ടി സ്പീക്കർ: പേഴ്സണൽ റഫറൻസ് കഴിയുന്നതും ഒഴിവാക്കാൻ ശ്രമിക്കണം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ശ്രീ. പി. കെ. കുഞ്ഞിൻെറ നേതൃത്വത്തിലുള്ള കുഞ്ഞുമുന്നണിയെപ്പററി പറയാതിരിക്കാൻ നിവൃത്തിയില്ല സർ. അഴിമതിക്കെതിരായി ആവേശം കൊള്ളുന്ന ആളുകൾ, വിരോധം കൊള്ളുന്ന ആളുകൾ സംഘടിച്ചത് ആരുടെ നേതൃത്വത്തിൽ ? കുഞ്ഞിൻെറ നേതൃത്വത്തിൽ, മിനിഫ്രണ്ട് (കുഞ്ഞുമുന്നണി) ഉണ്ടാക്കി.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഈ പാണ്ഡവസേനയുടെ പാഞ്ചജന്യം മുഴക്കുന്ന ഭഗവാൻ കൃഷ്ണനാണോ ശ്രീ. വെല്ലിംഗ്ടൺ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള : അതുകൊണ്ട് ശ്രീ. അഹമ്മദിൻെറ സംശയം അസ്ഥാനത്താണ്. ആരോപണങ്ങൾ വന്നാൽ ആരെങ്കിലും അതോറിറേററീവായി അന്വേഷിക്കണം. അങ്ങനെ പ്രാഥമികമായി അന്വേഷിച്ചിട്ടില്ലെന്നു മാത്രമേ പറഞ്ഞിട്ടുള്ളു. അത് അന്വേഷിക്കാൻ അദ്ദേഹത്തെ അധികാരപ്പെടുത്തിയിട്ടില്ല. ഈ അന്വേഷണം കൊണ്ട് തൃപ്തിപ്പെടുമെന്നും പറഞ്ഞിരുന്നില്ല. അതുകൊണ്ടാണ് പ്രാഥമികാന്വേഷണം നടത്താൻ കഴിയാത്തത്. അഴിമതിയെ സംബന്ധിച്ചുള്ള തർക്കങ്ങളുണ്ടായത് ഈ പ്രശ്നത്തിലാണ്. അഴിമതിക്കെതിരായി ആരെന്തു നടപടി എടുക്കുമ്പോഴും അതിനെയെല്ലാം ദുരുദ്ദേശത്തോടും ദുരാരോപണത്തോടും

നോക്കിയിട്ടുള്ളത് വലത് കമ്മ്യൂണിസ്റ്റു കക്ഷിയാണ് എന്നുള്ളതാണ് ഏററവും വലിയ പരാതി.

ശ്രീ. എം. കെ. ദിവാകരൻ: വലത് കമ്മ്യൂണിസ്ററ് എന്ന പ്രയോഗം നേതാവിനു തിരുത്താമെങ്കിൽ അനുയായികൾക്ക് അനുസരിച്ചുകൂടേ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്ററ് പാർട്ടിക്ക് ഏററവും കൂടുതൽ വിരോധം വന്നത് അവരുടെ നേരെ അഴിമതിയാരോപണം വന്നപ്പോഴല്ല. കാരണം അത് ഐക്യമുന്നണി ഏകോപന സമിതിയിലെ ഉന്നയിക്കാവൂ. അത് നിയമപരമായി ചെയ്യണമെന്ന് നിർബന്ധമുള്ളതുകൊണ്ട് ഏതു രാഷ്ട്രീയപാർട്ടികൾക്കും ഏതു പൊതുജനജിഹ്വകൾക്കും അവകാശമുള്ളതുപോലെ അവരുടെ കീഴിലുള്ള ഡിപ്പാർട്ടുമെൻറുകളിലുള്ള അഴിമതിയെപ്പററി പറഞ്ഞു. അതു പറയുന്നതിൽ ഏററവും കൂടുതൽ ഏററു പിടിക്കുന്നത് അവരായിരുന്നു. ഇലക്ട്രിസിററി ബോർഡിലെ അഴിമതിയെ സംബന്ധിച്ച് പറയുന്ന കൂട്ടത്തിൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമുള്ള ടെയിലറെസ്ഡ്ടണലിൻെറ കാൺട്രാക്ടിലുള്ള കുംഭകോണത്തെ സംബന്ധിച്ച് ഉന്നയിച്ചപ്പോൾ അത് അവർക്ക് എതിരായി കണ്ടു. അതായത് കോഴി കട്ടവൻെറ തലയിൽ പപ്പുണ്ടോ എന്നു ചോദിക്കുമ്പോൾ കുററവാളി തലയിൽ തപ്പുന്നതുപോലെ അവർ ചെയ്തു. ടെയിലറെസ്ഡ്ടണലിനെപ്പററി കഴിഞ്ഞ ദിവസം എം. എൻ. ഗോവിന്ദൻ നായർ മറുപടി പറഞ്ഞപ്പോൾ ഈ നിയമസഭയിൽ ഞാൻ ആദ്യമായി ഉന്നയിച്ച കാര്യങ്ങളും അതിനുശേഷമുണ്ടായിട്ടുള്ള പല കാര്യങ്ങളും ഉണ്ടായിരുന്നിട്ടും ആ വസ്തുതകൾപോലും പഠിക്കാതെ അതിനെക്കുറിച്ച് ചില കാൺട്രാക്ടർമാർക്ക് അനുകൂലമായി ഇഞ്ചിനീയർമാർ എഴുതിക്കൊടുത്ത കാര്യം മാത്രം വെളിപ്പെടുത്തിയത് കേട്ടപ്പോൾ ദുഃഖം തോന്നി. അതിൻെറയൊന്നും വസ്തുതകളിലേക്ക് പോകാൻ എനിയ്ക്കു സമയമില്ല. ടെയിലറെസ്ഡ്ടണലിൻെറ കാര്യത്തിൽ കുഞ്ഞുസാഹിബ്ബിൻെറ ഭരണം വന്നാലും കരുണാകരൻെറ ഭരണം വന്നാലും ആ ഫയലുകൾ വിളിച്ചു പറയും ഗുരുതരമായ കുംഭകോണങ്ങൾ നടന്നിട്ടുണ്ട് എന്ന്. അഞ്ചെട്ടു ലക്ഷം രൂപ ഈ രാജ്യത്തിനു നഷ്ടപ്പെടുത്തിയ കുംഭകോണം ഈ ടണലിൻെറ ഏർപ്പാടുകളിൽ നടന്നിട്ടുണ്ട്. അതു തെളിയാൻ പോകുകയാണ്. ഇതുന്നയിക്കാനുള്ള കാരണം ഇതിനെസംബന്ധിച്ചുള്ള വിവരങ്ങളെല്ലാം അധികാരികളെ മുൻപു തന്നെ അറിയിച്ചിട്ടുപോലും അതിൽ ശ്രദ്ധിക്കാതെയിരിക്കാൻ കാരണം ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ അനുഭാവികമായിട്ടുള്ള ഏതെല്ലാം വക്കീലൻമാർ ഏതെല്ലാം രീതിയിൽ ആരുടെയെല്ലാം അടുത്ത് നിവേദനങ്ങൾ നടത്തിയിട്ടുണ്ടെന്നും അതിനെന്തെല്ലാം പ്രതിഫലങ്ങൾ ഉണ്ടായിരുന്നു എന്നും പൂർണ്ണമായ അന്വേഷണം വരുമ്പോൾ തെളിയിക്കാനുള്ളതായതുകൊണ്ട് ഇപ്പോൾ അതിലേക്ക് ഞാൻ കടക്കുന്നില്ല. അതിനെതിരായി പറയുമ്പോൾ ശ്രീമാൻ മാണിയുടെ ഭാഷയിൽ സംസാരിക്കാൻ എനിക്ക് പരിശീലനം ലഭിക്കാത്തതുകൊണ്ട് സാദ്ധ്യമല്ല. അദ്ദേഹത്തിന് ഇതുപോലെ പറയാം. അതായത് യുക്തിയുടെ രാഹിത്യവും വസ്തുതകളുടെ രാഹിത്യവും കുറെ ആഭാസപദപ്രയോഗങ്ങളും കൊണ്ട് എന്തും നിർവ്വഹിച്ചുകളയാമെന്നുദ്ദേശിക്കുന്ന ചില ആളുകളുണ്ട്. ആവർത്തിച്ചാവർത്തിച്ച് ഓരോന്നു പറഞ്ഞ് ശരിപ്പെടുത്തിക്കളയാമെന്നാണ് ഇവരുടെ ഭാവം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: അവിടെ ഇരിക്കുന്നവർ ഇതുപോലെ പറയുമ്പോഴും ഇതേ മാനദണ്ഡം വച്ചുതന്നെ അളക്കണം ?

ശ്രീ. എൻ. പ്രഭാകരതണ്ടാർ: ബഹുമാനപ്പെട്ട മെമ്പർക്ക് കേരള കോൺഗ്രസ്സിന്റെയും വക്കാലത്തുണ്ടോ ?

ശ്രീ. കെ. എം. മാണി: ആഭാസം എന്താണ് പറഞ്ഞത്. അഴിമതി, കളവ് എന്നൊക്കെ പറഞ്ഞത് ആഭാസമാണോ; ചെയ്തതല്ലേ ?

ശ്രീ. പി. ഗോവിന്ദപ്പിള്ള: അതേ സമയത്ത് ഈ അഴിമതിയാരോപണങ്ങൾ ഇന്നവർ തിരിച്ചടിക്കാൻ ശ്രമിക്കുകയാണ്. തിരിച്ചടിക്കുന്നതുകൊണ്ട് വിരോധമില്ല. ഏത് അഴിമതിയാരോപണങ്ങളെ സംബന്ധിച്ചും അന്വേഷിക്കാം. ഇവരുടെ അഴിമതിയാരോപണത്തിന്റെ ചില സാമ്പിളുകൾ നോക്കണം. ഉദാഹരണത്തിന് മുഖ്യമന്ത്രിക്കെതിരായി ഉന്നയിച്ചിട്ടുള്ള ഒരൊററ ആരോപണത്തിന്റെ സാമ്പിൾ മതി. ശ്രീ. ഗോവിന്ദപ്പിള്ളേ എന്ന് സ്നേഹപൂർവം വിളിച്ച് എന്റെ സ്നേഹിതൻ ശ്രീ. ശേഷൻ ചോദിച്ചതുകൊണ്ട് പറയുകയാണ്. ചെയിസൺ കമ്പനിയുടെ കാര്യം. ചെയിസൺ കമ്പനി എന്നു പറയുന്നത് കോട്ടയം കണ്ടത്തിൽ കെ. സി. എബ്രഹാം എന്ന മനോരമ ഫാമിലിയിൽപെട്ട ഒരാൾ നടത്തുന്ന സ്ഥാപനമാണ്. കേരളത്തിൽ വച്ച് ഏററവും മനോഹരമായ ടൈപ്പ് വാർത്തെടുക്കുന്നത് ഇവരാണ്. കെ. സി. എബ്രഹാമിനെ സംബന്ധിച്ച് കേരളകൗമുദിയുടെ അഭിപ്രായം എന്താണെന്നന്വേഷിക്കണം. കേരളകൗമുദിക്കും മലയാളമനോരമക്കും ജനയുഗത്തിനും എല്ലാം ടൈപ്പു സപ്ലൈ ചെയ്യുന്നത് എബ്രഹാമാണ്. ജനയുഗം റോട്ടറി പ്രസ്സ് ഉൽഘാടനം ചെയ്തപ്പോൾ കെ. സി. എബ്രഹാമിന്റെ ചിത്രം ഫ്രണ്ടു പേജിൽ കൊടുത്ത് നന്ദി രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ആദ്യമായി മോണോടൈപ്പു നടപ്പിലാക്കിയത് ഇദ്ദേഹമാണ്. ശ്രീ. എബ്രഹാമിന്റെ ലിപി പരിഷ്ക്കരണത്തെയും ടൈപ്പുവാർക്കലിനെയുംപററി അറിയാവുന്നവർക്ക് ഇക്കാര്യത്തിൽ യാതൊരു സംശയവും ഉണ്ടാവുകയില്ല. ശൂരനാട്ടു കുഞ്ഞൻ പിള്ള കമ്മിററിയിലുള്ള ആർക്കും ഇതറിയാവുന്നതാണ്. ദേശാഭിമാനിയുമായി അദ്ദേഹത്തിന് അക്കൗണ്ടില്ല. അടുത്ത കാലത്തായി കുറച്ചു ടൈപ്പു വാങ്ങിച്ചിട്ടുള്ളത് മുഴുവൻ വിലയും കൊടുത്താണ്. അദ്ദേഹത്തിന് ഞങ്ങൾ കൊടുക്കാനുള്ളതിനേക്കാൾ മലയാളമനോരമയും കേരളകൗമുദിയും ബാക്കിയുള്ളവരും കൊടുക്കാൻ കാണും. ഞങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ചെറിയ ഒരു അക്കൗണ്ടേ കാണുകയുള്ളു. കാരണം അദ്ദേഹത്തിൽനിന്ന് ടൈപ്പു വാങ്ങിക്കാനുള്ള സാമ്പത്തികശേഷി ഞങ്ങൾക്കില്ല. അദ്ദേഹത്തിന്റെ ടൈപ്പ് ഏററവും നല്ല കാളിററിയാണ്. അദ്ദേഹത്തിന് പതിനായിരം രൂപ കൊടുത്തു. മദ്രാസിൽ നിന്ന് ഇവിടെ വന്ന് ലിപി പരിഷ്ക്കരണ കമ്മിററിയിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ച ആളാണ് അദ്ദേഹമെന്ന് എല്ലാവർക്കും അറിയാം. ഒരു തരത്തിൽ എബ്രഹാം സിസ്ററം എന്നു വിളിക്കത്തക്ക വിധത്തിൽപോലും ലിപി പരിഷ്ക്കരണത്തിന് സംഭാവന ചെയ്ത ആളാണ് അദ്ദേഹം. ഇങ്ങനെയുള്ള ശ്രീ. എബ്രഹാമിന് പതിനായിരം രൂപ കൊടുത്തത് തെററാണോ ? ഇത്തരത്തിലാണ് ആരോപണങ്ങളുടെ പോക്ക്. വേണമെങ്കിൽ ഓരോന്നിനെപ്പററിയും പറയാം. പക്ഷേ ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല.

ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ: ഇതിനേപ്പററി ഒരന്വേഷണം നടത്താൻ തയ്യാറാണോ?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. ഗോവിന്ദപ്പിള്ള:</u> അന്വേഷണം നടത്തിക്കഴിഞ്ഞു. അതിനുശേഷം തെളിഞ്ഞ കാര്യങ്ങളാണ് പറയുന്നത്. അതുകൊണ്ട് അഴിമതിക്കെതിരായ മനോഭാവമൊന്നുമല്ല ഈ കുഞ്ഞുമുന്നണിയുടെ രൂപീകരണത്തിന്റെ കാരണം. അതിന്റെ കാരണം ഇന്ന് ചില പാർട്ടികൾ ബോധപൂർവ്വം ചില പാർട്ടികളുടെ രാഷ്ട്രീയനയത്തിന്റെ ഭാഗമായിരിക്കുന്നു എന്നുള്ളതാണ്. ഐക്യമുന്നണി എന്നുള്ളത് കോൺഗ്രസ്സിനെ സ്ഥാനഭ്രഷ്ടമാക്കി ഇടതുപക്ഷ കക്ഷികൾ കൂടി ഉൾക്കൊള്ളുന്ന കക്ഷികൾ അധികാരത്തിൽ വരിക എന്നുള്ള രാഷ്ട്രീയനയം പൂർണ്ണമായി അംഗീകരിക്കാൻ വളരെയേറെ റിസർവേഷനുള്ള ഒരു പാർട്ടിയാണ് വലതുകമ്മ്യൂണിസ്റ്റുപാർട്ടി അഥവാ ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി. കാരണം ഇവരും ഞങ്ങളുമായി പിരിഞ്ഞശേഷം ഒരു പ്രമേയം പാസാക്കി. പ്രമേയമെന്നു പറയാൻ വയ്യ, അവരുടെ പാർട്ടി പരിപാടി. ഞങ്ങളുമായി പിരിഞ്ഞതിനു ശേഷം ഇൻഡ്യൻ കമ്മ്യൂണിസ്റ്റുപാർട്ടി ഒരു വിശ്വാമിത്രസൃഷ്ടിയായി നിലകൊള്ളുന്നത് എങ്ങനെയാണ് എന്ന് ഒരു പാർട്ടി പരിപാടി തയ്യാറാക്കി. അതിൽ ഒരു പരിപാടി മാത്രം ഉണ്ടായിരുന്നില്ല. കോൺഗ്രസ്സിനെ അധികാരഭ്രഷ്ടമാക്കുക എന്നുള്ളതാണ് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ ദേശീയമുന്നണി തയ്യാറാക്കിയ പരിപാടികളിൽ ഇല്ലാതിരുന്നത്. അന്നു ഞങ്ങൾ വിമർശിച്ചപ്പോൾ പലർക്കും അരിശംകൊണ്ടു. അവസാനം രണ്ടുമൂന്നു കൊല്ലത്തിനുശേഷം പാറ്റ്നായിൽവച്ച് ശ്രീ. ഭൂപേശ്ഗുപ്ത ഒരു പ്രമേയം കൊണ്ടുവന്നു. അന്നൊരു പിടിപ്പുകേടു പററിപ്പോയി. കോൺഗ്രസ്സിനെ അധികാരഭ്രഷ്ടമാക്കേണ്ടതാണെന്ന് പരിപാടിയിൽ ഇല്ലാതിരുന്നത് ശത്രുക്കൾ ഉപയോഗിച്ചതുകൊണ്ടും അവരുടെ സഹായം കൂടാതെതന്നെ കോൺഗ്രസ്സ് തകർന്നുപോയതുകൊണ്ടുമാണ് ആ ഒരു പോയിന്റുകൂടി എഴുതിച്ചേർക്കാൻ ബാദ്ധ്യതപ്പെട്ടതാണോ എന്നു സംശയമുണ്ട്. കോൺഗ്രസ്സിനെ അധികാരഭ്രഷ്ടമാക്കണമെങ്കിൽ ആരുമാരുമായി കൂട്ടുകൂടണം എന്നകാര്യവും ഞങ്ങളിൽ നിന്ന് തെററിപ്പിരിഞ്ഞശേഷം ബോംബെയിൽ കൂടി ആലോചിച്ചു. ഐക്യമുന്നണി എന്ന നിലയിൽ മുസ്ലീം ലീഗ്, ഡി. എം. കെ. മുതലായ പാർട്ടികളുമായി ഒരു കാലത്തും യോജിച്ചുകൂടാ എന്നും അവർ പിന്തിരിപ്പൻ, വിഭാഗീയവാദികളാണെന്നുമാണ് പറഞ്ഞത്. അവസാനം ഈ വാദഗതി പാററ്നായിൽവച്ച് മാറേറണ്ടിവന്നു, എന്തു ചെയ്യണമെന്നായി, ഉണ്ടല്ലോ മാർഗ്ഗം. മുസ്ലീം ലീഗിനെയും, ഡി. എം. കെ. യേയും പുരോഗമനക്കാരാക്കി എടുക്കാം. അപ്പോൾ എന്തുചെയ്തു എന്നറിയേണ്ടേ? ഈ പാർട്ടികളെപ്പററി പറയുന്ന 8-ാം അദ്ധ്യായം അവരുടെ പാർട്ടി പരിപാടികളിൽനിന്നും കീറിക്കളഞ്ഞു. ഇവരുടെ രണ്ടുകൊല്ലം മുൻപുള്ള പാർട്ടി പരിപാടിയും ഇപ്പോഴുള്ള പരിപാടിയും കൂടി നോക്കിയാൽ ഒരദ്ധ്യായം കാണുകയില്ല. ഇതാണ് ഇവരുടെ ആദ്യംമുതൽക്കുള്ള നടപടികൾ. ഈ രാജ്യത്ത് ഏതു തരത്തിലുള്ള ഐക്യമുന്നണി ഉണ്ടായിരിക്കണമെന്നും, കോൺഗ്രസ്സിനെതിരായി ഉണ്ടാക്കുന്ന ഐക്യമുന്നണി ഇൻഡ്യയിലാകെ കോൺഗ്രസ്സിനെ സ്ഥാനഭ്രഷ്ടനാക്കാൻ തക്കതരത്തിലുള്ളതായിരിക്കണമെന്നും ഉള്ള തത്വത്തിലധിഷ്ഠിതമായ ഒരു ജനാധിപത്യ പ്രസ്ഥാനത്തിന്റെ ഘടകമായിട്ടുമാത്രമേ ഏതു സംസ്ഥാനത്തിലും ഐക്യമുന്നണികൾക്കു നിലനിൽക്കാൻ കഴിയൂ. ഈ തത്വം അവർ അംഗീകരിക്കാത്തതുകൊണ്ടാണ് ഈ തകരാറുകളെല്ലാം ഉണ്ടാകുന്നത്. ഇന്ന് കോൺഗ്രസ്സിലെ ഇന്ദിരാഗാന്ധി ഗ്രൂപ്പുമായി സഹകരിച്ചു പ്രവർത്തിക്കുവാനുള്ള പരിപാടികൾ അവർ ആസൂത്രണം ചെയ്തിരിക്കുകയാണ്. അവരുടെ പാർട്ടിയിൽതന്നെ ഇടതും വലതും തമ്മിലുള്ള മൽസരം നടക്കുകയാണ്. രാജേശ്വരറാവുവിന്റെ ഒരു ഗ്രൂപ്പും

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. ഗോവിന്ദപ്പിള്ള]

എസ്. ഏ. ഡാങ്കേയുടെ ഒരു ഗ്രൂപ്പും. ഡാങ്കേ ഗ്രൂപ്പിന്റെ പരിപാടി നമ്പൂതിരിപ്പാടിനെ മര്യാദ പഠിപ്പിക്കണമെന്നാണ്. ശ്രീമാൻ ഡാങ്കേയുടെ ഈ നയം സംസ്ഥാനത്തെ ഇൻഡ്യൻ കമ്മ്യൂണിസ്റ്റു നേതൃത്വം അംഗീകരിക്കുന്നു. ഇതാണ് അവരെ തകരാറിലാക്കിയിരിക്കുന്നത്. സ്വന്തം പാർട്ടിയിലെ ആഭ്യന്തരക്കുഴപ്പംമൂലം കോൺഗ്രസ്സിനെതിരായി ഒരു ഉറച്ച നിലപാടെടുക്കുവാനുള്ള കരുത്തുകുറവും വെറും അന്ധമായ മാർക്സിസ്റ്റു വിരോധവുംമൂലമാണ് കഴിഞ്ഞ രണ്ടുകൊല്ലമായി അഴിമതിയാരോപണ ശ്രമവുമായി ഇവർ രംഗപ്രവേശം ചെയ്തിരിക്കുന്നത്. ആ ശ്രമത്തിനിടയിലാണ് അഴിമതിയുടെ കാര്യത്തിൽ റെക്കാഡ് സ്ഥാപിച്ചിട്ടുള്ള ശ്രീമാൻ കുഞ്ഞ് കയറിവന്നത്. ഇപ്പോൾ ഒരു കുഞ്ഞുമുന്നണി രൂപംകൊണ്ടിരിക്കുകയാണ്. ആ കുഞ്ഞുമുന്നണിയുടെ നേതൃത്വത്തിലുള്ള കൗരവസഭയെ കുരുക്ഷേത്രത്തിൽവച്ച് നേരിടാൻ തീർച്ചയായും ഞങ്ങൾ തയ്യാറാണ്. അന്നു പക്ഷേ പരിഭവം പറയരുതെന്നു മാത്രമേ ഈയവസരത്തിൽ പറയുന്നുള്ളൂ.

ശ്രീ. എം. കെ. ദിവാകരൻ: വിശ്വാമിത്ര സൃഷ്ടിയാണെന്നു പറഞ്ഞല്ലോ; വിശ്വാമിത്രൻ ആരാണ് മേനക ആരാണ്എന്ന് ഒന്നു പറഞ്ഞു തന്നാൽ കൊള്ളാം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സഖാവ് ദിവാകരൻ എന്നേക്കാൾ പണ്ഡിതനാണ്. അദ്ദേഹത്തിന് അറിഞ്ഞുകൂടാത്തതൊന്നുമല്ലല്ലോ.

ശ്രീ. ബി. മാധവൻനായർ: സർ, ഈ 17-ാം തീയതി മുഖ്യമന്ത്രി നിയമസഭയിൽ നടത്തിയ പ്രസ്താവന പക്ഷപാതപരവും രാഷ്ട്രീയമായ ദുരുദ്ദേശത്തോടുകൂടിയതും ഐക്യമുന്നണിയുടെ ഒരു നേതാവെന്നുള്ള നിലയിൽ അദ്ദേഹത്തിനു യോജിക്കാത്തതാണെന്നും ആദ്യമായി പറയാൻ ഞാനാഗ്രഹിക്കുന്നു. ഐക്യമുന്നണിക്ക് ഒരു നേതാവു വേണമെന്ന് ഐക്യമുന്നണി രൂപീകരിച്ച അവസരത്തിൽ ഐക്യമുന്നണിയുടെ രൂപീകരണത്തിൽ പങ്കാളികളായിരുന്ന ഏഴു രാഷ്ട്രീയ കക്ഷികൾ തീരുമാനിക്കുകയുണ്ടായി. ഏഴു രാഷ്ട്രീയ കക്ഷികളുടെ ഏകകണ്ഠമായ അംഗീകാരത്തോടുകൂടിയാണ് സഖാവ് ഇ. എം. ശങ്കരൻനമ്പൂതിരിപ്പാടിനെ ഐക്യമുന്നണിയുടെ നേതാവായി തിരഞ്ഞെടുത്തത്. ആ ഐക്യമുന്നണിയിലെ പങ്കാളികളായ ഭൂരിപക്ഷം കക്ഷികൾക്ക് തങ്ങളുടെ നേതാവിനെ മാററിയെടുക്കാൻ അവകാശമുണ്ടോ ഇല്ലയോ എന്നുള്ളതാണ് ഇവിടെയുള്ള രാഷ്ട്രീയ പ്രശ്നം. ശ്രീ. ഇ. എം. ശങ്കരൻനമ്പൂതിരിപ്പാട് ഐക്യമുന്നണിയിലെ പങ്കാളികളായിരുന്ന രാഷ്ട്രീയ കക്ഷികളിൽ ഭൂരിപക്ഷത്തിന്റെയും പിന്തുണ നഷ്ടപ്പെട്ടിരിക്കുന്ന ഒരു നേതാവാണെന്നു ഞങ്ങൾ പറയുന്നു. അതു പറയാനുള്ള കാരണങ്ങളെ സംബന്ധിച്ചിടത്തോളം എഴുതിക്കൊടുക്കുകയുണ്ടായി. അതിന് അദ്ദേഹത്തിന്റെ വാദമുഖം ഈ നിയമസഭയിൽ ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസ്താവനയിൽ പറയുന്നത് ഈ നാലു കക്ഷികളിലായി ഐക്യമുന്നണിയിലെ ഭൂരിപക്ഷം എം. എൽ. ഏ. മാരും ഇല്ലെന്നാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടു ചോദിക്കുന്നു, അങ്ങ് എം. എൽ. ഏ. മാരെ തിരഞ്ഞെടുത്തതിനുശേഷമാണോ നേതാവായത് അതോ ഐക്യമുന്നണിയുടെ രൂപീകരണസമയത്തുതന്നെ അങ്ങു നേതാവായിരുന്നോ എന്ന്. തിരഞ്ഞെടുപ്പിനു മുൻപാണ് ഐക്യമുന്നണി രൂപീകരിച്ചിട്ടുള്ളത്. തിരഞ്ഞെടുപ്പിനു മുൻപാണ് ഐക്യമുന്നണി മാനിഫെസ്റേറാ ഉണ്ടാക്കിയിട്ടുള്ളത്. സ്ഥാനാർത്ഥികളെ നിർത്തുമ്പോൾത്തന്നെ ഒരു ധാരണയുണ്ടായിരുന്നു. ഘടകകക്ഷികൾ പറഞ്ഞു, ഞങ്ങളുടെ സമുന്നതനായ നേതാവായി ഞങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങയെ അംഗീകരിക്കുന്നുവെന്ന്. ഇന്ന് ഐക്യമുന്നണിയിലുണ്ടായിരുന്ന ഭൂരിപക്ഷം കക്ഷികളും ആവശ്യപ്പെടുകയാണ് 'ഞങ്ങളുടെ നേതാവിനെ മാററണം' എന്ന്. ഞാൻ ചോദിക്കുകയാണ്, നിങ്ങൾക്കുകൂടി സ്വീകാര്യനായ നിങ്ങൾ ആരോപണം ഉന്നയിക്കാത്ത സഖാവ് ടി. കെ. ദിവാകരനെ നേതാവാക്കി ഈ ഐക്യമുന്നണി മുന്നോട്ടു കൊണ്ടുപോകാൻ നിങ്ങൾ തയ്യാറാണോ എന്ന്. ശ്രീ. സി. എച്ച്. മുഹമ്മദുകോയയെ നേതാവാക്കി ഐക്യമുന്നണി മുന്നോട്ടു കൊണ്ടുപോകാൻ ' നിങ്ങൾ തയ്യാറാണോ എന്നു ഞാൻ ചോദിക്കുകയാണ്. കഴിഞ്ഞ മുപ്പതു നാൽപതു കൊല്ലക്കാലമായി നിങ്ങളോടൊത്തു പ്രവർത്തിച്ചിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായരെ നേതാവാക്കി മുന്നോട്ടുപോകാൻ തയ്യാറുണ്ടോ ഇല്ല അതിനൊന്നും നിങ്ങൾ തയ്യാറല്ല. നിങ്ങൾ ഇവിടെ പ്രസംഗിച്ചു കുഞ്ഞുമുന്നണിയാണെന്ന്. ഐക്യമുന്നണിയുടെ നേതൃത്വം വിട്ടുകൊടുത്തുകൊണ്ട് മറേറതെങ്കിലും കക്ഷികളുടെ നേതൃത്വത്തിൽ ഒരു കോൺഗ്രസ്സേതര മന്ത്രിസഭ നിലനിർത്താൻ ആഗ്രഹിക്കാത്തതുകൊണ്ടാണ് ഐക്യമുന്നണിയെ തകർക്കാനുള്ള ഗൂഢാലോചനകളിൽ നിങ്ങൾ പങ്കാളികളായിരിക്കുന്നത്. നിങ്ങളാണ് ഐക്യമുന്നണിയുടെ ഘാതകർ. ഇവിടെയൊരു കോൺഗ്രസ്സേതര ഗവൺമെൻറു വേണം ഐക്യമുന്നണി നിലനിൽക്കണമെന്നെല്ലാം പ്രസംഗിക്കുന്ന എൻെറ എസ്. എസ്. പി. സുഹൃത്ത് ശ്രീ. ശിവരാമഭാരതിയോടു ഞാൻ ചോദിക്കുകയാണ് നിങ്ങൾ അതിനു തയ്യാറുണ്ടോ എന്ന്. ശ്രീമാൻ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ മാററിനിർത്തിക്കൊണ്ട് മറെറാരു നേതാവിനെ തിരഞ്ഞെടുത്ത് അധികാരം തുടർന്നുകൊണ്ടുപോകാൻ, ഒരു കോൺഗ്രസ്സേതര ഗവൺമെൻറ് നിലനിർത്താൻ സാധിക്കുകയില്ലേ എന്നു ഞാൻ ചോദിക്കുകയാണ്.

സർ, അനാവശ്യമായ വാദമുഖങ്ങൾ ഉന്നയിച്ചുകൊണ്ട്, കോൺഗ്രസ്സിൻെറ പക്ഷത്തേയ്ക്കു ഘടകകക്ഷികളെ തള്ളിമാററിക്കൊണ്ട്......

ശ്രീ. എം. രാമുണ്ണി: സർ, ഒരു ചോദ്യം.

ശ്രീ. ബി. മാധവൻ നായർ: ഇല്ല. ഞാൻ വഴങ്ങുന്നില്ല. ഘടകകക്ഷികളെ രാഷ്ട്രീയമായി തേജോവധം ചെയ്തുകൊണ്ട് ഐക്യമുന്നണിയിലെ എല്ലാ കക്ഷികളേയും കള്ളൻമാരാണെന്നും മററും........

ശ്രീ. എസ്. ദാമോദരൻ: സർ, പോയിൻറ് ഓഫ് ഓർഡർ. പ്രസംഗിച്ചുകൊണ്ടിരിക്കുമ്പോൾ ചോദ്യം മുന്നോട്ടു വെച്ചുകഴിഞ്ഞാൽ അതിനു മറുപടി പറയാതെ പോകുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: ആരും ചോദ്യമൊന്നും ചോദിച്ചില്ല.

ശ്രീ. ബി. മാധവൻ നായർ: ഐക്യമുന്നണി രൂപീകരിച്ച സമയത്ത് സ്ഥാനാർത്ഥികളെ നിശ്ചയിക്കുന്നതിനു മുൻപുമുതൽതന്നെ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയെ പ്രത്യയശാസ്ത്രപരമായി എതിർത്തുകൊണ്ടിരുന്നു. സഖാവ് ടി. വി. തോമസും, സഖാവ് എം. എൻ. ഗോവിന്ദൻ നായരും സ്ഥാനാർത്ഥികളായപ്പോൾ നിങ്ങൾ അതിനെതിരായി പരസ്യപ്രസ്താവനകൾ ചെയ്തിരുന്നു. ഞങ്ങൾ അതിനെപ്പററി ചോദിച്ചു. അപ്പോൾ പ്രത്യയശാസ്ത്രപരമായ മൽസരമാണെന്നാണു നിങ്ങൾ പറഞ്ഞത്. ആ പ്രത്യയശാസ്ത്രപരമായ മൽസരം ഐക്യമുന്നണി ഗവൺമെൻറ് നിലവിൽ വന്നതിനു ശേഷവും തുടർന്നുകൊണ്ടേയിരുന്നു. ഞങ്ങൾക്കതിൽ പരിഭവമില്ല.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബി. മാധവൻനായർ]

പക്ഷേ ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരുവിധ അന്താരാഷ്ട്രീയതയോ ദേശീയതയോ പറയാതെയിരുന്നു. അതിന് ഞങ്ങളെ എസ്. എസ്. പി.ക്കാർ കുററപ്പെടുത്തി. ഈയവസരത്തിൽ ഒരു കാര്യം ഓർമ്മപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. ഐക്യമുന്നണിയുടെ കോർഡിനേഷൻ കമ്മിററിയിൽ മുസ്ലീംലീഗിന്റെ സമുന്നതനായ നേതാവായ ശ്രീ. ബാഫക്കിതങ്ങൾ എഴുതി ഒപ്പുവച്ച ഒരു പ്രമേയം ഓർമ്മപ്പെടുത്തുകയാണ്.

''ഐക്യമുന്നണി ഘടകകക്ഷികൾക്ക് സ്വന്തമായി രാഷ്ട്രീയ പ്രവർത്തനം നടത്താൻ സ്വാതന്ത്ര്യമുണ്ടെങ്കിലും ഭരണപരമായി ഏകോപന സമിതിയിൽ ചർച്ചചെയ്ത് അംഗീകരിക്കുന്ന കാര്യങ്ങളെപ്പററി സ്ററേററിനകത്തും പുറത്തും രാഷ്ട്രീയമായ ഭിന്നിപ്പും വടംവലിയും നടത്തുന്നത് ആരോഗ്യകരമല്ല. അതിനാൽ നേതാക്കളും ജനപ്രതിനിധികളും മന്ത്രിമാരും കോർഡിനേഷൻ കമ്മിററിയംഗങ്ങളും ഇത്തരം ആശയക്കുഴപ്പങ്ങളുണ്ടാകുന്ന പ്രസ്താവനാ സമരങ്ങളിൽനിന്നും ഒഴിയേണ്ടതും ഐക്യം അഭംഗുരം നിലനിർത്താൻ ശ്രമിക്കേണ്ടതുമാണ്. മിനിമം പരിപാടിയിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഐക്യമുന്നണിയിലെ ഘടകപാർട്ടികളുടെ അഖിലേന്ത്യാനയം എന്തുതന്നെയായിരുന്നാലും കേരളത്തിലെ ഐക്യമുന്നണി ഗവൺമെൻറ് യോജിച്ച് അംഗീകരിക്കുന്ന മിനിമം പരിപാടി നടപ്പിലാക്കുവാൻ നേതാക്കൻമാർ പരിശ്രമിക്കേണ്ടതും ഐക്യത്തിനു ഹാനികരമായി പ്രവർത്തിക്കുവാൻ പാടില്ലാത്തതുമാണ്'' ഇതാണ് പ്രമേയം. ഈ പ്രമേയം ചർച്ചചെയ്ത് ശ്രീ. അഴീക്കോടൻ രാഘവൻ ഒപ്പുവച്ച മിനിററ്സിന്റെ കോപ്പി എന്റെ കൈയിലുണ്ട്:

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: ഏതു രേഖയിലാണെന്നു പറയാതെ ഇങ്ങനെ എന്തെങ്കിലും പറയുന്നതു ശരിയാണോ?

ശ്രീ. ബി. മാധവൻനായർ: മുസ്ലീംലീഗിന്റെ പ്രസിഡൻറ് ശ്രീ. അബ്ദുറഹിമാൻ ബാഫക്കിതങ്ങൾ ഒപ്പുവച്ച് 2-11-1967-ലെ കോർഡിനേഷൻ കമ്മിററിയിൽ സമർപ്പിച്ച നിർദ്ദേശങ്ങളുടെ ഒരു ഭാഗമാണ് ഞാൻ വായിച്ചത്. അതിന്റെ അടിസ്ഥാനത്തിൻ നവംബർമാസത്തിൽ തന്നെ ഏകോപന സമിതി കൂടുകയും അവസാനമായി അതിനെ സംബന്ധിച്ച് തീരുമാനമെടുക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ഒരു പ്രമേയം അംഗീകരിച്ചതിനുശേഷം ഞങ്ങളെസംബന്ധിച്ചിടത്തോളം ഒരു പ്രതിസന്ധിയുണ്ടായി. അഖിലേൻഡ്യാനയം എന്തുതന്നെയായിരുന്നാലും മിനിമം പരിപാടിയുടെ അടിസ്ഥാനത്തിൽ ഉറച്ചുനിൽക്കണമെന്നു ഞങ്ങൾ തീരുമാനിച്ചു. അന്നു ഞങ്ങളുടെ പാർട്ടിയുടെ അഖിലേൻഡ്യാ സെക്രട്ടറി ഞങ്ങൾക്ക് എഴുതിയത് ഇതാണ്. 15-4-1968-ൽ എസ്. എസ്. പി. നാഷനൽ കമ്മിററി അയച്ച ഒരു കത്താണ്. അതിൽ പറയുന്നത് * * * * on the contrary it would be easier for the Keralaparty to get out of the Government on this issue* * * ഇതാണ്. എന്തുതന്നെയായിരുന്നാലും ഐക്യമുന്നണി ഗവർമ്മെൻറിൽനിന്നും വിട്ടുപോരാൻ ഇതൊരവസരമായി വിനിയോഗിക്കണമെന്നു പറഞ്ഞിരിക്കുകയാണ്. പക്ഷേ ഞങ്ങൾ അതിനെപ്പററി ചർച്ച ചെയ്തപ്പോൾ അഖിലേൻഡ്യാ നയം എന്തുതന്നെയായിരുന്നാലും ഞങ്ങൾ കൂടി ഒപ്പുവച്ച പ്രമേയത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങൾ നിലനിർത്താൻ വേണ്ടിയാണ് അതിനെതിരായി ഞങ്ങൾ നിലപാടു സ്വീകരിച്ചത്. അതു തെററായിപ്പോയിയെന്നാണ് എസ്. എസ്. പി. ക്കാർ പറയുന്നത്. അതവർ ഉൾക്കൊള്ളുന്ന

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യയശാസ്ത്രമാണ്. അവരുടെ അഭിപ്രായമാണ്. ഏഴു കക്ഷികൾ ഉൾക്കൊണ്ട മുന്നണിയിൽ ഞങ്ങളിൽനിന്നും വിട്ടുപോയ ആളുകൾ രൂപീകരിച്ച അഖിലേൻഡ്യാ സോഷ്യലിസ്ററു പാർട്ടിക്ക് ഇന്നത്തെ ഐക്യമുന്നണിയിൽ പ്രാതിനിധ്യമുണ്ട്.

ശ്രീ. എം. രാമുണ്ണി: സർ, 'ഞങ്ങളുടെ പാർട്ടിയുടെ അഖിലേൻഡ്യാ സെക്രട്ടറി' എന്ന് തെററായി എസ്. എസ്. പിയുടെ (ഞങ്ങളുടെ) സെക്രട്ടറിയുടെ രേഖകൾ ഇവിടെ ഉദ്ധരിക്കുന്നത് ഓർഡറിലാണോ?

ശ്രീ. ബി. മാധവൻ നായർ: സർ, അന്ന് ഞാൻ നിയമസഭാ പാർലിമെൻററി പാർട്ടിയുടെ സെക്രട്ടറിയാണ്. അന്ന് എനിക്ക് അയച്ചുതന്ന കത്താണ്. ഇന്ന് അങ്ങേരാണോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. അഖിലേൻഡ്യാ സംയുക്ത സോഷ്യലിസ്ററു പാർട്ടിയുടെ നയമനുസരിച്ചാണെന്നാണ് പറയുന്നത്. അവർ ഇന്ന് ഐക്യമുന്നണിയിലുണ്ട്. ഇതേ ഐക്യമുന്നണിയിലുണ്ടായിരുന്ന കെ. ടി. പി. രണ്ടായി പിളർന്നപ്പോൾ ശ്രീമാൻ തോമസിൻെറ നേതൃത്വത്തിൽ രൂപീകരിച്ച കർഷക പാർട്ടി ഇന്ന് ഞങ്ങളുടെ കൂടെ ഉണ്ട്. അപ്പോൾ അഞ്ചുപാർട്ടികളാണ് ഞങ്ങൾ. എന്നാൽ നാലു കക്ഷികളാണെന്ന് മുഖ്യമന്ത്രി കക്ഷി തിരിച്ചുകൊണ്ട് പറഞ്ഞു. പഞ്ചപാണ്ഡവൻമാർ ഇപ്പുറത്തും കൗരവൻമാർ അപ്പുറത്തുമാണെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, അങ്ങനെ പറയുന്നതു ശരിയല്ല. പാഞ്ചാലി ഇങ്ങേവശത്തില്ലല്ലോ ?

ഡെപ്യൂട്ടി സ്പീക്കർ: ആർഡർ, ആർഡർ.

ശ്രീ. ബി. മാധവൻ നായർ: സർ, ഒരു കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാനാഗ്രഹിക്കുകയാണ്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17-ാം തിയതി നടത്തിയ പ്രസ്താവനയെപ്പററി. ഐക്യമുന്നണിയെ സംബന്ധിച്ചിടത്തോളം അതിലെ ഏററവും ഭൂരിപക്ഷമുള്ള കക്ഷിയെ സംബന്ധിച്ചിടത്തോളം അങ്ങുന്നയിച്ച ആരോപണങ്ങളും അങ്ങ് എടുത്ത നടപടികളും തീകനലിനെ കടലാസുകൊണ്ടു പൊതിയാനുള്ള ശ്രമമായിരുന്നു. തീകനലിനെ കടലാസുകൊണ്ടു പൊതിഞ്ഞാൽ കടലാസു കരിഞ്ഞു പോവുകയല്ലാതെ തീക്കനലിന് നാശമുണ്ടാകുകയില്ലെന്ന് അങ്ങയെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ രാജ്യത്തു വളർന്നുവരുന്ന പ്രതിപക്ഷ കക്ഷികളുടേയും ഇടതുപക്ഷ ശക്തികളുടെയും ഐക്യത്തിനെതിരായി, യോജിപ്പിനെതിരായി മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടി എന്തെല്ലാംതന്നെ ദുഷ്പ്രചരണങ്ങൾ ഈ രാജ്യത്തു നടത്തിയിരുന്നാലും അതു വിലപ്പോവുകയില്ല, സർ.

സർ, ഫയൽ നമ്പർ ചൂണ്ടിക്കാണിച്ചുകൊണ്ട് ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുന്നു. ഒരു ശ്രീ. ശങ്കരനാരായണൻ എന്ന അഡ്വക്കേററിനെ ഹൈക്കോടതിയിൽ ഡ്രാഫ്ററിംഗ് കൗൺസലായി 800 രൂപാ ശമ്പളത്തിൽ ഈ ഗവൺമെൻറു നിയമിച്ചിട്ടുണ്ട്. ഭരണകക്ഷിയിലില്ലാത്ത ഒരു കക്ഷി മാർക്സിസ്ററുകാരുടെ അഴിമതിക്കെതിരായി വാദിച്ചപ്പോൾ അവർക്കുവേണ്ടി പാരിതോഷികമായി കൊടുത്തതാണ് ഇത്. ശ്രീമാൻ അബുവിൻെറ ഒരു ബന്ധുവായ അഡ്വക്കേററ് ശ്രീ. കല്പററ അബുബേക്കറിനെ ഏ. പി. പി. യായി ഈ ഗവൺമെൻററ് നിയമിക്കുകയുണ്ടായി. അദ്ദേഹത്തെ നിയമിച്ചത് എങ്ങനെയാണെന്നറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ബി. മാധവൻ നായർ]

വയർലസ്സ് വഴി. വയർലസ്സ് വഴി നിയമന ഉത്തരവുകൊടുത്തുകൊണ്ട് ഏ. പി. പി. യായി അദ്ദേഹത്തെ നിയമിക്കുകയുണ്ടായി. സംയുക്ത സോഷ്യലിസ്റ്റു പാർട്ടിയുടെ പിൻതുണയ്ക്കുള്ള ഒരു പാരിതോഷിക മായിരുന്നു സർ, ഇത്. തിരുവനന്തപുരം ജില്ലയിൽ ഓടിക്കൊണ്ടിരിക്കന്നു ചില പ്രൈവററു ബസ്സുകളുടെ റൂട്ടുകൾ (മടത്തറ) ശ്രീമാൻ മററപ്പള്ളി മജീദിന് അനർഹമായി അനുവദിച്ചു കൊടുത്തതാണ്.

ശ്രീ. മററപ്പള്ളി മജീദ്: പച്ചക്കള്ളമാണു, സർ.

ശ്രീ. ബി. മാധവൻ നായർ: തെളിയിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഞാൻ രാജിവയ്ക്കാൻ തയ്യാറാണ്. പക്ഷെ ശ്രീമാൻ മജീദും അതിനു തയ്യാറാ കണം. അങ്ങനെ സംയുക്ത സോഷ്യലിസ്ററു പാർട്ടി മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ [* * * * * * * * * * * *] ഇവിടെ പ്രസംഗങ്ങൾ നടത്തുന്നതെന്ന് ഞാൻ ആരോപണമുന്നയിക്കുക യാണു, സർ.

(സഭയിൽ ബഹളം)

ശ്രീ. എം. രാമുണ്ണി: ഒരു രാഷ്ട്രീയ പാർട്ടിയിൽ നിന്ന ആളുകൾ ആ പാർട്ടിയെ കൈവിട്ടുകൊണ്ട്, മന്ത്രിസ്ഥാനം രാജിവെയ്ക്കണമെന്ന് പറഞ്ഞപ്പോൾ പാർട്ടിയെ കൈവിട്ടുകൊണ്ട് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ പിന്നാലെ മന്ത്രിസ്ഥാനത്തിനുവേണ്ടി ഭിക്ഷാം ദേഹികളെപ്പോലെ............

Dy. Speaker: No, no. This cannot be allowed.

ശ്രീ. മററപ്പള്ളി മജീദ്: സർ, ഒരു കക്ഷിയിൽ ഉറച്ചു നിൽക്കുന്നവർ ക്കെതിരായി ഗുരുതരമായ ആരോപണങ്ങൾ ഇങ്ങനെ ഉന്നയിക്കുന്നതു ശരിയാണോ, സ്പീക്കർക്ക് എഴുതി തന്നിട്ടുണ്ടോ ?

Dy. Speaker: Order, order. Let him continue.

ശ്രീ. ബി. മാധവൻ നായർ: 1966 ഏപ്രിൽ മാസത്തിൽ, 3, 4 എന്നീ തീയതികളിൽ രാജസ്ഥാൻ കോട്ടയിൽ വച്ച് സംയുക്ത സോഷ്യ ലിസ്ററു പാർട്ടി സ്വീകരിച്ച നയപ്രഖ്യാപനത്തിലെ ചില ഭാഗങ്ങൾ ഞാൻ ഇവിടെ വായിക്കാൻ ആഗ്രഹിക്കുകയാണ്.

[* * * * * * * * * * *]

സർ, അവരുടെ നയപ്രഖ്യാപനത്തിൽ പറയുന്നത് ഇങ്ങനെയാണ് "ഗവൺമെൻറിൻെറ ഭരണവിഭാഗം ആവശ്യമില്ലാതെ വളർന്നുവരുന്നു. ഗവൺ മെൻറിനെ നിയന്ത്രിക്കാനും പ്രതി ബന്ധങ്ങൾ സൃഷ്ടിക്കാനും സ്വന്തം കക്ഷിയിൽപെട്ടവരെ ഉപയോഗിക്കുന്നു. അവർക്കുവേണ്ടിയാണ് ഇന്നത്തെ ഭരണക്കാർ പരിശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഈ ഭരണകൂടത്തെ നിലനിറുത്തിക്കൊണ്ട് ഇത്തരം അഴിമതികൾക്ക് കൂട്ടുനിൽക്കാൻ എസ്. എസ്. പി. ആഗ്രഹിക്കുന്നില്ല" ഇതാണു സർ, ആ നയപ്രഖ്യാപന ത്തിൻെറ പ്രസക്തഭാഗം. എന്നിട്ട്, ഇവിടെ സ്വന്തം ആളുകൾക്ക്, സ്വന്തം കക്ഷിയിൽപെട്ടവർക്ക് ഉദ്യോഗം കൊടുത്തപ്പോൾ ഈ എസ്. എസ്. പി. ക്കാരുടെ നാവു പൊങ്ങുന്നതു ഞങ്ങൾ കണ്ടില്ല.

[* *] Expunged under the orders of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യനോട് ഞാൻ അഭ്യർത്ഥിക്കുന്നു. അങ്ങ് ജർമ്മനിയിലേക്കു പോയിരുന്നപ്പോൾ മുൻ ധനകാര്യമന്ത്രി ശ്രീ. പി. കെ. കുഞ്ഞ് ലോട്ടറിസ് വകുപ്പിന്റെ ചാർജ്ജ് വഹിച്ചിരുന്ന അവസരത്തിൽ അഴിമതി കുററത്തിനുവേണ്ടി നടപടിയെടുത്തു നിർത്തിയിരുന്ന ഉദ്യോഗസ്ഥനെ വീണ്ടും ആനുകൂല്യങ്ങൾ കൊടുത്തുകൊണ്ട് പുനർനിയമനം നടത്താനുള്ള ഫയൽ മേശപ്പുറത്തു വന്നിട്ടുണ്ട്. അത് അഴിമതിയല്ലേ ? അതു സ്വജനപക്ഷപാതമല്ലേ? പരിശോധിക്കണമെന്ന് ഞാൻ അങ്ങയോട് അഭ്യർത്ഥിക്കുന്നു. ഐക്യമുന്നണിയുടെ സൽപേരിനുവേണ്ടി, ഐക്യമുന്നണിയുടെ നിലനിൽപിനുവേണ്ടി ഈ വൈകിയവേളയിലെങ്കിലും അങ്ങ് നേതൃസ്ഥാനത്തുനിന്നും മാറി നിന്നുകൊണ്ട് എല്ലാവർക്കും സ്വീകാര്യനായ മറെറാരാൾക്ക് സ്ഥാനമൊഴിഞ്ഞുകൊടുക്കുക. അതിനു സാധിച്ചില്ലെങ്കിൽ ഇപ്പുറത്തു വന്നിരുന്നുകൊണ്ട് ഭരിക്കാൻ തയ്യാറുള്ളവരെ അതിനനുവദിക്കുക എന്നുമാത്രമേ ഈ അവസരത്തിൽ എനിക്കു പറയാൻ ഉള്ളു.

ശ്രീ. കെ. ചാത്തുണ്ണിമാസ്ററർ: സർ, അപ്പുറത്തുള്ളവരുടെ കുറെ പ്രസംഗങ്ങൾ ഞാൻ കേൾക്കുകയായിരുന്നു. എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടു കേട്ടതിനുശേഷം ഇതുപോലെ ഒരു കിളിപ്പാട്ട് ഞാൻ കേട്ടിട്ടില്ല. സർ, ഈ പ്രസംഗത്തിൽ ഒരു പുതുമയുമില്ല.. നമ്മുടെ കോൺഗ്രസ്സ് സ്നേഹിതൻമാരും കേരളാ കോൺഗ്രസ്സ് സ്നേഹിതൻമാരും കുറെ ക്കാലമായി ഇവിടെ പറഞ്ഞു വരുന്നതാണ്. അതു പിന്നെ നമ്മുടെ കുഞ്ഞു മുന്നണിയിലെ കിളികൾ കൂടി മാർക്സിസ്ററു വിരുദ്ധ പൂരപ്പാട്ടായിട്ട് പാടാൻ തുടങ്ങിയതായിട്ടേ എനിക്കു തോന്നുന്നുള്ളു. ഈ പൂരപ്പാട്ടിന്റെ രണ്ട് അദ്ധ്യായമാണ് ഇവിടെ വായിച്ചു കേട്ടത്. മാർക്സിസ്ററു കമ്മ്യൂണിസ്ററുപാർട്ടിയുടെ വൻപാർട്ടിമേധാവിത്വത്തെപ്പററിയുള്ളതാണ്. ഇതും വളരെമുമ്പേ കേൾക്കുന്നതാണ്. ആദ്യമായിട്ട് ഇതു തുടങ്ങിയത് നമ്മുടെ വലതുകാരാണ്.

ഡെപ്യൂട്ടി സ്പീക്കർ: വലതു കമ്മ്യൂണിസ്ററു പാർട്ടിയെന്ന് വിളിക്കരുതെന്ന് ഇന്നലെ ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയെന്നു പറയണം.

ശ്രീ. കെ. ചാത്തുണ്ണിമാസ്ററർ: വെള്ളിക്കാലിനെ വെള്ളിക്കാലെന്നു വിളിക്കുമ്പോൾ കമ്മ്യൂണിസമില്ലാത്ത വലതുകാരെ കമ്മ്യൂണിസ്റെറന്നോ മറേറാ വിളിക്കുന്നത്—ഏതായിരുന്നാലും അപ്പുറത്ത് ഇരിക്കുന്ന കമ്മ്യൂണിസ്ററുകാരെന്നു വിളിക്കാം. ആ പാപം ഞാൻ ഏററുപറയുന്നു. ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി . അവരാണ് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ . വൻപാർട്ടിമേധാവിത്വത്തെപ്പററി വളരെ മുമ്പേ സംസാരിക്കാൻ തുടങ്ങിയത്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: കമ്മ്യൂണിസ്ററു പാർട്ടിയിൽ മാർക്സിസം ഉള്ളതെന്നും ഇല്ലാത്തതെന്നും ഉണ്ടോ ?

ശ്രീ. കെ. ചാത്തുണ്ണിമാസ്ററർ: നിങ്ങളുടെ കമ്മ്യൂണിസത്തെപ്പററിയാണ് ഞാൻ ഇനി പറയാൻ പോകുന്നത്. കമ്മ്യൂണിസ്ററു പാർട്ടിയിലെ വലിയ കൈവഴിയാണെന്നാണ് അവരുടെ ധാരണ. അതില്ലെന്നു തോന്നിയപ്പോഴാണ് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ വൻപാർട്ടി മേധാവിത്വത്തെപ്പററി പറയാൻ തുടങ്ങിയത്. പണ്ട് നമ്മുടെ രാജ്യത്ത്

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ]

ഇട്ടിയാൻ എന്നൊരാരാം ഉണ്ടായിരുന്നു. അദ്ദേഹത്തിന് ഭ്രാന്തുണ്ടായിരുന്നു. അദ്ദേഹം പറയാറ് ഉതുപ്പ് എന്നെ നോക്കുന്നു എന്നാണ്. ഉതുപ്പ് എന്ന് പറഞ്ഞാൽ സൂര്യൻ എന്നാണ് അർത്ഥം. അയാളുടെ ധാരണ ഉതുപ്പ്, സൂര്യൻ അയാളെ നോക്കുന്നു എന്നാണ്. അതുപോലെയാണ് അപ്പുറത്തിരിക്കുന്ന കമ്മ്യൂണിസ്റ്റുകാർ വൻപാർട്ടിമേധാവിത്വത്തെപ്പററി പറയുന്നത്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ വൻ പാർട്ടി....................

ശ്രീ. ടി. എ. മജീദ്: പറഞ്ഞ സ്ഥലം കുതിരവട്ടമല്ലേ ?

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): സർ, കുതിരവട്ടം എന്നു പറഞ്ഞത് പിൻവലിക്കണം.

ശ്രീ. കെ. മൊയ്തീൻ കുട്ടി ഹാജി: അതു ഒരു സ്ഥലമല്ലേ ?

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: ഈ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ വൻപാർട്ടിമേധാവിത്വത്തെപ്പററി മുസ്ലീംലീഗുകാർക്ക് ഇത്ര ബോധോദയമുണ്ടായത് എന്നാണ്?

ശ്രീ. ആർ. എസ്. ഉണ്ണി: കഥ പറഞ്ഞു തീർന്നില്ല.

ഡെ: സ്പീക്കർ: പ്രസംഗിക്കുന്നവരുടെ ഇഷ്ടത്തിനനുസരിച്ചാണ് പ്രസംഗിക്കുന്നത്. മററു മെമ്പർമാർ പറയുന്നതുപോലെ പ്രസംഗിക്കാൻ സാദ്ധ്യമല്ല.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: ഭ്രാന്തുപിടിച്ച വലതു കമ്മ്യൂണിസ്ററുകാരുടെ പ്രേതം ഈ മുസ്ലീംലീഗുകാരെ ബാധിച്ചതെന്നാണെന്നാണ് ഞാൻ ചോദിക്കുന്നത്.

ഞാൻ പറയാൻ ആരംഭിച്ചതേയുള്ളു. ഈ മുസ്ലീംലീഗുകാർ വൻപാർട്ടി മേധാവിത്വത്തെപ്പററി സംസാരിക്കാൻ തുടങ്ങിയിട്ട് ആഴ്ചകളേ ആയുള്ളു. എന്താണ് ഇതിൽ ഇത്രമാത്രം സംസാരിക്കാനിരിക്കുന്നത്. മാത്രമല്ല ഐക്യമുന്നണിക്കകത്ത് മുസ്ലീംലീഗും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയും ഒററക്കെട്ടാണെന്ന് ഈ ലോകമെല്ലാം പ്രചാരവേല നടത്തിയതാണ്. മുസ്ലീംലീഗിന്റെയും ഇസ്ലാമിന്റെയും തത്വങ്ങളും ബഹുമാനപ്പെട്ട ബാഫഖി തങ്ങളും ശ്രീ. സി. എച്ച്. മുഹമ്മദുകോയയും നമ്പൂതിരിപ്പാടിന് അടിയറവച്ചുവെന്നും കമ്മ്യൂണിസത്തിന്റെ സകലമാന തത്വങ്ങളും ശ്രീ. നമ്പൂതിരിപ്പാട് സി.എച്ച്. മുഹമ്മദുകോയക്ക് അടിയറവച്ചു എന്നും ഈ ഐക്യമുന്നണി നാരദൻമാർ ഈ രാജ്യത്ത് വളരെക്കാലം പറഞ്ഞു പരത്തിയതാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയും മുസ്ലീംലീഗും തമ്മിൽ ഉണ്ടായിരുന്ന ബന്ധം തകർന്നുകൊണ്ടിരുന്നത് ഈ ഒരൊററ വാചകത്തിലായിരുന്നു. എന്താണ് യഥാർത്ഥത്തിൽ കഴിഞ്ഞ കാലങ്ങളിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി മുസ്ലീംലീഗിനോട് ചെയ്തത്, എന്തപരാധമാണ് ഞങ്ങൾ ചെയ്തത്? മുസ്ലീംലീഗ്, മുസ്ലീങ്ങൾ അടക്കമുള്ള ജനസാമാന്യത്തിനുവേണ്ടി ചെയ്ത മഹാകാര്യങ്ങളെപ്പററി ശ്രീ. സി. എച്ച്. ഇവിടെ പറഞ്ഞ് അഭിമാനിക്കുന്നതുകേട്ടു. ഈ ഏതെങ്കിലും കാര്യത്തിൽ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി എതിരായിരുന്നോ ? എന്തിനധികം പറയുന്നു, അടുത്തകാലത്ത് പ്രസിദ്ധവും

LIBRARY ARCHIVES Kerala Legislative Assembly

കുപ്രസിദ്ധവുമായിത്തീർന്നതാണ് മലപ്പുറം ജില്ല. ആ മലപ്പുറം ജില്ല യുടെ കാര്യത്തിൽപോലും അതിന്റെ ശത്രുക്കൾ മററ് ആരുടെ ചോരയേക്കാളും ഞങ്ങളുടെ ചോരയ്ക്കുവേണ്ടി ദാഹിച്ചപ്പോൾ വിരിമാറുകാട്ടി അതിനെ നേരിട്ടുകൊണ്ട് മുന്നോട്ടു കൊണ്ടുപോകാനല്ലേ ശ്രമിച്ചത് ? മുസ്ലിംലീഗും ഞങ്ങളും തമ്മിൽ യാതൊരു എതിർപ്പും ഉണ്ടായിരുന്നില്ല.

ഈ കുഞ്ഞു മുന്നണി ഐക്യമുന്നണിയുടെ കൊലക്കയറാണു, സർ. ഈ രാജ്യത്തെ മുസ്ലിംലീഗിന്റെ നിക്ഷിപ്തതാൽപര്യവും ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ മാർക്സിസ്ററു വിരോധവും കൂടി കൂട്ടിപ്പിരിച്ചാണ് ഈ കൊലക്കയർ ഉണ്ടാക്കിയത്. മുസ്ലീംലീഗിന്റെ നിക്ഷിപ്തതാൽപര്യം എന്നു പറയുന്നത് കാർഷികബന്ധബില്ലിനെക്കുറിച്ചാണ്. അത് പാസ്സാക്കാൻവേണ്ടി അവർ പുരപ്പുറത്തു കയറി പിന്തുണനൽകി എന്നു പറയുകയുണ്ടായി. അതുകൊണ്ടായില്ലല്ലോ. വായിലായത് വയററിലിറക്കാൻ സമ്മതിക്കാത്ത ഒരു നയമാണ് അവർക്കുള്ളത്. അവർ നൽകിയത് പിൻതാങ്ങലായിരുന്നില്ല. കാർഷികബന്ധബിൽ പാസ്സാക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ളതല്ല പ്രശ്നം. അതു നടപ്പാക്കാൻ കഴിയുമോ എന്നുള്ളതാണു പ്രശ്നം.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഒരു ചോദ്യം..........

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: സർ, ഞാൻ വഴങ്ങുന്നില്ല.

ശ്രീ. പി. എം. അബൂബേക്കർ: സർ, ഒരുചോദ്യം ....

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: സർ, ഞാൻ വഴങ്ങുന്നില്ല.

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു ചോദ്യം.........

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ; സർ, ഞാൻ വഴങ്ങുന്നില്ല.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഒരു ചോദ്യം........

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: എന്റെ ഐക്യമുന്നണിയിലുള്ളവർക്ക് ഞാൻ വഴങ്ങിക്കൊടുത്തില്ല. പിന്നെയാണോ നിങ്ങൾക്ക്?

ശ്രീ. പി. എം. അബൂബേക്കർ: നമ്മൾ നാട്ടുകാരല്ലേ ഒന്നു വഴങ്ങണം.

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: അതൊക്കെ നാട്ടിൽപ്പറയാം.

ഭൂപരിഷ്ക്കരണ ബിൽ ഏതാണ്ട് പാസാകുമെന്നുള്ള നിലയിലെത്തിയപ്പോഴാണ് മാർക്സിസ്ററുപാർട്ടിയുടെ വൻപാർട്ടി മേധാവിത്വം മുസ്ലീംലീഗിലേക്കു പകർച്ചവ്യാധിപോലെ പടർന്നുപിടിച്ചത്.

ശ്രീ. കെ. എം. ജോർജ്ജ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ബഹുമാനപ്പെട്ട ചാത്തുണ്ണിമാസ്ററർ ഈ നാട്ടിലുള്ള ഭൂമിയെല്ലാം കൈയേറുമെന്ന് പ്രചരണം നടത്തിയിട്ട് സഭയിൽവന്ന് ഇത്തരത്തിൽ പറയുന്നത് ഓർഡറിലാണോ ?

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ: സർ, ഇതാണോ പോയിൻറ് ഓഫ് ഓർഡർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ശ്രീ. ചാത്തുണ്ണി മാസ്ററർ 'ചിന്ത' യിൽ മുസ്ലീംലീഗ് ഭൂനയബില്ലിന് മൗലികമായി എതിരല്ലെന്നു ലേഖനമെഴുതിയിട്ട് സഭയിൽവന്ന് അതിനെതിരായി പറയുന്നത് ഓർഡറിലാണോ ?

ഡെപ്യൂട്ടി സ്പീക്കർ: അത് സഭയുടെ ശ്രദ്ധയിൽ വന്നിട്ടില്ല.

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: സർ, അത് ആരോ പറഞ്ഞുകേട്ടതാണ്. സർ, ബില്ലിന് പിന്തുണ കൊടുത്തതുകൊണ്ട് എല്ലാമായി എന്നു വിചാരിക്കുന്നതു ശരിയല്ല. ആ ബിൽ നടപ്പാക്കണമെങ്കിൽ ഇനിയും എത്രയോ തടസ്സങ്ങളെ നേരിടേണ്ടതുണ്ട്. അതു നടപ്പിലാക്കിയാൽ ഈ രാജ്യത്ത് ജൻമിസംപ്രദായം ഇല്ലാതാകും. മുസ്ലീംലീഗിൽ കുറെ പാവപ്പെട്ട മാപ്പിളക്കൃഷിക്കാർ കുടികിടപ്പുകാരായുണ്ട്. അവരാണ് മുസ്ലീംലീഗിൻെറ രാഷ്ട്രീയ ശക്തിയെങ്കിലും മുസ്ലീംലീഗിൽ ചില മഹാത്മാഗാന്ധിമാരുണ്ട് സർ. അവരാണ് ഈ രാജ്യത്തെ ഏററവും വലിയ ജൻമിമാരും ഭൂപ്രഭുക്കൻമാരും. അക്കാര്യം എല്ലാവർക്കുമറിയാം. ഈ വർഗ്ഗത്തെ നശിപ്പിക്കാൻവേണ്ടിയുള്ളതാണ് ഈ ബിൽ. ആ ജൻമിമാരോടും ഭൂപ്രഭുക്കൻമാരോടും അഞ്ചുവർഷത്തെ കരാറുണ്ടാക്കിയതുകൊണ്ട് ഭരണത്തിൽ തുടരാൻ അനുവദിക്കണമെന്ന് ബാഫക്കിത്തങ്ങളോ മുഹമ്മദുകോയയോ പറഞ്ഞാൽ നടക്കില്ല.

ശ്രീ. ഇ. അഹമ്മദ്: 31 മാസം അവരുടെ കൂടെയല്ലേ നടന്നത് ?

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: ഈ ബിൽ നടപ്പിലാക്കാതിരിക്കണമെങ്കിൽ ഐക്യമുന്നണിയെ തകർക്കുക എന്നുള്ളതല്ലാതെ അവർക്ക് രക്ഷയില്ല. ഇതാണ് മുസ്ലീംലീഗിന് മാർക്സിസ്ററു വൻപാർട്ടി മേധാവിത്വത്തെപ്പററി തോന്നാനുള്ള കാരണം. സർ, മലപ്പുറം ജില്ല രൂപീകരിച്ചപ്പോൾ അതൊരു മിനി പാകിസ്ഥാനാണെന്ന് ശത്രുക്കൾ പറഞ്ഞുപരത്തിയിരുന്നു. പക്ഷേ മുസ്ലീംലീഗുകാർ അത് സ്വന്തം ജില്ലയായാണ് കാണുന്നത്. അത് അവരുടെ കുത്തകരാഷ്ട്രീയത്തിൽപ്പെട്ട ജില്ലയായാണ് കാണുന്നത്. ഇത് സത്യസന്ധമായി പറയുകയാണ്........

ശ്രീ. കെ. എം. മാണി: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. ഇതൊരു പോളിസി ക്വസ്ററ്യൻ എന്നുള്ള നിലയിൽ മലപ്പുറം ജില്ലയെ സംബന്ധിച്ചിടത്തോളം പിന്നോക്ക പ്രദേശങ്ങൾക്കു കിട്ടിയ ജില്ലയാണെന്നു പറഞ്ഞതിനുശേഷം നിക്ഷിപ്തതാൽപര്യത്തിനുവേണ്ടിയുള്ളതാണെന്നു പറയുന്നത് ഓർഡറിലാണോ ?

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: മലപ്പുറം ജില്ലയിൽ മുസ്ലീംലീഗിൻെറ രാഷ്ട്രീയ കുത്തകയും നിക്ഷിപ്തതാൽപര്യവും നിലനിറുത്തേണ്ടത് അവരുടെ ആവശ്യമാണ്. എന്നാൽ അതിനെ വെല്ലുവിളിക്കുന്ന പാർട്ടി മാർക്സിസ്ററ് പാർട്ടി മാത്രമാണെന്ന് അവർക്കറിയാം. ആ വെല്ലുവിളിയെ ഒററയ്ക്കു നേരിടാൻ സാദ്ധ്യമല്ലെന്നും അവർക്കറിയാം. അഥവാ നേരിടണമെങ്കിൽത്തന്നെ കോൺഗ്രസ്സിൻെറവരെ കൂട്ടുകെട്ടില്ലാതെ ഒക്കുകയില്ലെന്നും അവർക്കറിയാം. ഇന്ന് എൻെറ പ്രിയപ്പെട്ട സി. എച്ച്. മുഹമ്മദുകോയയടക്കമുള്ളവർക്ക് ഞങ്ങളുടെ പാർട്ടി സ്ഥാനാർത്ഥി മുസ്ലീംലീഗിനോട് അങ്കംവെട്ടി ജയിച്ചിട്ടുള്ള നിയോജകമണ്ഡലമാണ് മലപ്പുറം ജില്ലയെന്നുള്ളതും സുപ്രസിദ്ധമാണ്. അതുകൊണ്ടാണ് അവർക്ക് ഞങ്ങളെ നേരിടാൻ ഒരു മാർക്സിസ്ററു വിരുദ്ധമുന്നണിയുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

ആവേശം കൂടിയത്. ഈ രണ്ട് നിക്ഷിപ്ത താൽപര്യങ്ങളിൽനിന്ന് ഉൽഭൂതമാകുന്ന മൂന്നാമത്തെ നിക്ഷിപ്ത താൽപര്യത്തിനുകൂടി അവർക്ക് കൊതിയുണ്ടെങ്കിൽ ഞാൻ അതിൽ അത്ഭുതപ്പെടുന്നില്ല. ആ കൊതി മററൊന്നുമല്ല: ലീഗ് മരിക്കുന്നതിനുമുമ്പുതന്നെ കേരളത്തിൽ ഒരു മുഖ്യമന്ത്രിസ്ഥാനവുംകൂടെ കിട്ടണം. അതിന് ഞാനവരെ കുററപ്പെടുത്തുന്നില്ല. ഈ മൂന്നു നിക്ഷിപ്ത താല്പര്യങ്ങളും ഇൻഡ്യൻ കമ്മ്യൂണിസ്ററ് പാർട്ടിയുടെ മാർക്സിസ്ററ് വിരോധവുംകൂടി പിരിച്ചാണ് ഐക്യമുന്നണിയുടെ കൊലക്കയർ ഉണ്ടാക്കിയിരിക്കുന്നത്. ഞാനിതു പറയുമ്പോൾ ഐക്യമുന്നണിയുടെ ആരാച്ചാരൻമാർ ഇരുന്നു ചിരിക്കുന്നുണ്ട്. അവർ ആരൊക്കെയാണെന്നോ ? കോൺഗ്രസ്സും കേരള കോൺഗ്രസ്സും. എന്താ ഇപ്പോൾ എവിടെ എത്തി ? സർ, ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയിലെ സ്നേഹിതൻമാർ ഇവിടെ പോളിററ് ബ്യൂറോയെപ്പററി പലതും പറയുകയുണ്ടായി. അവർക്ക് പലതും പറയാം. വളയമില്ലാതെ ചാടുന്ന യോഗ്യൻമാരാണ് അവർ. 1965-ൽ ലീഗിനെ തൊട്ടുകൂടാത്ത മാന്യൻമാരായിരുന്നു ഇൻഡ്യൻ കമ്മ്യൂണിസ്ററുകാർ. പക്ഷേ യു. പി. യിലും ഒറീസ്സയിലും സ്വതന്ത്രാപാർട്ടിയും ജനസംഘവുമായുള്ള മന്ത്രിസഭ രൂപീകരിക്കാൻ അവർക്കൊരു വിഷമവുമുണ്ടായിരുന്നില്ല. അവിടെ മന്ത്രിമാരായിരുന്നപ്പോൾ അവിടെയുള്ള മുസ്ലീങ്ങളെ കശാപ്പുചെയ്തിട്ടുള്ളതിനെപ്പററി ആർക്കാണ് അറിഞ്ഞുകൂടാത്തത് ? ഇങ്ങനെ സ്വന്തം പാർട്ടി നേതൃത്വത്തെ ധിക്കരിച്ചുകൊണ്ട് വളയമില്ലാതെ ചാടുന്ന ഈ രാഷ്ട്രീയാഭ്യാസികൾ ഞങ്ങളുടെ പോളിററ്ബ്യൂറോയെപ്പററി ഇതിലും അധികം പറയാത്തതിലേ അത്ഭുതമുള്ളു. ബഹുമാനപ്പെട്ട ടി. കെ. ദിവാകരൻ ഇവിടെ വളരെ ദീർഘമായ ഒരു പ്രസ്താവന ചെയ്യുകയുണ്ടായി. അദ്ദേഹത്തിൻെറ പ്രസ്താവനയിലെ സാഹിത്യസുഖംകൊണ്ട് ഞങ്ങളെല്ലാം അത് കേട്ടുകൊണ്ടിരുന്നു. പക്ഷേ അദ്ദേഹത്തിൻെറ നിൽപ്പ് ആട്ടക്കളത്തിലെ നിൽപ്പായിപ്പോയി.

ശ്രീ. ബേബി ജോൺ: കാൽ ഒരിടത്തുതന്നെയാണ് വച്ചിരിക്കുന്നത് അതിന് ബഹുമാനപ്പെട്ട മെംബർക്ക് സംശയംവേണ്ട.

ശ്രീ. കെ. ചാത്തുണ്ണി മാസ്ററർ: കാല് പുറത്തുവച്ചാൽ പുറത്തുവച്ചതാണെന്നു പറയാൻ ചാത്തുണ്ണി മാസ്ററർ മടിക്കുകയില്ല. ഇപ്പോൾ നിൽക്കുന്നത് ആട്ടക്കളത്തിലെ നിൽപ്പാണ്. മാർക്സിസ്ററു മന്ത്രിസഭയെ പിന്താങ്ങുമെന്ന ആർ. എസ്. പി. കേന്ദ്രക്കമ്മിററിയുടെ പ്രമേയത്തിനു ചേർന്നവിധമായ നിലപാടാണോ അദ്ദേഹം സ്വീകരിച്ചിരിക്കുന്നത് ? അല്ല.

സർ, രണ്ടാമത്തെ അദ്ധ്യായം അഴിമതിയെപ്പററിയുള്ളതാണ്. അഴിമതിയന്വേഷണത്തിൽ ഇരട്ടത്താപ്പുനയം സ്വീകരിച്ചു എന്നാണ് ആരോപണം. ഇവർ സംസാരിക്കുന്നതൊന്നും ജനങ്ങൾ കേൾക്കുന്നില്ലെന്നാണോ ഇവർ കരുതുന്നത് ! സർ, ആത്മീയവാദികൾ പ്രപഞ്ചത്തെ മുഴുവൻ ഓംകാരത്തിൽ ഒതുക്കിനിറുത്തിയിരിക്കുന്നതുപോലെ പ്രപഞ്ചത്തിലുള്ള അഴിമതി മുഴുവൻ വെല്ലിംഗ്ടാകാരത്തിൽ ഒതുക്കിനിറുത്തിയിരിക്കുകയാണ് ഇവർ. ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിക്കാർ ഞങ്ങളുടെ മന്ത്രിമാർക്കെതിരായി അവരുടെ പത്രങ്ങളിൽ എത്ര ആരോപണങ്ങൾ കൊണ്ടുവന്നു ?

ശ്രീ. കെ. കരുണാകരൻ: അഴിമതിയെല്ലാം വെല്ലിംഗ്ടനിൽ മാത്രമായി ഞങ്ങൾ ഒതുക്കിനിറുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: അങ്ങനെ ഈ അഴിമതിയെല്ലാം വെല്ലിംഗ്ടൻ ആകുന്ന ഓംകാരത്തിൽ ഒതുക്കിനിറുത്തിയിരിക്കുകയാണ്. "അമ്പു കൊള്ളാത്തവരില്ല കുരുക്കളിൽ" എന്നു പറയുന്നതുപോലെ ഇവിടെ അഴിമതിയാരോപണങ്ങളുടെ അമ്പുകൊള്ളാത്ത ആരുമില്ല. അഴിമതിയാരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ള എല്ലാ മന്ത്രിമാരുടെയും പേരിൽ അന്വേഷണം നടത്തണമെന്നു പറയുന്നതിനു പകരം വെല്ലിംഗ്ടൻെറപേരിൽ മാത്രം അന്വേഷണം നടത്തിയാൽ മതി എന്നു പറയുന്നതിലല്ലേ ഇരട്ടത്താപ്പു നയം ? വെല്ലിംഗ്ടൻെറ പേരിലാണെങ്കിൽ പ്രഥമദൃഷ്ടിയും നോക്കേണ്ട, യാതൊരു ദൃഷ്ടിയും നോക്കേണ്ട എന്നുള്ള നിലപാടാണ് അവർ സ്വീകരിച്ചിരിക്കുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: സമയമായി.

ശ്രീ. ടി. കെ. കൃഷ്ണൻ: സർ, പോയിൻറ് ഓഫ് ഓർഡറുകളും മററും ഉന്നയിച്ചതുകൊണ്ട് അദ്ദേഹത്തിന് ധാരാളം സമയം നഷ്ടപ്പെട്ടിട്ടുണ്ട്. ആ സമയവുംകൂടി കൊടുക്കണം.

ഡെപ്യൂട്ടി സ്പീക്കർ: അത് ഞാനെങ്ങനെ കൊടുക്കും? സ്പീക്കർക്ക് സമയമില്ലല്ലോ. ഇതൊക്കെ പാർട്ടി നേതാക്കൻമാരാണ് തീരുമാനിക്കേണ്ടത്.

ശ്രീ. ടി. കെ. കൃഷ്ണൻ: പാർട്ടിയുടെ സമയം കൊടുക്കാം.

ശ്രീ. കെ. ചാത്തുണ്ണി മാസ്റ്റർ: സർ, അങ്ങനെ അഴിമതിയൊക്കെ വെല്ലിംഗ്ടാകാരത്തിൽ ഒതുക്കിനിറുത്തിയിരിക്കുകയാണ്. മുന്നണിയെ പൊളിക്കാനല്ലേ ഇവർ ഈ നയം സ്വീകരിക്കുന്നത്. മുസ്ലീംലീഗിൻെറ നിക്ഷിപ്ത താൽപര്യം പൂത്തു മുളച്ചില്ലായിരുന്നു എങ്കിൽ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിക്ക് ഞങ്ങളുടെ വൻപാർട്ടി മേധാവിത്വത്തെപ്പററി എത്രതന്നെ ഈററ ഉണ്ടായാലും "അതുകൊണ്ടരിശം തീരാഞ്ഞിട്ടപ്പുരയുടെ ചുററും മണ്ടിനടന്നു" എന്നുള്ളത് ഉണ്ടാകുകയില്ലായിരുന്നു.

മറെറാരു കാര്യംകൂടി ഞാൻ പറയുകയാണ്. ശ്രീമാൻ ടി. വി. തോമസ് പ്രസംഗിച്ചപ്പോൾ വ്യവസായരംഗത്ത് 'പാലും തേനും' ഒഴുകുകയാണെന്നു പറഞ്ഞു. അതിനുള്ള അദ്ദേഹത്തിൻെറ പരിപാടികൾ എന്തായിരുന്നു. എന്തെല്ലാം അദ്ദേഹം ഇവിടെ പറഞ്ഞു. അതുകേട്ടപ്പോൾ അദ്ദേഹം നരകത്തിൽ സ്വർഗ്ഗത്തിൻെറ ചിത്രവും വരച്ച് വിലാപകാവ്യം ആലപിക്കുകയാണെന്നാണ് എനിക്കു തോന്നിയത്. കോഴിക്കോട്ടും കണ്ണൂരും ഉള്ള തൊഴിലാളികളോട് ഇതൊന്നും പറയരുത്. വ്യവസായ വനം പുഷ്പിക്കാൻ വേണ്ടിയുള്ള പരിപാടികൾ ആസൂത്രണം ചെയ്തിരിക്കുമ്പോൾ ഒരു വശത്ത് നാലായിരത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുകയാണ്. കോട്ടൺ മില്ലും, ഫറൂക്കിലെ ഓട്ടു കമ്പനികളും പൂട്ടിയിട്ടിട്ട് കാലം കുറെയായെങ്കിലും ഇപ്പോൾ അദ്ദേഹം താക്കോൽ നമ്പൂതിരിപ്പാടിനെ ഏൽപിച്ചിട്ട് പോയിരിക്കുകയാണ്. പോകാൻനേരം ഏൽപിക്കുന്ന താക്കോൽ ഇതേവരെ കൈയിൽ ഉണ്ടായിരുന്നല്ലൊ ? നമ്പൂതിരിപ്പാടിന് ഈ താക്കോൽകൊണ്ട് എന്തെങ്കിലും ചെയ്യുവാനുണ്ടോ?

'മാർക്സും ഏംഗൽസും ഞങ്ങൾക്ക് പുല്ലാണ്, പിന്നല്ലേ സുന്ദരയ്യ' എന്നു മുദ്രാവാക്യം വിളിച്ചു നടന്നിരുന്നവരോട് ഇവർ ഇപ്പോൾ ചെന്നു പെട്ടിരിക്കുകയാണ്. പിന്നെ ഒരു കുരുക്ഷേത്രത്തെപ്പററിയാണ് സംസാരം. ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഒരു കുരുക്ഷേത്രം—കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

സിന്റെ അധികാരക്കുത്തക തകർക്കുന്ന—യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്. സർ, ഐക്യമുന്നണിയിൽനിന്ന് കാലുമാറിയ നിങ്ങൾ ഒരു ഭാഗത്തും ഞങ്ങൾ മറുഭാഗത്തുമായിട്ട് കുരുക്ഷേത്രത്തിൽവച്ചു കാണാം.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സർ, കേരളത്തിലെ ജനങ്ങളുടെ ധീരോദാത്ത സമരങ്ങളിലൂടെ ഉടലെടുത്ത ഐക്യമുന്നണി ഇവിടെ മറിച്ചിടപ്പെട്ടിരിക്കുകയാണ്. കമ്മ്യൂണിസ്റ്റു പാർട്ടി മാർക്സിസ്റ്റു........

ശ്രീ. പി. ഗോവിന്ദപ്പിള്ള: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഞങ്ങളുടെ പേര് ഇൻഡ്യൻ കമ്മ്യൂണിസ്റ്റു പാർട്ടി മാർക്സിസ്റ്റ് എന്നാണ്. ഞങ്ങളുടെ പാർട്ടിയുടെ അംഗീകൃത പേരുതന്നെ പറയേണ്ടതാണ്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യാ മാർക്സിസ്റ്റ് എന്നു പറയാം.

ശ്രീ. ടി. എ. മജീദ്: കമ്മ്യൂണിസ്റ്റു പാർട്ടി ഓഫ് ഇൻഡ്യ എന്നു കഴിഞ്ഞ് ഒരു ബ്രാക്കറ്റുകൂടി ഉണ്ട്.

ശ്രീ. പി. എസ്. ശ്രീനിവാസൻ: സി. പി. ഐ. എം. എന്ന് ചുരുക്കി പറയാം. ആ പാർട്ടിയും അതിന്റെ നേതാവായ മുഖ്യമന്ത്രിയും എടുത്ത തെററായ നയങ്ങളുടെ ഫലമായി, ഐക്യമുന്നണിയുടെ നയങ്ങൾക്കു പകരം സി. പി. ഐ. എം.-ന്റെ നയങ്ങൾ നടപ്പിലാക്കാൻ നടത്തിയ ശ്രമങ്ങളുടെ ഫലമായി ഐക്യമുന്നണി തകർന്നിരിക്കുന്നു. സർ, അവരുടെ ആ കൊലപാതകകൃത്യത്തിനു പ്രേരണ ചെലുത്തിയ കുററം ഞങ്ങളുടെ നേരെ ആരോപിക്കുവാനുള്ള ഒരു വിഫലശ്രമം മുഖ്യമന്ത്രിയുടെ സ്റേററുമെന്റിലും അതിനുശേഷം അപ്പുറത്തുനിന്നു പ്രസംഗിച്ച സഖാക്കളുടെ പ്രസംഗങ്ങളിലും വളരെ വ്യക്തമായി കേൾക്കാമായിരുന്നു. എന്നാൽ വസ്തുത കേരളത്തിലെ നാലു കോടിയിൽപരം മനുഷ്യനേത്രങ്ങളുടെ മുമ്പിൽ ഉണ്ട്. അവർ വ്യക്തമായി ഇതെല്ലാം കാണുന്നുണ്ട്. അവർ ഇതെല്ലാം വ്യക്തമായി കേൾക്കുന്നുണ്ട്. എന്താണ് ഈ സ്ഥിതി വന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ സ്റേററുമെന്റിൽ പറഞ്ഞത് ഐക്യമുന്നണിയിലെ നാലു ഘടക പാർട്ടികൾ രാഷ്ട്രീയമായി കാര്യങ്ങൾ കൈകാര്യം ചെയ്തു എന്നും അതുകൊണ്ട് അവരെ രാഷ്ട്രീയമായി നേരിട്ടു എന്നുമാണ്. പക്ഷേ അദ്ദേഹത്തിന്റെ ഈ നേരിടൽ വസ്തുനിഷ്ഠമായിട്ടല്ല, ആത്മനിഷ്ഠമായിട്ടാണെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. കേരളത്തിലെ സി. പി. ഐ. എം.-ന്റെ നേതാവ്, ഈ ഗവർമ്മെന്റ് നയിക്കുന്ന നേതാവ്, ഈ ഐക്യമുന്നണി തകർക്കുന്ന ഒരു നടപടിയെക്കുറിച്ച് ആത്മനിഷ്ഠമായ സമീപനമായിരുന്നു സ്വീകരിച്ചത് എന്നദ്ദേഹം സമ്മതിക്കുന്നു. വളരെ ഗൗരവമായി ചൂണ്ടിക്കാണിക്കുകയാണ്; രാഷ്ട്രീയ പക്വത വന്നിട്ടുള്ള ഒരു കക്ഷി, പ്രത്യേകിച്ചും മാർക്സിസ്റ്റു കക്ഷി പ്രശ്നങ്ങളെ സമീപിക്കുന്നത് എങ്ങനെയാണ്, ഈ ഐക്യമുന്നണിക്ക് ഇന്ന് ഒരു രോഗം ആണ് ബാധിച്ചിട്ടുള്ളത് എന്നും എന്തു ചികിൽസയാണ് വേണ്ടതെന്നും ആ പാർട്ടി കണ്ടുപിടിക്കേണ്ടതായിരുന്നു. മാർക്സിസ്റ്റു കക്ഷി സ്വീകരിച്ച സമീപനം ന്യായീകരിക്കത്തക്കതെല്ലാത്തതുകൊണ്ടാണ് ബഹുമാനപ്പെട്ട ഗോവിന്ദപ്പിള്ളയ്ക്കും ചാത്തുണ്ണിമാസ്ററർക്കും ഇരുട്ടിൽ തപ്പാൻ ഇടയായത്. നമ്മുടെ രാജ്യത്ത് ഐക്യമുന്നണി ഉണ്ടായപ്പോൾ ഐക്യമുന്നണി ജനങ്ങളുടെ മുമ്പിൽ വച്ച

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. ശ്രീനിവാസൻ]

പരിപാടികൾ നമുക്കെല്ലാം സ്വീകാര്യമായവയായിരുന്നു. സി. പി. ഐ. യോ സി. പി. ഐ. എം. ഓ കൊണ്ടുവന്ന പരിപാടിയായിരുന്നില്ല. ഐക്യമുന്നണി പാർട്ടികൾ ആകെ സ്വീകരിച്ച പരിപാടികൾ ആയിരുന്നു. ആ പരിപാടി നടപ്പിലാക്കുന്നതിൽ ഈ ഗവർമ്മെണ്ട് എത്രമാത്രം വിജയിച്ചിട്ടുണ്ട് ?

ഐക്യമുന്നണി ഗവർമ്മെണ്ടിൻെറ വിഭാഗികമായ കാര്യങ്ങളെക്കുറിച്ചു പറയുമ്പോൾ ഒരു കാര്യം പ്രത്യേകിച്ചു ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ സ്ഥാപിതതാൽപര്യങ്ങളുമായി കൂട്ടുചേർന്നു പ്രവർത്തിക്കുന്നുവെന്നാണ് സഖാവ് ഇ. എം. എസ്. അടക്കമുള്ള മാർക്സിസ്ററുകാരുടെ ആക്ഷേപം. അങ്ങനെയൊരു വികൃതചിത്രം വരച്ചുകാണിക്കാൻ അവർ ശ്രമിച്ചു. ആ ചിത്രം സത്യസന്ധമാണോ ? 1964 മുതലുള്ള സംഭവങ്ങളിലേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിക്കുകയാണ്. അവിടെനിന്നു പോന്നുപോന്നു മാർക്സിസ്ററു പാർട്ടി ഇപ്പോൾ എവിടെ നിൽക്കുന്നു എന്ന കാര്യം പ്രത്യേകം ആലോചിക്കണം. തെററുകളുടെ പേടിസ്വപ്നം അവരെ കൂടുതൽ കൂടുതൽ തെററുകളിലേക്ക് നയിച്ചു. അറുപത്തിനാലിൽ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി, കമ്മ്യൂണിസ്ററു പാർട്ടിയെന്നും, മാർക്സിസ്ററു പാർട്ടി എന്നും രണ്ടായി ഭിന്നിച്ചപ്പോൾ ചൈനീസ് പാർട്ടിയുടെ തെററായ ലൈൻ സ്വീകരിച്ചുകൊണ്ട് സമ്മേളനത്തിൽ സംസാരിച്ചയാളാണ് ഗോവിന്ദപ്പിള്ള; സഖാവ് ചാത്തുണ്ണി മാസ്ററർ 'ചിന്ത' എന്ന മാസികയിൽ എഴുതിയ ലേഖനവും ആ തരത്തിലായിരുന്നു. അതുകേട്ടു വിശ്വസിച്ച സഖാക്കളാണ് നക്സൽബാരികളായിപ്പോയത്. മുമ്പു ശരിയെന്നു കരുതുകയും പറയുകയും ചെയ്ത ഇക്കൂട്ടരുടെ രാഷ്ട്രീയലൈൻ തെററാണെന്നു പറയുന്നു. നിഷിദ്ധമാണെന്നു പറയുന്നു. അരയാലരി സ്വീകരിക്കാം, അനുകൂലമായ സാഹചര്യങ്ങളിൽ അതു മുളച്ചുവളർന്ന് അരയാലായാൽ സ്വീകാര്യമല്ല. നിങ്ങളുടെ തെററായ നയങ്ങൾ ആണ് നമ്മുടെ രാജ്യത്തെ, കമ്മ്യൂണിസ്ററു പ്രസ്ഥാനത്തെ ഭിന്നിപ്പിച്ചത്; അതാണ് ഇൻഡ്യയിലെ സ്ഥാപിത താൽപര്യങ്ങളെ സഹായിച്ചത്. തൊഴിലാളി വിഭാഗത്തിൻെറ ചോരയും നീരും നൽകി കെട്ടിപ്പടുത്ത പാർട്ടിയെ ഭിന്നിപ്പിക്കുവാൻ കുത്തക മുതലാളിത്തത്തിന് ആദ്യമായി കഴിഞ്ഞത്, തെററും വിഭാഗീയവുമായ നിങ്ങളുടെ ലൈൻ മുഖേനയായിരുന്നു.

ശ്രീ. ആർ. എസ്. ഉണ്ണി: ഇവിടെ മുഖ്യമന്ത്രി അവതരിപ്പിച്ച സ്ററേററുമെൻറിനെ സംബന്ധിച്ചാണ് ചർച്ച. മോസ്കോയിലും ബർലിനിലും നടന്ന അന്തർദ്ദേശീയ സമ്മേളനങ്ങളിൽവച്ച് പരസ്പരം കൂടിയാലോചിക്കുകയും ഒത്തുതീർപ്പിനു ശ്രമിക്കുകയും ചെയ്ത സ്ഥിതിക്ക് ഈ സംവാദം ഇപ്പോൾ നടത്തുന്നത് ഓർഡറിലാണോ സർ.

ശ്രീ. പി. എസ്. ശ്രീനിവാസൻ: ആയിരം സൂര്യൻമാരെക്കാൾ പ്രകാശം സത്യത്തിനുണ്ടായിരിക്കും. സ്ഥാപിത താൽപര്യക്കാരെ കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തുനിന്നും ഇറക്കിവിടുന്നതിനുവേണ്ടി രൂപീകരിച്ച ഐക്യമുന്നണി പ്രസ്ഥാനത്തെ തകർക്കുന്നതിന് കൂടെ നിന്നതും സഹായിച്ചതും ആരാണെന്ന് ചരിത്രം തെളിയിച്ചുകൊള്ളും. മുതലാളി എന്നും കോൺഗ്രസ് എന്നും പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കുവാൻ നോക്കണ്ട. ബംഗാളിൽ നടന്നതെന്താണ്? അതിനുശേഷവും 1967-ലെ തിരഞ്ഞെടുപ്പിൽ ഇവിടെ ഒന്നിച്ചു നിന്നു മൽസരിച്ചു. അതുകൊണ്ട് കോൺഗ്രസ് എന്നും മുതലാളി എന്നും പറഞ്ഞ് ഞങ്ങളെ പേടിപ്പിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

നോക്കരുത്. സിൻഡിക്കേററിന്റെ അനുഭാവിയായ ഡോക്ടർ ജോർജു തോമസ്സിനെ ഞങ്ങൾക്കെതിരെ ചിലർ ഇന്നലെ സാക്ഷിയാക്കി. സിൻഡിക്കേററിന്റെ നേതാവായ ശ്രീ. കാമരാജിനെയും ഞങ്ങൾക്കെതിരെ സാക്ഷിയാക്കാനുള്ള ശ്രമം നടന്നു. എന്നുതുടങ്ങി ഈ സിൻഡിക്കേററു പ്രേമം ? എ. കെ. ഗോപാലൻ മദ്രാസിലുള്ളപ്പോഴാണ് സിൻഡിക്കേററു നേതാവു കാമരാജ് ഞങ്ങൾക്കെതിരെ പ്രസ്താവന ഇറക്കിയത്. സിൻഡിക്കേററു പ്രവർത്തകരും ഇവരുമായിട്ട് എന്തടുപ്പമാണെന്ന് എനിക്കറിയില്ല. ഇന്നത്തെ സാഹചര്യത്തിൽ കോൺഗ്രസിനകത്തും പുറത്തുമുള്ള പുരോഗമന ശക്തികളുടെ ഐക്യമുന്നണി ചില ഘട്ടങ്ങളിൽ ആവശ്യമായി വരുമെന്നും, പ്രതിലോമതക്കെതിരെ പുരോഗമന ശക്തികൾ ഉറച്ചുനിൽക്കുന്നതിനെ പ്രയോജനപ്പെടുത്തണമെന്നും ഞങ്ങൾ പറഞ്ഞാൽ എന്താണതിൽ തെററ് ? ഇന്ദിരാഗാന്ധിയെ തൊഴുകയാണ് ഞങ്ങളെന്നാണ് പരാതി. എന്നാൽ ഞങ്ങൾക്ക് ഇന്ദിരാഗാന്ധിയുടെ അടുക്കൽ പോകുവാൻ നിവൃത്തിയില്ല. ഇന്ദിരാഗാന്ധിയുടെ കാൽക്കൽ കെട്ടിപ്പിടിച്ച് നിൽക്കുന്ന ഇവരെ ഒന്നു മാററിയിട്ടുവേണം ഞങ്ങൾക്കു കാര്യങ്ങൾ ഒന്നു പറയാൻ. ഒന്നു തൊഴണമെങ്കിൽത്തന്നെ ഇവരെ പിടിച്ചുമാററിയാലെ നിവൃത്തിയുള്ളു. ഐക്യമുന്നണി ഗവർമ്മെൻറ് അധികാരത്തിൽ വന്നശേഷം മുന്നണിയുടെ തിരഞ്ഞെടുപ്പു മാനിഫെസ്റേറായെക്കുറിച്ച് എത്രമാത്രം കൂറു പുലർത്തി? അതിനോടു നിങ്ങൾ എത്രമാത്രം സത്യസന്ധത കാണിച്ചു? ഭരണത്തിന്റെ അടിസ്ഥാനശിലയായ തൊഴിലാളിവർഗ്ഗത്തോടും അതിന്റെ പ്രസ്ഥാനത്തോടും എത്രമാത്രം നീതി കാണിച്ചു ? ഒന്നും കാണിച്ചിട്ടില്ല. ചില കാര്യങ്ങൾ ചെയ്തു. അതു കോൺഗ്രസ്സുകാർ ചെയ്യാറുള്ള കാര്യങ്ങളല്ലേ? വേറെ പല ഗവർമ്മെൻറുകളും ചെയ്യുന്ന കാര്യങ്ങളല്ലേ? ഐക്യമുന്നണി ഗവർമ്മെൻറിന്റെ ആധാരശിലയായ തൊഴിലാളി വർഗ്ഗത്തിനും അതിന്റെ പ്രസ്ഥാനത്തിനുംവേണ്ടി നിങ്ങൾ എന്തുചെയ്തു? അവർ നിർദ്ദയം വഞ്ചിക്കപ്പെട്ടു; ഹീനമായി വഞ്ചിക്കപ്പെട്ടു. അവരോടു നിങ്ങൾ ചെയ്ത വാഗ്ദാനങ്ങൾ നിറവേററിയില്ല. ക്രൂരമായ പ്രതികാര നടപടികൾ അവർക്കെതിരായി നിങ്ങൾ എടുത്തു. തൊഴിൽവകുപ്പുമന്ത്രി തൊഴിലാളി വർഗ്ഗത്തെ ഭിന്നിപ്പിക്കുന്നതിനുവേണ്ടി, അവരുടെ സമരങ്ങളെ തടസ്സപ്പെടുത്തുന്നതിനുവേണ്ടി, പത്തു തൊഴിലാളികളെ എവിടെ കിട്ടുമോ അവിടെയെല്ലാം യൂണിയനുകൾ ഉദ്ഘാടനം ചെയ്യുന്നതിനുവേണ്ടി മനഃപൂർവ്വം പരിശ്രമിച്ചു. സഖാവ് ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെ പോലീസ് തൊഴിലാളി വർഗ്ഗത്തെ തല്ലിത്തകർക്കാനും അവരുടെ ചോരയൊഴുക്കാനും തയ്യാററായി: അന്തിക്കാട്ടും തൃശ്ശൂരിലും പൂഞ്ഞാറിലും ഒഴുകിയ, തെങ്ങുകയററത്തൊഴിലാളികളുടെയും മററും രക്തംകൊണ്ടു ചുവന്ന മണ്ണ് സഖാവ് ഇ. എം. എസ്സിന്റെ മുൻപിൽ ഒരു ചോദ്യചിഹ്നമായി നിൽക്കുകയാണ്. എന്തുകൊണ്ട് അതു സംഭവിച്ചു? പൂഞ്ഞാററിലെ സമരത്തിന്റെ കഥ ഇവിടെ പറഞ്ഞിട്ടുണ്ട്. തൃശ്ശൂരിലെയും അന്തിക്കാട്ടെയും സമരങ്ങളുടെ കഥ പറഞ്ഞിട്ടുണ്ട്. അന്തിക്കാട്ട് എന്താണ് നടന്നത്? ട്രാൻസ്പോർട്ടു സമരത്തെ എങ്ങനെയാണ് നേരിട്ടത്? അനേകം രക്തസാക്ഷികളെ നൽകിയ, കമ്മ്യൂണിസ്ററു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ അവിസ്മരണീയമായ സംഭാവന നൽകിയ, തൊഴിലാളി പ്രവർത്തകരെ നിങ്ങളനുവർത്തിക്കുന്ന ഇടുങ്ങിയ നയത്തിന്റെ ഫലമായി അവിടെയൊക്കെ അടിച്ചമർത്തുകയാണു ചെയ്തത് എന്നു പറയേണ്ടി വരുന്നതിൽ സ്വാഭാവികമായും എനിക്കു ഖേദമുണ്ട്. ആ തൊഴിലാളികളെ തല്ലിത്തകർത്തപ്പോൾ സന്തോഷിച്ച ഒരു വിഭാഗം ഇവിടെയുണ്ടെന്നുള്ളത് എന്തൊരു വിരോധാഭാസമാണ്; എന്തൊരു സ്ഥാപിത താൽപര്യമാണത്; കോൺഗ്രസ്സുകാർക്കു കമ്മ്യൂണിസ്ററു പാർട്ടി ഓഫ് ഇൻഡ്യം

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എസ്. ശ്രീനിവാസൻ]

(മാർക്സിസ്ററ്)നോട് വിരോധമുണ്ടാകാനുള്ള പ്രധാന കാരണമെന്താണ്? തങ്ങളുടെ കീഴിലുണ്ടായിരുന്ന സ്ഥാപിത താൽപര്യക്കാരെ മുഴുവൻ അവർ വേറിപ്പെടുത്തി കൈവശപ്പെടുത്തിക്കളഞ്ഞുവെന്നുള്ള വിരോധമാണ് കോൺഗ്രസ്സിനുള്ളത്. സർ, ഈ സ്ഥാപിത താൽപര്യക്കാരുടെ മണിമേടകളിൽ, അപ്പുറത്തിരിക്കുന്ന നേതാക്കൻമാർക്കു വിരുന്നൊരുക്കുന്നുണ്ട്, അവരുടെ ചലിക്കുന്ന കൊട്ടാരങ്ങളിൽ ഇവരെ കൊണ്ടുനടന്ന് അവർ അനുയാത്ര ചെയ്യുന്നുണ്ട്. ഈ രാജ്യത്തെ കള്ളുഷാപ്പു കൺട്രാക്ടർമാർ ഇപ്പോഠം നിങ്ങഠംക്കു സ്തുതിഗീതം പാടുന്നില്ലേ? കൺട്രാക്ടർമാരും വനംകൊള്ളക്കാരും അരിമോഷണക്കാരും മിച്ചഭൂമിയും മിച്ചധാന്യവുമുള്ള ഭൂപ്രഭുക്കൻമാരുമെല്ലാം അപ്പുറത്തിരിക്കുന്ന സഖാക്കളുടെ നേതൃത്വത്തിൽ നടക്കുന്ന ഭരണത്തിലെ മന്ത്രിമാരുടെ ആരാധകൻമാരല്ലേ? വനംവകുപ്പുമന്ത്രി ശ്രീ. കൃഷ്ണന്റെ പ്രൈവററ് സെക്രട്ടറിയെ റാഞ്ചിക്കൊണ്ടുപോയത് ഏതു കൊള്ളക്കാരനാണ്? വ്യക്തമായി പറയാൻ കഴിയും എത്ര സ്ഥാപിത താൽപര്യക്കാർ ഐക്യമുന്നണിയിലുണ്ടെന്ന്. ഐക്യമുന്നണിയുടെ കോ ഓർഡിനേഷൻ കമ്മിററിയിൽ നാം തമ്മിൽ തർക്കങ്ങളുണ്ടായിട്ടുണ്ട്. റേഷൻ ഹോഠംസെയിൽ ഷാപ്പുകഠം ഗവർമ്മെൻറ് ഏറെറടുക്കണമെന്നു പറഞ്ഞപ്പോഠം അതിനുള്ള ബുദ്ധിമുട്ടുകഠം പറഞ്ഞുകൊണ്ട് സി. എച്ച്. കണാരൻ മൂന്നുദിവസം വാദിച്ചു.

ശ്രീമതി കെ. ആർ. ഗൗരി: ''അവസാനം ഞങ്ങളുടെ പ്രതിഷേധത്തോടുകൂടി കോ ഓർഡിനേഷൻ കമ്മിററി തീരുമാനിച്ചു'' എന്നുകൂടി പറഞ്ഞാൽ എല്ലാം ശരിയാകും.

ശ്രീ. പി. എസ്. ശ്രീനിവാസൻ: റേഷൻ ഹോഠംസെയിൽ കടകഠം ഗവർമ്മെൻറ് എടുക്കണമെന്നു തീരുമാനിച്ചിട്ടു വർഷങ്ങഠം കഴിഞ്ഞു. എന്തുകൊണ്ട് ഒരു കടയെങ്കിലും എടുക്കാൻ കഴിഞ്ഞില്ല? അതിന് ഉത്തരം പറയണം. പതിന്നാലു കുത്തകബാങ്കുകഠം ദേശസാൽക്കരിക്കാൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞു. നിങ്ങഠംക്ക് എന്തുകൊണ്ട് ഒരു കട എടുക്കാൻ കഴിഞ്ഞില്ല? നിങ്ങഠംക്കു ചിരി വരും. ചിരിക്കാതെ നിവൃത്തിയില്ല. കുറെ ബാങ്കുകഠം ദേശസാൽക്കരിച്ചതുകൊണ്ടു സോഷ്യലിസം വരികയില്ല. വരുമെന്നൊന്നും ഞങ്ങഠം പറഞ്ഞിട്ടുമില്ല. സ്വിററ്സർലൻറും സ്വീഡനുമൊക്കെ ബാങ്കുകഠം ദേശസാൽക്കരിച്ച രാജ്യങ്ങളാണ്. അവിടെയെങ്ങും സോഷ്യലിസം വന്നില്ല. പക്ഷേ ഇവിടെ കോടിക്കണക്കിനു രൂപയുടെ മുതലുള്ള ബാങ്കുകഠം ദേശസാൽക്കരിക്കാൻ കഴിഞ്ഞുവെന്നുള്ളതു ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

ശ്രീ. എസ്. ദാമോദരൻ: അത് എത്ര കാലംകൊണ്ടാണ്?

ശ്രീ. പി. എസ്. ശ്രീനിവാസൻ: എന്തുകൊണ്ട് അപ്പുറത്തിരിക്കുന്ന നിങ്ങഠംക്ക് റേഷൻകടകഠം എടുക്കാൻ കഴിഞ്ഞില്ല? റൈസ് മില്ലുകഠം ദേശസാൽക്കരിക്കാൻ തീരുമാനമെടുത്തതാണ്. കാരണം ഞാൻ പറയാം, പാലക്കാട്ടെ റൈസ് മില്ലുകളിൽ കൈവച്ചാൽ കമ്മ്യൂണിസ്ററു പാർട്ടി (മാർക്സിസ്ററ്)ന്റെ പാലക്കാട്ടെ ഗോപുരങ്ങളെങ്കിലും തകർന്നുപോകും. ഞാൻ വ്യക്തമായി പറയുന്നത് ഈ രാജ്യത്തെ ജൻമിമാരെയും മുതലാളിമാരെയും........

ശ്രീ. പി. ഗോവിന്ദപ്പിള്ള: മലമ്പുഴയിൽ ഇരുപത്തയ്യായിരം പുതിയ ഗോപുരങ്ങഠം:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്. ശ്രീനിവാസൻ: ശ്രീ. പി. ഗോവിന്ദപ്പിള്ളയെപ്പോലെ ചരിത്രമറിയാവുന്ന ആളുകൾ ഇത്തരം ചോദ്യങ്ങൾ ചോദിക്കുമ്പോൾ സങ്കടം തോന്നും. സിലോണിലെ പാർട്ടി നിങ്ങളുടെ പാർട്ടിയെക്കാളൊക്കെ വലിയ പാർട്ടിയല്ലേ ? അതുകൊണ്ട് നിങ്ങൾ അവരുടെ ആശയഗതികൾ അംഗീകരിക്കുമോ ? ഇത്തരം നിസ്സാരമായ ചോദ്യങ്ങൾ ചോദിക്കരുത്.

ഞാൻ പറയുന്നത് നിങ്ങൾ ചെയ്യുമായിരുന്ന നിരവധി കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നാണ്. കഴിയാതെ പോയത് ഐക്യമുന്നണിയിലെ പ്രമുഖ പാർട്ടിയായ, വലിയ പാർട്ടിയായ, കമ്മ്യൂണിസ്റ്റു പാർട്ടി (മാർക്സിസ്റ്റ്) സ്ഥാപിതതാൽപര്യങ്ങൾക്കു കീഴടങ്ങിക്കൊടുത്തതുകൊണ്ടാണെന്നാണു ഞാൻ പറഞ്ഞത്. അന്തിക്കാട്ടും പൂഞ്ഞാററിലും തൃശ്ശൂരിലും മററും തൊഴിലാളികളെ അറസ്റ്റു ചെയ്യുകയും മർദ്ദിക്കുകയും ചെയ്ത നിങ്ങൾക്ക് ഒരൊററ കരിഞ്ചന്തക്കാരനെ പിടിക്കാൻ കഴിഞ്ഞോ ? പൂഞ്ഞാററിലെ തൊഴിലാളികളെ വഴിനീളെ മർദ്ദിച്ച് കൈയാമംവച്ച നിങ്ങൾക്ക് ഒരൊററ കരിഞ്ചന്തക്കാരനെപ്പോലും കൈയാമം വയ്ക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് ഞങ്ങളെ മുതലാളിമാരുടെ ഏജൻെറന്നു വിളിക്കുന്നതു കുറെ സൂക്ഷിച്ചുവേണം. കാരണം, ഞങ്ങൾ എടുക്കുന്ന ഓരോ നിലപാടും സ്ഥാപിതതാൽപര്യങ്ങളെ രാജ്യത്തിനകത്തും പുറത്തും ശക്തിഹീനമാക്കുന്നതാണ്, ഐക്യമുന്നണി പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുന്നതിനു വേണ്ടിയുള്ളതാണ്. സഖാവ് ഇ. എം. എസ്സിനെപ്പോലുള്ളവർ എന്തുകൊണ്ട് ഈ വിശ്വാസത്തിൽ പെട്ടിരിക്കുന്നു? ചാത്തുണ്ണിമാസ്ററർ അതു പച്ചയായി പറഞ്ഞുകഴിഞ്ഞു. ഐക്യമുന്നണിയെന്നു പറഞ്ഞാൽ യജമാനനും ഭൃത്യനും തമ്മിലുള്ള ഐക്യമല്ല. ഇത്തരം അസംബന്ധങ്ങൾ വച്ചുകൊണ്ടിരിക്കരുത്. ഐക്യമുന്നണി ഈ കാലഘട്ടത്തിൻെറ ആവശ്യമാണ്; വിപുലമായ ഒരൈക്യമുന്നണി ആവശ്യമാണ്. മുസ്ലീംലീഗുപോലും പറയുന്നകാര്യങ്ങൾ സഖാവ് ഗോവിന്ദപ്പിള്ളയെപ്പോലുള്ളവർ അംഗീകരിക്കുന്നില്ല. വർഗ്ഗവിശകലനം സംബന്ധിച്ച ധാരണയിൽ മൗലികമായ മാററം വരുത്തേണ്ടതുണ്ട്. അത് അപ്പുറത്തിരിക്കുന്ന സഖാക്കൾ മനസ്സിലാക്കണം. സഖാവ് ഇ.എം.എസ്. പ്രസ്താവിക്കുന്നു ഞങ്ങൾ, മാറി, മാറി എന്ന്. സത്യത്തിൽ മാറിയിട്ടുള്ളത് ആരാണ് ? സത്യത്തിൽ മാറിയിട്ടുള്ളതാരാണെന്ന് അജിതയും അവരുടെ കൂടെയുള്ള ധീരോദാത്തരായ സഖാക്കളും പറയും. നിങ്ങൾ പറഞ്ഞ കാര്യങ്ങൾ കേട്ടു തെററിദ്ധരിച്ചു നിങ്ങളുടെ പിറകെ വന്ന ആ സഖാക്കൾ ഇന്ന് ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ അതു വിളിച്ചുപറയും. അതുകൊണ്ട് ഞങ്ങൾ മാറിയിട്ടുണ്ട്, നിങ്ങൾ മാറിയിട്ടില്ല എന്നു പറഞ്ഞ് വെറുതേ മററുള്ളവരെ കുററപ്പെടുത്തരുത്. സഖാവ് ഗോവിന്ദപ്പിള്ള പറയുന്നു ഞങ്ങൾ ആലോചനനടത്തി, ഞങ്ങൾ മുന്നണിയുണ്ടാക്കി എന്ന്. ഞങ്ങൾ മറച്ചു വയ്ക്കുന്നില്ല. ഐക്യമുന്നണിയുടെ പരിപാടികൾ നടപ്പാക്കാൻ മുന്നണി വേണം. അതുണ്ടാക്കാനുള്ള ശ്രമത്തിൽ ഞങ്ങൾ ഏർപ്പെട്ടിരിക്കുകയാണ്. ശ്രീ. ജോർജ്ജ് ജൂഡാസിൻെറ കഥപറഞ്ഞു. പല കഥകൾ ഞങ്ങൾക്കും ഓർമ്മവരുന്നുണ്ട്. ഞങ്ങൾക്കും അതുപോലൊക്കെ പല കഥകൾ പറഞ്ഞാൽക്കൊള്ളാമെന്നുണ്ട്. പക്ഷേ സമയമില്ലാത്തതുകൊണ്ട് പറയുന്നില്ല. ഒരു കാര്യം മറക്കരുത്. ഐക്യമുന്നണിയാകുന്ന ക്രിസ്തുവിനെ ക്രൂരമായി ഒററുകൊടുത്തും ക്രൂശിക്കാൻ സൗകര്യം ചെയ്തുകൊടുത്തതും നിങ്ങളാണ്. ഒരു കാര്യം കൂടി നിങ്ങൾ മറക്കരുത്: ക്രിസ്തു ഉയിർത്തെഴുന്നേററിട്ടുണ്ട്, പല പല സ്ഥലങ്ങളിൽ; ജൂഡാസ് ഒരിക്കലും ഉയർത്തെഴുന്നേററിട്ടില്ല. കൂടുതലൊന്നും പറയുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. ജോർജ് തോമസ്: സർ, വിധിനിർണ്ണായകമായ ഒരു ചർച്ചയിലാണ് ഞാൻ പങ്കെടുക്കുന്നതെന്നെനിക്കറിയാം. ഈ ചർച്ചയുടെ ഫലമായി രൂപപ്പെടുന്ന പ്രമേയം ഒരുപക്ഷേ കേരളത്തെ ഒരു വഴിത്തിരിവിലേക്കു നയിച്ചേക്കും. അങ്ങനെയുള്ള ഒരു ചർച്ചയിൽ വികാരങ്ങൾ തീക്ഷ്ണങ്ങളാകുകയും വാക്കുകൾ മൂർച്ചയുള്ളവയായിത്തീരുകയും ചെയ്യാം. തീക്ഷ്ണങ്ങളായ വികാരങ്ങളും മൂർച്ചയുള്ള വാക്കുകളും കഴിയുമെങ്കിൽ ഒഴിവാക്കണമെന്ന് എനിക്കാഗ്രഹമുണ്ട്. മൂർച്ചയുള്ള വാക്കുകളുപയോഗിക്കാൻ സാഹചര്യം ഇന്നു കേരളത്തിൽ ഇല്ലാത്തതുകൊണ്ടല്ല, പാർലമെൻററി മര്യാദയോടുള്ള ബഹുമാനം കൊണ്ടുമാത്രമാണ്. മൂർച്ചയുള്ള വാക്കുകൾ ഒരുപക്ഷേ പഴവങ്ങാടി മൈതാനത്തേക്കോ കേരളത്തിലെ മററു പ്രസംഗപീഠങ്ങളിലേക്കോ മാററി വയ്ക്കുന്നതായിരിക്കും നല്ലത് എന്ന് എനിക്കു തോന്നുന്നു. പ്രത്യേകിച്ചും ഇന്നും ഇന്നലെയും ഇവിടെ കേട്ടപ്രസംഗങ്ങളുടെ വെളിച്ചത്തിൽ എനിക്കുങ്ങനെ തോന്നിപ്പോയി.

സർ, അഷ്ടകക്ഷി മുന്നണിയുടെ ഈ അകാലനിര്യാണത്തിൽ അഗാധമായ അനുമോദനം രേഖപ്പെടുത്താൻ ഞാനീയവസരം വിനിയോഗിക്കുകയാണ്. അനുമോദിക്കുന്നതു മററാരെയുമല്ല അനുമോദനത്തിന് അർഹരായിരിക്കുന്നവരെത്തന്നെയാണ്. "ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടി—ബ്രാക്കററിൽ മാർക്സിസ്ററി"ൻെറ ജനറൽ സെക്രട്ടറി ശ്രീ. സുന്ദരയ്യ മുതൽ പുതുപ്പള്ളി മെംബർ ശ്രീ. ഇ. എം. ജോർജ് വരെയുള്ളവരെ ഞാൻ അനുമോദിക്കുന്നു. കൂട്ടത്തിൽ ശ്രീമാൻ ഗോവിന്ദപ്പിള്ളയേയും ഉൾപ്പെടുത്തിക്കൊള്ളുന്നു. മുന്നണിയുടെ ദേഹവിയോഗം സാധാരണ ഗതിയിലുള്ള ദേഹവിയോഗമല്ല; ഇഞ്ചിഞ്ചായി ചതച്ചു കൊന്നുകൊണ്ടിരിക്കുകയാണ് ഈ മുന്നണിയെ. സർ, എന്തിനാണ് ഈ ചർച്ചകൾ മൂന്നു ദിവസം വലിച്ചിഴച്ചു നീട്ടിക്കൊണ്ടുപോകുന്നത് ? പൂരപ്പാട്ടും വിഴുപ്പലക്കുംകൊണ്ട് ഈ സഭാന്തരീക്ഷം ദുർഗ്ഗന്ധപൂർണ്ണമായിരിക്കുകയാണ്. അഴുകിത്തുടങ്ങിയിരിക്കുന്ന ഈ മുന്നണിയെ കുഴിച്ചിടാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇനിയും അമാന്തിക്കുന്നത് എന്തുകൊണ്ടാണെന്നു ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. കഴിഞ്ഞ മുപ്പൊത്തൊന്നു മാസക്കാലത്തെ ഭരണത്തിൻെറ ക്യാഷ്വൽററി ഈ മുന്നണി മാത്രമല്ല. ഒന്നാമത്തെ ക്യാഷ്വൽററി മുഖ്യമന്ത്രി ശ്രീ. ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടാണ് എന്നാണ് എനിക്കുതോന്നുന്നത്. കിഴക്കൻ ജർമ്മനിയിൽ പോയി വന്നശേഷം അദ്ദേഹം നിയമസഭയിൽ വന്നു ചെയ്ത പ്രസംഗങ്ങൾ എന്നെ ആ നിഗമനത്തിൽ കൊണ്ടുചെന്നെത്തിച്ചിരിക്കുകയാണ്. സ്വതന്ത്രമായി പ്രവർത്തിക്കാൻ അദ്ദേഹത്തിനു കഴിവില്ലാത്ത ഒരു സാഹചര്യമുണ്ടെന്ന നിഗമനത്തിൽ ആ പ്രസംഗങ്ങൾ എന്നെ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഇന്നലെ അദ്ദേഹം നിയമസഭയിൽ ചെയ്ത പ്രസ്താവന കൂടി കേട്ടപ്പോൾ എൻെറ നിഗമനം ശരിയാണെന്ന് എനിക്കു തോന്നി. രാജിവച്ച ബഹുമാനപ്പെട്ട മന്ത്രിമാർ 21-ാം തീയതി നിയമസഭയിൽ ചെയ്ത പ്രസംഗങ്ങൾക്കു മറുപടിയായി 20-ാംതീയതി അദ്ദേഹം തയ്യാറാക്കിയ ലഘുലേഖ ഇവിടെ വായിക്കുകയുണ്ടായി. അതു കേട്ടുകൊണ്ടിരുന്ന എനിക്ക് ഇങ്ങനെ തോന്നിപ്പോവുകയാണ്. പണ്ട് ഇൻറർമീഡിയററിനു പഠിച്ചിരുന്ന കാലത്ത് എനിക്കു വായിക്കാൻ ഇടവന്ന അദ്ദേഹത്തിൻെറ "കേരളം മലയാളികളുടെ മാതൃഭൂമി" എന്ന പുസ്തകം അദ്ദേഹം ഇവിടെ കൊണ്ടുവന്നു വായിച്ചേക്കുമോ ? നിയമസഭയിലെ അദ്ദേഹത്തിൻെറ പ്രകടനങ്ങൾ പയററിപ്പഴകിയ ഒരു രാജ്യതന്ത്രജ്ഞൻെറയോ ഐക്യമുന്നണി നേതാവിൻെറയോ പ്രകടനങ്ങളായിരുന്നില്ല. A senile politician moving helplessly from blunder to blunder എന്ന മട്ടിലുള്ള ഒരു ചിത്രമാണ് ഇവിടെ കണ്ടത്. ആ നിലയിൽ പറഞ്ഞുതുട

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിയാൽ ഒരുപാടു സമയം പോകുമെന്നുള്ളതുകൊണ്ട് ഞാൻ പ്രകൃതത്തിലേക്കു കടക്കുകയാണ്.

സർ, മുഖ്യമന്ത്രി ഇന്നലെ ഇവിടെ പ്രസ്താവിച്ചു; ഈ സഭയിൽ അദ്ദേഹം എതിർക്കുന്ന ഒരു പ്രമേയം, ഭൂരിപക്ഷം വോട്ടുരേഖപ്പെടുത്തി പാസ്സാക്കിയാൻ രാജിവച്ചുകളയുമെന്ന്. സർ, എന്തൊരൗദാര്യം! എന്തൊരു ധീരത! നിയമസഭയിൽ ഒരു പ്രമേയത്തെ അദ്ദേഹം എതിർക്കുകയും, അതു ഭൂരിപക്ഷം വോട്ടുരേഖപ്പെടുത്തി പാസ്സാക്കുകയും ചെയ്താൽ രാജിവച്ചുകളയുമെന്നാണു പറയുന്നത്. അതൊരു ധീരതയാണോ സർ ? അതിനു പ്രത്യേക ധീരതയുടെ ആവശ്യമില്ല. എന്നിരുന്നാലും അവസാന സമയത്തെങ്കിലും ഒരു ബൂർഷ്വാ പാർലമെൻററി സംപ്രദായത്തോട് അദ്ദേഹം കാണിക്കുന്ന ബഹുമാനത്തിന് എൻെറ കൃതജ്ഞത ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

സർ, അദ്ദേഹം പറയുന്നത്, വോട്ടെടുപ്പിൽ എല്ലാവരും കൂടി എഴുന്നേററുനിന്നു തലയെണ്ണികണ്ടാൽമാത്രമേ രാജിവയ്ക്കൂ എന്നാണ്; അതു അവിശ്വാസമാണെന്നു ബോധ്യമാകുകയും വേണം. സർ, കള്ളത്താക്കോലിട്ട് ഉള്ളിൽ കയറിയ തസ്ക്കരനോട് ഇറങ്ങിപ്പോകാൻ മര്യാദയ്ക്കു ഗൃഹനാഥൻ പറഞ്ഞാൽ, തിരിഞ്ഞുനിന്ന്, നിങ്ങൾ എൻെറ പിടലിക്കു പിടിച്ചു തള്ളി, മുതുകിൽ ഒരു തൊഴികൂടി തന്നാൽ മാത്രമേ ഞാൻ ഇവിടെ നിന്ന് ഇറങ്ങിപോകൂ എന്നു പറയുന്നതുപോലെയാണ് അവിശ്വാസ പ്രമേയം പാസ്സാക്കിയാലേ രാജിവയ്ക്കൂ എന്ന മുഖ്യമന്ത്രിയുടെ വാദം.

സർ, വാസ്തവത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു 'രാമേശ്വരം മന്ത്രിസഭ'യുടെ തലവനാണിന്ന്. ഈ സഭയിൽ യഥാർത്ഥത്തിൽ ഒരു ന്യൂനപക്ഷം മാത്രമാണ് അദ്ദേഹത്തിനു പിൻതുണ നൽകുന്നത്. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്, ഇനിയും ഈ ശാഠ്യംപിടിച്ചു മുമ്പോട്ടുപോകാനാണു ഭാവമെങ്കിൽ, കോഴികൂവി, നേരംവെളുത്തുപോയി, ജനാധിപത്യശക്തികളുടെ കാൽ നിങ്ങളുടെ മുതുകിൽ വീഴുകതന്നെ ചെയ്യും സംശയമില്ല എന്നാണ്.

സർ, ഇന്നലെയും ഇന്നുമായി എൻെറ ബഹുമാന്യരായ മാർക്സിസ്ററു സ്നേഹിതൻമാർ ഇവിടെ ചെയ്ത പ്രസംഗങ്ങൾ അൽപം നർമ്മവിചാരത്തോടുകൂടി ഞാൻ കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അവർ കുരുക്ഷേത്രത്തെപ്പററിയും, കുരുക്ഷേത്രത്തിലെ 'ലൈനപ്പി'നെപ്പററിയും വിവരിച്ചു. കുരുക്ഷേത്രത്തിൽ നടക്കാൻ പോകുന്ന യുദ്ധവും അതിലെ ജയാപജയങ്ങളും അവരുടെ പ്രസംഗങ്ങളിൽ പരാമർശിക്കപ്പെട്ടിരുന്നു. വളരെ പച്ചയായി പറഞ്ഞാൽ ഭരണത്തിൽനിന്നു വിട്ടുപോകാനുള്ള വിഷമമായിരുന്നു ആ പ്രസംഗങ്ങളിലൊക്കെ കേട്ടത്. അടുത്ത തിരഞ്ഞെടുപ്പിൽ ആരൊക്കെ ജയിക്കും; ഏതു പാർട്ടിക്കു കൂടുതൽ സീററുകൾ കിട്ടും; എന്നിങ്ങനെയുള്ള കാര്യങ്ങളാണ് പ്രസംഗത്തിൽ മുഴങ്ങികേട്ടത്. വിപ്ലവകാരികളിൽ വിപ്ലവകാരിയായ എൻെറ സ്നേഹിതൻ ശ്രീ. പി. ഗോവിന്ദപ്പിള്ളയും മററും കുരുക്ഷേത്രത്തിലെ യുദ്ധത്തിൻെറ അടിസ്ഥാനത്തിൽ കിട്ടുന്ന സീററുകളുടെ എണ്ണം കണക്കുകൂട്ടി വിപ്ലവപ്രസംഗം നടത്തിയപ്പോൾ ഞങ്ങളെപ്പോലെയുള്ളവർ വാസ്തവത്തിൽ ആശ്ചര്യപ്പെട്ടുപോയി. സർ, എനിക്കു അവരോടു പറയാനുള്ളത്, സീററിൻെറ കണക്കുകൂട്ടലും, കുരുക്ഷേത്രത്തിലെ ലൈനപ്പും, കൂട്ടുകൂടി യുദ്ധം ചെയ്യുമോ, ഏകകക്ഷിയായി നിൽക്കുമോ എന്ന ചിന്താഗതിയോടുകൂടിയ പരാമർശങ്ങളും വലിയ കാര്യമല്ല. ഈ രാജ്യത്തെ ജനങ്ങ

LIBRARY ARCHIVES Kerala Legislative Assembly

[ഡോ. ജോർജ് തോമസ്]

ളോടു നിങ്ങൾ ചെയ്ത വാഗ്ദാനങ്ങൾ നിങ്ങൾ നിറവേററിയിട്ടുണ്ടോ എന്ന് ഒരു ആത്മപരിശോധന നടത്തണമെന്നാണ്.

സർ, കഴിഞ്ഞ 31 മാസത്തെ ഭരണത്തിൽനിന്നുള്ള അനുഭവം എന്താണ്? പാർലമെൻററി ജനാധിപത്യ മര്യാദകൾ ഇവർ ഏതെങ്കിലും നിലയിൽ പാലിച്ചിട്ടുണ്ടോ? പാർലമെൻററി ജനാധിപത്യ മര്യാദ, കൂട്ടുത്തരവാദിത്വത്തോടു കൂടി ഒരു മന്ത്രിസഭ അധികാരത്തിൽ വന്നാൽ, തിരഞ്ഞെടുപ്പിനുമുൻപ് ജനങ്ങൾക്ക് നൽകിയിരുന്ന വാഗ്ദാനങ്ങൾ പാലിക്കണമെന്നുള്ളതാണ്. പാർലമെൻററിജനാധിപത്യത്തിൻെറ പ്രാഥമികമര്യാദയാണ് അത്. ശ്രീ. പി. എസ്. ശ്രീനിവാസനും, പുതുതായി ഇപ്പുറത്തിരിക്കുന്ന മററു പലരും മുഖത്തുനോക്കി വിരൽ ചൂണ്ടിക്കൊണ്ടു ചോദിച്ചതുപോലെ, കഴിഞ്ഞ 31 മാസമായി ഈ രാജ്യത്തെ ജനങ്ങൾക്കു നൽകിയ വാഗ്ദാനങ്ങളിൽ ഏതെങ്കിലും ഒന്ന് നിങ്ങൾ നിറവേററിയിട്ടില്ലെന്നുള്ളതു ഒരു വസ്തുതയല്ലേ? കഴിഞ്ഞ 31 മാസക്കാലം മാർക്സിസ്ററുകാർ മാർക്സിസ്ററുപാർട്ടിക്കു വേണ്ടി നടത്തിയ ഒരു ഭരണമായിരുന്നു ഇവിടെ നടന്നത്. പാർലമെൻററി ജനാധിപത്യത്തിൻെറ മറപിടിച്ചു നിന്നുകൊണ്ട് ഏകകക്ഷി സർവ്വാധിപത്യം സ്ഥാപിക്കാൻ മാർക്സിസ്ററുപാർട്ടി പരിശ്രമിച്ചു എന്നുള്ളതാണ് വസ്തുത. സർ, ഒരു കാര്യം വളരെ ഖണ്ഡിതമായി പറയാൻ കഴിയും; സംസ്ഥാന കമ്മിററിക്കുപോലും ഇവിടത്തെ ഭരണത്തെ ശരിക്കു നിയന്ത്രിക്കാൻ കഴിഞ്ഞിട്ടില്ല സർ. ശ്രീ. സുന്ദരയ്യാ എല്ലാമാസത്തിലും വരികയും പോകുകയും ചെയ്യുന്നുണ്ടെന്നു മാത്രമല്ല, ഈ സംസ്ഥാനത്തിൻെറ ഭരണചരിത്രം പരിശോധിച്ചാൽ, യഥാർത്ഥത്തിൽ പോളിററു ബ്യൂറോയുടെ പ്രമേയത്തിൻെറ ചരിത്രമാണ് എന്നു കാണാൻ കഴിയും. ഐക്യമുന്നണി ഗവൺമെൻറിൻെറ വ്യവസായനയം അങ്ങനെ കബറടക്കം ചെയ്യപ്പെട്ടുപോയി. പോളിററു ബ്യൂറോ ജനറൽ സെക്രട്ടറി അതിനെ എതിർത്തു സംസാരിച്ചിട്ടുള്ളതു നമുക്കറിയാം. അതുപോലെ ഒട്ടേറെ കാര്യങ്ങൾ എനിക്കു പറയാനുണ്ട്. ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കിഴക്കൻ ജർമ്മനിയിൽ പോയി മടങ്ങിവന്നതിനുശേഷം, സ്വതന്ത്രമായി ഏതെങ്കിലും നിലയിൽ അദ്ദേഹത്തിനു പ്രവർത്തിക്കുവാൻ കഴിയുമായിരുന്നില്ല. അദ്ദേഹം ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു നാലു കക്ഷികൾ ചേർന്നു അന്ത്യശാസനം നൽകിയെന്ന്. അങ്ങനെ അന്ത്യശാസനം നൽകിയിരുന്നില്ലെങ്കിൽ കേരളത്തിൻെറ ചിത്രം ഇന്നു വേറെ ആയിരുന്നേനേ എന്നും അദ്ദേഹം സൂചിപ്പിച്ചു. വാസ്തവത്തിൽ ആലോചിച്ച് നോക്കുകയാണെങ്കിൽ അന്ത്യശാസനം നൽകിയതു ആരാണ്? ജർമ്മനിയിൽ നിന്നു മടങ്ങിവരുന്നതിനു മുൻപുതന്നെ അഴിമതിയാരോപണങ്ങളെപ്പററിയുള്ള തീരുമാനം പോളിററുബ്യൂറോ എടുത്തുകഴിഞ്ഞിരുന്നില്ലേ എന്നാണു ഞാൻ ചോദിക്കുന്നത്. ഇവിടെയുള്ള എല്ലാ പത്രങ്ങളിലും പ്രമേയം വന്നിരുന്നു.

ശ്രീ. വെല്ലിംഗ്ടനെതിരായ പ്രമേയം നിയമസഭയിൽ വന്നപ്പോൾ, നിയമസഭയിൽ ഭൂരിപക്ഷത്തോടുകൂടി പ്രമേയം പാസ്സാകുമെന്നു വന്നപ്പോൾ പോളിററുബ്യൂറോ അഭിപ്രായപ്പെടുകയുണ്ടായി, ഒരു മന്ത്രിക്കെതിരായി അന്വേഷണം നടക്കുകയില്ല, മററു മന്ത്രിമാരുടെ പേരിലും അന്വേഷണം ഉണ്ടാവുമെന്ന്. ശ്രീ. ഇ. എം. എസ്. തിരിയെ വന്നപ്പോൾ പോളിററു ബ്യൂറോ വരച്ചവരയിൽ ഒപ്പിടുകയല്ലാതെ യാതൊന്നും ചെയ്യാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഇതാണ് ഈ രാജ്യത്തെ ഇന്നത്തെ സ്ഥിതിവിശേഷം. അത് തെററാണെന്നാണ് ഞാൻ പറയുന്നത്. 31 മാസം മാർക്സിസ്ററുപാർട്ടി മാർക്സിസ്ററുപാർട്ടിക്കു വേണ്ടിയാണ് കേരളം ഭരി

LIBRARY ARCHIVES Kerala Legislative Assembly

ച്ചത്. അതിന്റെ പരിണതഫലമായിട്ടാണ് വാസ്തവത്തിൽ നാലു പാർട്ടികൾ, ഭരണകക്ഷിയിൽ നിന്ന് ഇപ്പുറത്തു മാറിയിരിക്കുന്നതെന്നു നിങ്ങൾ ഓർക്കണമെന്ന് എനിക്കപേക്ഷയുണ്ട്.

സർ, ഇപ്പോൾ പാസ്സാക്കിയിരിക്കുന്ന അന്വേഷണ ഉത്തരവിന്റെ കാര്യംതന്നെ നാം ഓർക്കണം. നിയമസഭയിൽ മന്ത്രി ശ്രീ. ബി. വെല്ലിംഗ്ടനെതിരായി ഒട്ടേറെ ആരോപണങ്ങൾ അക്കമിട്ടക്കമിട്ട് ഉന്നയിക്കുകയുണ്ടായി. ശ്രീ. വെല്ലിംഗ്ടന്റെ പേരിൽ അന്വേഷണത്തിനുത്തരവിട്ടപ്പോൾ അതിൽ ഒട്ടേറെ ആരോപണങ്ങൾ വിഴുങ്ങിക്കളഞ്ഞു; അതാണു സംഭവിച്ചത്. മുഖ്യമന്ത്രിയുടെ 'സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷൻ' അനുസരിച്ചാണ് മന്ത്രിമാരുടെ പേരിൽ രണ്ടുതരത്തിൽ ഉത്തരവിടാൻ ഇടയായതെന്നാണ് അദ്ദേഹം പറയുന്നത്. എന്താണു സർ, സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷൻ? എനിക്കതറിയാൻ വാസ്തവത്തിൽ താൽപര്യമുണ്ട്. ശ്രീ. വെല്ലിംഗ്ടൻ, മാർക്സിസ്റ്റു പാർട്ടിയുടെ—നേരത്തേ ഉപയോഗിച്ച പദം ഞാൻ ഉപയോഗിക്കുന്നില്ല—ആണ്. ശ്രീ. പി. കെ. കുഞ്ഞ് അല്ലെങ്കിൽ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ മാർക്സിസ്റ്റു പാർട്ടിയുടെ എതിരാളികളാണ്. ഇതാണോ സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷനടിസ്ഥാനം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതൊന്നു വിശദീകരിച്ചാൽ കൊള്ളാം. അതു മനസ്സിലാക്കാൻ എനിക്കു പ്രത്യേക താൽപര്യം തോന്നുന്നു. വാസ്തവത്തിൽ സബ്ജക്റ്റീവ് സാറ്റിസ്ഫാക്ഷൻ എന്നു പറയുന്നത് വെറും ഒരു കള്ളനാണയമാണ്. ഓബ്ജക്റ്റീവ് റിയാലിറ്റിക്കു വിരുദ്ധമായി വിവേചനാപരമായി ഉത്തരവിടാൻ മാർക്സിസ്റ്റു പാർട്ടിയുടെ അനാവശ്യ നിർബന്ധത്തിനു വഴങ്ങുകയാണു മുഖ്യമന്ത്രി ചെയ്തിട്ടുള്ളത്. മാർക്സിസ്റ്റു മന്ത്രിമാരും ശ്രീ. വെല്ലിംഗ്ടനും ചേർന്നു നടത്തിയ കൂട്ടുകച്ചവടങ്ങളും മററും തന്നെ കുടിയിറക്കിയാൽ തെരുവുപാട്ടാക്കുമെന്നു ഭീഷണിപ്പെടുത്തിയതിന്റെ ഫലമായിട്ടല്ലേ ഓബ്ജക്റ്റീവ് റിയാലിററി, സബ്ജക്റ്റീവ് സാററിസ്ഫാക്ഷനാക്കി മാററിയത്. ശ്രീ. പി. സുന്ദരയ്യായുടെയും, രാമമൂർത്തിയുടേയും കത്തുകൾ തന്റെ പക്കലുണ്ട്, തൊട്ടുകളിച്ചാൽ അതു പരസ്യമാക്കും എന്നു പറഞ്ഞതുമൂലമാണ് മഖ്യമന്ത്രിക്കു സബ്ജക്റ്റീവ് സാററിസ്ഫാക്ഷൻ ഉണ്ടായത്. സർ, ഇന്നലെ ശ്രീ. ഇ. എം. ജോർജു പ്രസംഗിച്ച അവസരത്തിൽ, ഞാൻ അദ്ദേഹവുമായി ഒരു സ്വകാര്യ സംഭാഷണം നടത്തിയപ്പോൾ, ശ്രീ. എം. എൻ. ഗോവിന്ദൻനായരേയും, ശ്രീ. ടി. വി. തോമസ്സിനേയും പററി പറഞ്ഞകാര്യം സൂചിപ്പിക്കുകയുണ്ടായി. എന്റെ കക്ഷിയിലെ യോഗ്യൻമാരായ മന്ത്രിമാരെപ്പോലെ അവർ പെരുമാറുന്നു എന്നു ഞാൻ പറഞ്ഞകാര്യം സൂചിപ്പിച്ചപ്പോൾ ഒരു ആക്ഷേപഹാസ്യം ശ്രീ. പി. ഗോവിന്ദപ്പിള്ളയ്ക്കും മററും ഉണ്ടായത് എന്റെ സ്നേഹിതൻമാർക്കും മനോവേദനയുണ്ടാക്കിയിരിക്കുമോ എന്നു നിശ്ചയമില്ല. പക്ഷേ പ്രശ്നം അതല്ല. ശ്രീ. പി. എസ്. ശ്രീനിവാസനും, ശ്രീ. പി. ഗോവിന്ദപ്പിള്ളയും മാർക്സിസ്ററുപാർട്ടിയും ഇപ്പോൾ പിൻതുണ നൽകുന്ന കോൺഗ്രസ്സ് പ്രധാനമന്ത്രിയുടെ കാര്യം ഇവിടെ പ്രസ്താവിച്ചുകേട്ടു. ഇതും അതുപോലുള്ള ഒരു കാര്യമാണെന്നു മറക്കാതിരുന്നാൽമതി. യാഥാർത്ഥ്യങ്ങൾ അത്രവേഗം മറക്കരുതെന്നേ എനിക്കു പറയാനുള്ളു. നന്മ ആരെങ്കിലും ചെയ്താൽ അതു നന്മയാകണമെങ്കിൽ മാർക്സിസ്ററുകാർ തന്നെ ചെയ്യണമെന്നാണ് ശ്രീ. പി. ഗോവിന്ദപ്പിള്ളയും ശ്രീ. ഇ. എം. എസും കരുതുന്നതെന്നു തോന്നുന്നു. സർ, ഏതെങ്കിലും നല്ലകാര്യം മനോരമയും മാതൃഭൂമിയും പറഞ്ഞാൽ അതൊരു വടിയായി ഉപയോഗിച്ച് രാജ്യത്തിന് നൻമചെയ്യുന്ന ആളുകളെ അടിക്കാൻ മുതിരുന്നതു നിങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

[ഡോ. ജോർജ് തോമസ്]

കണ്ണില്ലാത്തതുകൊണ്ടാണെന്നു ഞാൻ പറയും. സർ, കുശുമ്പും അസൂയയും പെണ്ണുങ്ങൾക്കു പററിയതാണ്; അതു മാർക്സിസ്ററുകാർക്ക് പററിയതല്ല; മാർക്സിസ്ററു പാർട്ടിയിലെ പെണ്ണുങ്ങൾക്കും പററിയതല്ല എന്നാണു എനിക്കു പറയാനുള്ളത്. അതുകൊണ്ടു അത്തരത്തിലുള്ള വാദഗതികൾ നിങ്ങൾ അവസാനിപ്പിക്കണമെന്നാണ് എനിക്കപേക്ഷിക്കാനുള്ളത്.

സർ, മാർക്സിസ്ററുപാർട്ടിയിലെ മന്ത്രിമാരുടെ അഴിമതികളെപ്പററി ഇവിടെ ധാരാളം പ്രസംഗങ്ങൾ കേട്ടുകഴിഞ്ഞു. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ കൈകൾ ശുദ്ധമല്ലെന്നു വളരെ ഉത്തരവാദിത്വത്തോടുകൂടി, അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ കഴിഞ്ഞ 31 മാസക്കാലം പ്രവർത്തിച്ച ആളുകൾ ഈ നിയമസഭയിൽ പറഞ്ഞു കഴിഞ്ഞു. ആ ആരോപണങ്ങൾ തീരെ നിസ്സാരമായി കേരളത്തിലെ ജനങ്ങൾ കണക്കാക്കുമെന്നു നിങ്ങൾ വിചാരിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ്. ആ ആരോപണങ്ങൾ ഒന്നും ആവർത്തിക്കാൻ ഞാനാഗ്രഹിക്കുന്നില്ല.

സർ, എൻ. ജി. ഒ. യൂണിയൻ നേതാവു പത്മനാഭന്റെ നിർദ്ദേശം അനുസരിച്ച്—ആജ്ഞയനുസരിച്ചെന്നുതന്നെ ഞാൻ പറയട്ടേ—തിരു-കൊച്ചിവിഭാഗത്തിലെ ഒട്ടേറെ ഉദ്യോഗസ്ഥൻമാർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇല്ലാതാക്കുന്ന ആർഡർ നിങ്ങൾ പാസ്സാക്കിയിട്ടില്ലേ എന്നു ഞാൻ ചോദിക്കുകയാണ്. ആവശ്യമാണെങ്കിൽ അതിന്റെ ഫയൽ നമ്പരും മററും തരാൻ തയ്യാറാണ്. ശ്രീ. ഇ. പത്മനാഭനെ വിദ്യാഭ്യാസ ഡയറക്ടരാഫീസിൽനിന്ന് ഒരേ മാസത്തിൽ രണ്ടു പ്രമോഷൽ നൽകി കൊളീജിയററു വിദ്യാഭ്യാസഡയറക്ടരാഫീസിൽ നിയമിച്ചിട്ടില്ലേ? സ്വജനപക്ഷപാതവും, പ്രാദേശികത്വവും ശ്രീ. ഇ. എം. എസിന്റെ രണ്ടു കൂടപ്പിറപ്പുകളാണെന്നു പറയാൻ ഈയവസരം ഞാൻ ഉപയോഗിക്കുകയാണ്.

സർ, അവസാനമായി എനിക്കു പറയാനുള്ളത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൈകൾ വിശുദ്ധമല്ല; അവിശുദ്ധമായ ആ കൈകൾ ഒററ നടപടിക്കുമാത്രമേ ഇനി വിനിയോഗിക്കാവൂ, രാജിക്കത്തിൽ ഒപ്പുവയ്ക്കാൻ മാത്രം എന്നാണ് എനിക്ക് പറയാനുള്ളത്. അല്ലാതെ മറെറാരു നടപടിയും നടത്താൻ ആ കൈകൾക്കു യോഗ്യതയില്ലെന്നാണ് എന്റെ അഭിപ്രായം.

സർ, ഒരുപക്ഷേ മന്ത്രിസഭ നാളെ തറപററിയെന്നുവരാം, എനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം വളരെ വ്യക്തമാണ്; ഈ മന്ത്രിസഭയുടെ ഉദകക്രിയക്കുവേണ്ടി കേരളത്തിലെ ജനങ്ങളുടെ ഒരു തുള്ളി കണ്ണുനീർ പോലും പൊഴിക്കാൻ ഒരാളും ഉണ്ടാവുകയില്ലെന്നു കേരളത്തിലെ ജനങ്ങളുടെ പേരിൽ ഞാൻ അറിയിക്കുകയാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കഴിഞ്ഞദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ഈ സഭയിൽ നടത്തിയിട്ടുള്ള പ്രസ്താവനയെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അതിനു മറുപടിയായി അദ്ദേഹത്തിന്റെ സഹപ്രവർത്തകൻമാരായി കഴിഞ്ഞിരുന്ന ബഹുമാനപ്പെട്ട സുഹൃത്തുക്കൾ നടത്തിയ പ്രസംഗങ്ങൾ എന്നെ വളരെയധികം നിരാശപ്പെടുത്തുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ കഴിഞ്ഞ 17-ാം തീയതി നടത്തിയ പ്രഖ്യാപനം ഈ നാട്ടിലെ ജനാധിപത്യവാദികളുടെ ആശയാഭിലാഷങ്ങൾക്കു രൂപംകൊടുത്തുവെന്നു മാത്രമല്ല, ഇന്നു മാർക്സിസ്ററു ഇതരമുന്നണി രൂപീകരിച്ചിരിക്കുന്ന സുഹൃ

LIBRARY ARCHIVES Kerala Legislative Assembly

ത്തുക്കളുടെ നിരന്തരങ്ങളായ ആവശ്യങ്ങളെ പരിപൂർണ്ണമായി അംഗീകരിച്ചുകൊണ്ടുള്ള ഒരു നടപടി കൈക്കൊള്ളുകയുമായിരുന്നു. ആ സുഹൃത്തുക്കൾ ഇതിനുമുമ്പെന്നപോലെ ഈ രണ്ടാമത്തെ അന്വേഷണ നടപടിയേയും സഹർഷം സ്വാഗതം ചെയ്യുന്നതിനുപകരം അങ്ങേയററം അസംതൃപ്തിയോടും പുച്ഛത്തോടും വെല്ലുവിളിയോടും കൂടിയാണ് ആ പ്രഖ്യാപനത്തെ നേരിട്ടതെന്നുള്ളതാണ് എന്നിൽ ഉണ്ടാക്കിയ ഖേദം. ശ്രീ. പി. കെ. കുഞ്ഞ് ആരോപണവിധേയനായപ്പോൾ അദ്ദേഹത്തിനെതിരായി അസംബ്ലിയിൽ മുഖ്യമന്ത്രി കോ ഓർഡിനേഷൻ കമ്മിററിയുടെ തീരുമാനം അനുസരിച്ചു കൊടുത്ത അഷ്വറൻസ് പൂർണ്ണമായും പരിഗണിച്ചു നടപ്പിലാക്കിയപ്പോഴും അഴിമതി വിരോധത്തിന്റെ പേരിൽ കുരിശുയുദ്ധം നടത്താൻ കുരിശു നാട്ടിയിരിക്കുന്ന ഈ സുഹൃത്തുക്കൾ അന്നും അസംതൃപ്തരാകുകയാണുണ്ടായത്. അഴിമതിക്കെതിരായി എടുത്ത നടപടികൾക്കു സഖാവ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിനെ സഹർഷം സ്വാഗതം ചെയ്യുകയായിരുന്നില്ല. മറിച്ച് നാളെ കോ ഓർഡിനേഷൻ കമ്മിററിയിൽ കൊണ്ടുവരാമല്ലോ, അല്ലാതെ ഇത്തരം നടപടിയെടുത്തതു ശരിയാണോ എന്ന് ചോദിച്ചുകൊണ്ട് പരിഭവത്തിൽക്കൂടിയും അസംതൃപ്തിയുടേയും വെറുപ്പിന്റേയും ദുർമ്മുഖം കാണിക്കുകയാണ് ചെയ്തത്. ആ നടപടികൊണ്ടുതന്നെ തങ്ങളുടെ അഴിമതിവിരോധ ആവേശത്തിന്റെ പൂച്ചു വെളിക്കുവന്നിരുന്നു. രണ്ടാമത്തെ ഈ നടപടിയിലെങ്കിലും ആത്മസംയമനത്തിന്റെ ഒരു നിലപാട് സ്വീകരിക്കുമെന്നാണ് വിചാരിച്ചത്. പക്ഷേ ഈ രണ്ടാമത്തെ പ്രഖ്യാപനത്തിനുശേഷവും അവർ ആദ്യം അംഗീകരിച്ചതിനേക്കാൾ മോശമായ മനോഭാവം തന്നെയാണ് പ്രകടിപ്പിച്ചത്. ശ്രീ. വെല്ലിംഗ്ടനെതിരായി ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ അസംബ്ലിയിലെ തീരുമാനത്തെ അടിസ്ഥാനമാക്കി അന്വേഷണത്തിനു വിധേയമാക്കി. അവർ ആവശ്യപ്പെട്ടത് അതായിരുന്നല്ലോ ? ആഗസ്ററുമാസം 22-ാം തീയതി ശ്രീ. എൻ. ഐ. ദേവസിക്കുട്ടി കൊണ്ടുവന്ന പ്രമേയംതന്നെ ഒക്ടോബർ മൂന്നാം തീയതി ചതുരമുന്നണി മെമ്പറായ ശ്രീ. ചന്ദ്രശേഖരൻ നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച് പാസ്സാക്കിയശേഷം ആ പ്രമേയത്തിനു ഉപോൽബലകമായിട്ടുള്ള നടപടി മുഖ്യമന്ത്രി സ്വീകരിക്കുമ്പോൾ അദ്ദേഹത്തെ സഹർഷം സ്വാഗതം ചെയ്യുന്നതിനു പകരം പുച്ഛിക്കുകയും പരിഹസിക്കുകയും ചെയ്യാനാണ് മുതിർന്നത്. ഇതിൽനിന്നുതന്നെ ഇവർക്കു അഴിമതി നിരോധനത്തിന്റെ താൽപര്യം കണികപോലും ഇല്ലെന്ന് ഇവരുടെ നടപടികൾ തെളിയിച്ചുകഴിഞ്ഞിരിക്കുകയാണ്. അഴിമതി സംബന്ധിച്ച് ഉന്നീതമാകുന്ന എല്ലാ ആരോപണങ്ങളെ സംബന്ധിച്ചും ചുമതലാബോധത്തോടുകൂടി അന്വേഷണം നടത്തുന്നതിനുള്ള നിർദ്ദേശം എന്റെ പാർട്ടി കോ-ഓർഡിനേഷൻ കമ്മററി മുമ്പാകെയും ക്യാബിനററു മുമ്പാകെയും വയ്ക്കുകയുണ്ടായി. എന്താണ് അത് ? ഈ ഐക്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന കാലം മുതൽക്ക് അതിനെ തകർക്കാനും കരിതേക്കാനും ബദ്ധകങ്കണരായി രാഷ്ട്രീയ വൈരബോധത്തോടുകൂടി അപ്പുറത്തിരിക്കുന്ന കോൺഗ്രസ്സുകാരും കേരളാ കോൺഗ്രസ്സുകാരും കൊണ്ടുവരാറുള്ള ആരോപണങ്ങളെ ഏതു നിലയിൽ പരിഗണിക്കണം ? വസ്തുതകൾക്കു നിരക്കാത്തതും പ്രതികാരത്തോടുകൂടി കൊണ്ടുവരുന്നതുമായ ആരോപണങ്ങളും അല്ലാതുള്ളതും സഹിഷ്ണതയോടും ഉത്തരവാദിത്വബോധത്തോടുംകൂടി പരിശോധിക്കുവാനുള്ള മെഷീനറി ഏതായിരിക്കണമെന്നകാര്യം ശ്രീ. കുഞ്ഞിന്റെ അന്വേഷണ ഉത്തരവിനുശേഷം ഈ രാജ്യത്തിന്റെ മുമ്പിലും കോ ഓർഡിനേഷൻ കമ്മിററിയുടെ മുമ്പാകെയും ഗൗരവമായി സംജാതമായി വന്നു. അഴിമതിയെ സംബന്ധിച്ചുള്ള പ്രാഥമിക

LIBRARY ARCHIVES Kerala Legislative Assembly

[ഡോ. ജോർജ് തോമസ്]

മായ അന്വേഷണം നടത്തുക എന്നുള്ളത് കേന്ദ്രത്തിൽ പ്രധാനമന്ത്രിയും സംസ്ഥാനങ്ങളിൽ മുഖ്യമന്ത്രിമാരും ആണെന്നും ഉള്ള വസ്തുത നിലവിലിരിക്കെ അതിൽ ഒന്നും കടിച്ചുതൂങ്ങി നിൽക്കാതെ കോ ഓർഡിനേഷൻ കമ്മിററിയിലെ എല്ലാ പാർട്ടികൾക്കും സമ്മതനും ഹൈക്കോടതി ജഡ്ജിയാകാൻ യോഗ്യനുമായ ഒരാളിന്റെ മേൽനോട്ടത്തിൽ പ്രാഥമികാന്വേഷണം നടത്തുവാൻ ആവശ്യമായ നടപടിയെടുക്കുകയെന്ന നിർദ്ദേശം ഞങ്ങൾ വച്ചു. ആരോപണങ്ങളിൽ ഏതു അടിസ്ഥാനമുള്ളവയാണ്, അടിസ്ഥാനമില്ലാത്തവ ഏതാണെന്നു പരിശോധിക്കുവാൻ വച്ച ഈ നിർദ്ദേശം ഘടകകക്ഷികളിൽപ്പെട്ട ആർ. എസ്. പി. നേതാക്കൻമാർ സ്വാഗതം ചെയ്യുകയും മാർക്സിസ്ററുപാർട്ടി അതിന്റെ ആദ്യത്തെ നിലപാടിൽ മാററം വരുത്തിയിരിക്കുന്നുവെന്ന് പറഞ്ഞു ആ പ്രപ്പോസൽ സ്വാഗതം ചെയ്തതിനെ ഇപ്പോൾ അംഗീകരിക്കാതിരിക്കുന്നവർ ഉത്തരവാദിത്വത്തോടുകൂടി അന്വേഷണത്തെ നേരിടാൻ തയ്യാറാണോ ? അതോ കള്ളൻ, കള്ളൻ എന്നു വിളിച്ചു കൂവിക്കൊണ്ട് കപ്പലിൽ ഒളിഞ്ഞിരിക്കുന്ന ഈ കരിങ്കള്ളനെ പിടിക്കുമെന്ന ഭയംകൊണ്ട് അതിൽനിന്നും രക്ഷപ്പെടാൻ നോക്കുകയാണോ ? ചിന്തിക്കുക. ഐക്യമുന്നണിയുടെ മാനിഫെസ്റേറായിൽ അഴിമതിയില്ലാത്ത സംശുദ്ധമായ ഒരു ഗവൺമെന്റ് ഈ രാജ്യത്തുണ്ടാക്കുമെന്ന് പറഞ്ഞത് ഇന്ന് ആ പദം എടുത്ത് അമ്മാനയാടുന്നതിന്റെ അർത്ഥം ഞങ്ങൾക്കു മനസ്സിലാക്കുവാൻ കഴിയും. എന്റെ സ്നേഹിതൻ ശ്രീ. ടി. വി. തോമസ് സർ സി. പി. രാമസ്വാമി അയ്യർക്കെതിരായി നടത്തിയ ആവേശജനകമായ സമരത്തെപ്പററി ഇവിടെ പറയുകയുണ്ടായി. ഒന്നും രണ്ടും മൂന്നും പ്രതികളായി ഞാനും എം. എൻ.-ം സഖാവ് ടി. കെ. ദിവാകരനും എല്ലാംകൂടി നടത്തിയ സമരവും അന്നു കൽത്തുറുങ്കിൽ പോയിട്ടുള്ളതും ഇന്നു ഇ. എം. എസ്സിന്റെ മുമ്പിൽ പ്രതികളായി നിൽക്കുവാൻ ഇടയായ ചിത്രവും വരച്ചുകാണിക്കുകയുണ്ടായി. സഖാവ് എം. എൻ. ഗോവിന്ദൻ നായരേയും സഖാവ് ടി. വി. തോമസ്സിനേയും ഞങ്ങളെല്ലാം ആരാധിക്കുക്കുകയും സ്വീകരിക്കുകയും ചെയ്തിരുന്നു. സഖാവ് ടി. വി. തോമസ്സ് കൽത്തുറുങ്കിൽ ആയിരുന്ന അന്ന്, 22 കൊല്ലങ്ങൾക്കു മുമ്പ് ഒരു മൂന്നാം ക്ലാസ് തടവുകാരനായി അദ്ദേഹത്തിന്റെ മുറിയുടെ അടുത്ത മുറിയിൽ ശ്രീ. ഒ. എം. ഖാദറിന്റേയും എ. അച്യുതന്റേയും കടുത്ത മർദ്ദനം സഹിച്ചുകൊണ്ട് ഞാനും, ജയിൽ മർദ്ദനംമൂലം ആ കാലത്ത് മരണമടഞ്ഞ സ: രാമകൃഷ്ണനും ഉണ്ടായിരുന്നുവെന്ന കാര്യവും ടി. വി. മറന്നുകാണുകയില്ല. അന്ന് സർ സി. പി. ക്കെതിരായി പടപൊരുതിയ ധീരരായ ഗ്രാമീണരും ഫാക്ടറി തൊഴിലാളികളും കർഷകത്തൊഴിലാളികളും പാവപ്പെട്ട ലക്ഷോപലക്ഷം കർഷകത്തൊഴിലാളികളും ഇന്നു എവിടെ നിൽക്കുന്നുവെന്നു അങ്ങു ചിന്തിക്കുന്നുണ്ടോ ? അന്നു സർ സി. പി. രാമസ്വാമി അയ്യർക്കുവേണ്ടി വീടുപണി ചെയ്യാൻ തയ്യാറായിരുന്ന പാറായി തരകനും, എൻ. സി. ജോണും അന്ത്രപ്പേരും ഇന്നു ആരുടെ കൂടെ നിൽക്കുന്നു? പുന്നപ്ര സമരത്തിന്റെ ഓസ്യത്തിന്റെ അവകാശം പറയുന്ന നിങ്ങൾ ചേർത്തല ചെങ്ങരങ്കരി പാടശേഖരങ്ങളിൽ ജോലിചെയ്തുകൊണ്ടിരുന്ന ആയിരക്കണക്കിന് കർഷക തൊഴിലാളികളെ തൊഴിലില്ലായ്മയിലേക്ക് വലിച്ചെറിയാൻവേണ്ടി ട്രാക്ടർ ഉപയോഗിക്കുവാൻ കർഷക മുതലാളിമാർ തയ്യാറായി. അന്ന് തൊഴിലാളികൾ അതിനെതിരായി സമരം നടത്തിയപ്പോൾ കൃഷിമന്ത്രിയായിരുന്ന ശ്രീ. എം. എൻ. ഗോവിന്ദൻ നായരെ നിങ്ങൾ എവിടെയായിരുന്നുവെന്നു ഞങ്ങൾ ചോദിക്കുകയാണ്. ആ സമരം ചെയ്ത കർഷകത്തൊഴിലാളികളേയും കുടികിടപ്പുകാരേയും സ്നേഹിക്കുന്നതായി അവകാശപ്പെടുന്ന അങ്ങ് അവരുടെ കൂടെ നിന്നുവോ ? അതോ

LIBRARY ARCHIVES Kerala Legislative Assembly

പാറായിയുടെ ചേരിയിൽ നിന്നുകൊണ്ട് ആ ട്രാക്ടർ സമരത്തെ തോൽപിക്കുവാൻ ശ്രമിച്ചോ എന്ന് അങ്ങ് ആലോചിക്കണം. അതുപോലെതന്നെ പള്ളിപ്പാട് എന്ന പ്രദേശത്തുണ്ടായ സംഭവം. ആ പ്രദേശത്തു കാർഷിക തൊഴിലാളികൾ തങ്ങൾ കൊയ്യുന്ന കററ പാടശേഖരത്തുവച്ചുതന്നെ മെതിക്കണമെന്നും തങ്ങൾക്കു അതിൻെറ ആദായം കിട്ടണമെന്നുമുള്ള ആവശ്യം വച്ചുകൊണ്ട് നടത്തിയ സമരത്തെ തോൽപിക്കുവാൻ അപ്പർ കുട്ടനാടു കർഷക സംഘത്തിൻെറ നേതാവും അദ്ദേഹത്തിൻെറ ബഹുമാനപ്പെട്ട സുഹൃത്തുമായ ഇ. ജോൺ ജേക്കബ്ബിൻെറ നേതൃത്വത്തിൽ നടത്തിയ കയ്യേററവും ആക്രമണവും ശ്രീ. എം. എൻ. ഓർക്കുന്നുണ്ടോ ? ആ മർദ്ദനത്തിൽ കഠിനമായി പരുക്കേററു ആശുപത്രിയിൽ പ്രവേശിപ്പിച്ച നിരവധി തൊഴിലാളികളേയും മർദ്ദനംമൂലം മരണപ്പെട്ട സഖാവു ഗോപാലനേയും അങ്ങറിയുമോ ? ഇല്ല. അങ്ങ് ഇപ്പോൾ മറന്നുകാണും. പോകട്ടെ! മർദ്ദനമേററു ഹരിപ്പാട്ട് ആശുപത്രിയിൽ കഴിഞ്ഞ ആ തൊഴിലാളികളെ ഒരു നോക്കു കാണുവാൻ എങ്കിലും അങ്ങേയ്ക്കു അന്ന് സമയമുണ്ടായിരുന്നുവോ ? ഇല്ല. എന്നാൽ ആ സമയത്തു ശ്രീ. ജോൺ ജേക്കബ്ബിൻെറ വീട്ടിൽ നടത്തിയ സ്വീകരണ സൽക്കാരങ്ങളിൽ പങ്കെടുക്കുവാൻ താങ്കൾക്ക് സമയമുണ്ടായിരുന്നു. സുഹൃത്തേ, നേതാവേ ഈ കാര്യമെല്ലാമോർക്കുമ്പോൾ വല്ലാത്ത വേദന തോന്നുകയാണ്.

ശ്രീ. ഇ. ജോൺ ജേക്കബ്ബ്: സർ, ഒരു പോയിൻറ് ഓഫ് ഓർഡർ. യാതൊരു സത്യവുമില്ലാത്ത പ്രസ്താവനകൾ ഈ സഭയിലിരിക്കുന്ന മെമ്പറൻമാരെപ്പററി പറയുന്നതു ഓർഡറിലാണോ ? അങ്ങനെയൊരു സദ്യ നടന്നിട്ടില്ല. സദ്യ നടന്നുവെന്നു പറയുന്നതു ഒരു സ്വപ്നസദ്യയാണെന്നു അദ്ദേഹത്തിനുതന്നെ അറിയാവുന്ന കാര്യമാണ്. നേരല്ലാത്ത കാര്യങ്ങൾ ഇവിടെ പറയുന്നത് ശരിയാണോ ?

ശ്രീമതി കെ. ആർ. ഗൗരി: ഇത്രയും നേരം ഇവിടെ പറഞ്ഞതെല്ലാം നേരുമാത്രമായിരുന്നു അല്ലേ ?

ശ്രീ. വി. എസ്. അച്ച്യുതാനന്ദൻ: പള്ളിപ്പാട്ടും വീയപുരത്തും രക്തസാക്ഷിയായ സഖാവ് ഗോപാലൻെറ രക്തസാക്ഷിത്വത്തിനു ഉത്തരവാദിത്വമുള്ള എൻെറ അപ്പുറത്തിരിക്കുന്ന സ്നേഹിതനോട് ശ്രീ. എം. എൻ. ഗോവിന്ദൻ നായർക്ക് അത്യധികമായ സ്നേഹമാണ് പ്രേമമാണ്. എനിക്കതിൽ വിഷമമില്ല. 1959-ൽ കമ്മ്യൂണിസ്ററുപാർട്ടിയുടെ സെക്രട്ടറിയായിരുന്ന ആളാണ്, ശ്രീ. എം. എൻ. അന്ന് അദ്ദേഹത്തെ കേരളത്തിലെ കമ്മ്യൂണിസ്ററു പാർട്ടിയുടെ കേരള ക്രൂഷേവായിട്ടു അറിയുന്ന കാലമായിരുന്നു. അന്ന് 1959-ൻെറ അവസാന കാലത്ത് നിരണമെന്ന പ്രദേശത്തുണ്ടായിരുന്ന പാവപ്പെട്ടവരെ വിശേഷിച്ച് കറുത്ത വർഗ്ഗക്കാരെ ഇഞ്ചിഞ്ചായി വെട്ടി കൊലപ്പെടുത്തുകയും ദ്രോഹിക്കുകയുംചെയ്ത ശ്രീ. ബേബിയുടെ കടുംകൈകളെപ്പററി വ്രണിതഹൃദയനായി അന്നത്തെ ഒരു സഹപ്രവർത്തകനായിരുന്ന എന്നോട് പറഞ്ഞ വാചകങ്ങൾ ഇന്നു ഓർക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുകയാണ് ?

[12 noon] 1957–59 കാലത്ത് അന്ന് അധികാരത്തിലിരുന്ന ഗവൺമെൻറ് 28 മാസം ഭരിച്ചതിനുശേഷം, ആ ഗവൺമെൻറിനെതിരായി കോൺഗ്രസ്സുകാരും കേരളാ കോൺഗ്രസ്സുകാരും മുസ്ലീംലീഗുകാരും മാത്രമല്ല ടി. വി. തോമസിൻെറ റൂമേററായിരിക്കുന്ന ടി. കെ. ദിവാകരനും മറെറാരു സഖാവായ ബേബിജോണും കൂടി ഈററപ്പുലികളായി വിമോചന

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. വി. എസ്. അച്ച്യുതാനൻദൻ]

സമരവീരൻമാരുമായി ചേർന്നു മുന്നോട്ടുവന്നു ടി. വി. തോമസിൻെറ ഭരണത്തെ അവസാനിപ്പിക്കാൻവേണ്ടി ചന്ദനത്തോപ്പുകളുണ്ടാക്കിയത് ഓർമ്മിക്കുന്നുണ്ടോ?

ശ്രീ. പി. എസ്. നമ്പൂതിരി: മത്തായിയും വെല്ലിംഗ്ടണും അന്ന് വിമോചനസമരത്തിലുണ്ടായിരുന്നുവെന്നറിഞ്ഞുകൂടേ ?

ശ്രീ. ബേബിജോൺ: അന്ന് ചന്ദനത്തോപ്പിൽ വെടിവച്ചത് ആർ. എസ്. പി. ക്കാരായിരുന്നില്ലെന്നും കമ്മ്യൂണിസ്ററുകാരായിരുന്നുവെന്നും അറിയാമോ ?

ശ്രീ. വി. എസ്. അച്യുതാനന്ദൻ: 1957–59 കാലത്ത് അധികാരത്തിലിരുന്ന ഗവൺമെൻറിനെതിരായി നിക്ഷിപ്തതാൽപര്യക്കാർ നടത്തിയ സമരത്തെ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവും അദ്ദേഹത്തിൻെറ പ്രിയപുത്രി ഇന്ദിരാഗാന്ധിയും കൂടി ജനരോഷം എന്നു നാമകരണം ചെയ്തു. എൻെറ നേതാവും സഖാവുമായിരുന്ന എം. എൻ. ഗോവിന്ദൻ നായരും, ടി. വി. തോമസും അന്ന് അതിനെ ജനരോഷമെന്നല്ല നിക്ഷിപ്തതാൽപര്യക്കാരുടെ ജനവിരുദ്ധ നീക്കമായാണ് കണ്ടത്. 28 മാസത്തെ ജനോപകാരപ്രദമായ നടപടികളുടെ അനന്തര ഫലമായി നിക്ഷിപ്ത താൽപര്യക്കാർ അന്ന് ഉയർത്തെഴുന്നേററുവെങ്കിൽ, 31 മാസത്തിനിടയിൽ ഇന്ന് രൂപംകൊണ്ടിരിക്കുന്ന നിക്ഷിപ്ത താൽപര്യക്കാരുടെ നീക്കത്തിനെതിരായി എന്തുകൊണ്ട് അതേഭാഷ ഉപയോഗിച്ചു വിശേഷിപ്പിക്കാനും എതിർക്കാനും ടി. വി. തോമസും എം. എൻ. ഗോവിന്ദൻ നായരും തയ്യാറാകുന്നില്ല. നിങ്ങൾക്ക് ഇന്നതിന് വൈമനസ്യം ഉണ്ട്. എനിക്ക് അത് മനസ്സിലാകും.

ശ്രീ. ടി. വി. തോമസ് മാർക്സിസത്തെപ്പററിയും കഴിഞ്ഞകാല ചരിത്രത്തെപ്പററിയും ദീർഘമായി വിശദീകരിച്ചുകൊണ്ട് നടത്തിയ പ്രസംഗം വളരെ ശാന്തമായിരുന്നു കേട്ടുകൊണ്ടിരിക്കുവാൻ എനിക്ക് സാധിച്ചു. അദ്ദേഹം മാർക്സിസത്തെപ്പററി നടത്തിയിരിക്കുന്ന പരാമർശനത്തിൻെറ രൂപത്തിൽ മാർക്സിസം ഉണ്ടാകുമോയെന്ന് എനിക്ക് സംശയമാണ്. അദ്ദേഹത്തിൻെറ വിശകലനത്തിലേക്ക് കൂടുതലായി ഞാൻ കടക്കുന്നില്ല; അതിൻെറ അർത്ഥം അവർക്ക് മനസ്സിലാകും. എന്നാൽ ആർ. എസ്. പി. ക്കാർ മാർക്സിസത്തെ സംബന്ധിച്ച് നടത്തിയിരിക്കുന്ന വിശകലനം എങ്ങിനെയിരിക്കുന്നുവെന്നു നോക്കാം. മാർക്സിസം മാർക്സിസം എന്ന് ഉരുവിടാനും അധരസേവ നടത്താനും എളുപ്പമാണ്. എന്നാൽ മാർക്സിസം എന്നുള്ളത് സയൻറിഫിക് സോഷ്യലിസത്തിൻെറ ഒരു ഉത്തമമായ പേരാണ് എന്നു കരുതി അതിനോടു കൂറു പുലർത്താൻ കഴിഞ്ഞാലേ ശരിയായ സമീപനമാകു. കോളേജിൽ പോയിട്ടുള്ള ബിരുദധാരിയായ ടി. വി. തോമസ്സേ കോളേജിൽ പോകാതെതന്നെ സാധാരണ തൊഴിലാളികൾക്ക് സ്വന്തം അനുഭവത്തിൽകൂടിയും, ചെറിയ ചെറിയ വായനശാലകളിൽകൂടിയും ആ സോഷ്യലിസത്തിൻെറ അടിസ്ഥാന തത്വങ്ങളെപ്പററിയും പറഞ്ഞാൽ മനസ്സിലാകും. 31 മാസത്തിനിടയ്ക്ക് ഈ സംസ്ഥാനത്ത് വന്നുചേർന്നിരിക്കുന്ന ചേരിതിരിവിൻെറ കാര്യം ഈ രാജ്യത്തെ ലക്ഷോപലക്ഷം തൊഴിലാളികൾക്ക് മനസ്സിലായിട്ടുണ്ട്. മാർക്സിസമെന്നുള്ളത് സാമൂഹ്യരംഗത്തെ പുരോഗതിയുടേയും, അധോഗതിയുടെയും ശക്തികളുടെ നീക്കത്തെ ശാസ്ത്രീയമായി പരിശോധിക്കാൻ കഴിയുന്ന ശാസ്ത്രമെന്ന നിലയിൽ പരിഗണിച്ച് സാമൂഹ്യ ചലന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളെ നോക്കിക്കാണണം. R.S.P. യെപ്പോലെയുള്ള പാർട്ടികൾ 1959-ലെപ്പോലെ തെററു ആവർത്തിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ ഇന്നത്തെ ചേരിതിരിവിൽ എവിടെ ഉറച്ചുനിൽക്കണമെന്ന് ശരിക്കും നിശ്ചയിക്കണം. തളി ക്ഷേത്രത്തിലെ പ്രതിഷ്ഠ നടന്ന അവസരത്തിൽ ജനസംഘക്കാരുടെ സ്വഭാവം നാം കണ്ടതാണ്. തളി ക്ഷേത്രത്തിലെ പ്രതിഷ്ഠയെ സംബന്ധിച്ചും മലപ്പുറം ജില്ലയുടെ രൂപീകരണത്തെ സംബന്ധിച്ചും മാർക്സിസ്ററു പാർട്ടിയുടെ നിലപാടു വ്യക്തമായും നിങ്ങൾ കണ്ടിട്ടുള്ളതാണ്. ഞാൻ പറഞ്ഞുവരുന്നത് ഇതേപോലുള്ള പ്രത്യേക പ്രശ്നങ്ങളിലും, ഭൂപരിഷ്കരണ ഭേദഗതി ബിൽ പാസ്സാക്കിയപ്പോഴും, കുടിയൊഴിപ്പിക്കൽ ഭേദഗതി നിമയം പാസ്സാക്കിയപ്പോഴും, പ്രൈവററു കോളേജ് അദ്ധ്യാപകൻമാർക്ക് പരിരക്ഷ കൊടുക്കുന്ന യൂണിവേഴ്സിററി ബിൽ പാസ്സാക്കിയപ്പോഴുമെല്ലാം അതിനെതിരായി കുതിച്ചുചാടിയവരുടെ കൈകളിലല്ലേ സി. എച്ച്. മുഹമ്മദുകോയ അങ്ങും അങ്ങയുടെ കൂട്ടുകാരും ചെന്നുപെട്ടിരിക്കുന്നത്? പുന്നപ്ര-വയലാർ സംഭവത്തിലെ കാരണക്കാരായവരുടേയും, അന്ത്രപ്പേരിൻെറയും ശിവരാമപ്പണിക്കരുടേയും എല്ലാം ബന്ധുക്കളുമായി നിങ്ങൾ കൂട്ടുകൂടിയാൽ തീർച്ചയായും അതിനെ ഈ രാജ്യത്തെ തൊഴിലാളികളും പുരോഗമനവാദികളും പുച്ഛിച്ചു തള്ളുകയായിരിക്കും ചെയ്യുക. ഈ അവസാനനിമിഷത്തിലെങ്കിലും നിങ്ങൾ നിങ്ങളുടെ തെററിനെ സംബന്ധിച്ച് ഒരു പുനഃപരിശോധന നടത്താനും, ചരിത്രത്തിൻെറ ക്രൂരപ്രഹരത്തിന് വിധേയരാകാതിരിക്കുന്നതിനും ശ്രമിക്കേണ്ടതാണ്. അതിനുള്ള അവസരം ഇനിയുമുണ്ട്. ഈ രാജ്യത്തെ സാധാരണക്കാരായ ജനവിഭാഗങ്ങളുടെ പ്രത്യാശയും പ്രതീക്ഷയും, ആഗ്രഹവും സഫലീകരിക്കാൻ സഹായിക്കത്തക്ക വിധത്തിൽ ഈ അസംബ്ലി പാസ്സാക്കിയിട്ടുള്ള യൂണിവേഴ്സിററി ബിൽ, ഭൂപരിഷ്കരണ ഭേദഗതി ബിൽ അടക്കമുള്ള ബില്ലുകൾ സാക്ഷാത്കരിക്കപ്പെടാൻ നിങ്ങൾ മുന്നോട്ടു വരുമോ ഇല്ലയോ എന്നുള്ളതാണ് പ്രശ്നം. അതിന് നിങ്ങൾ സഹകരിക്കാതെ, അടിമുടി അഴിമതി വിരോധത്തിൻെറ ധൂമപടലം ഇളക്കിവിടുകയാണെങ്കിൽ അതു ഒരു കാലത്തും കേരളീയ ജനത പൊറുക്കുകയില്ല. ചൈനീസ് ആക്രമണത്തിൻെറയും പാകിസ്ഥാൻ ആക്രമണത്തിൻെറയും ഘട്ടത്തിൽ ഈ നാട്ടിലെ ദേശീയ വികാരം ഞങ്ങൾക്കെതിരെ തിരിച്ചുവിട്ട നിങ്ങൾ, കേന്ദ്ര കോൺഗ്രസ്സ് ഭരണാധികാരികളുടേയും, സ്വതന്ത്രാ പാർട്ടിയുടേയും മററും സർട്ടിഫിക്കററു വാങ്ങാൻ മുതിരുകയും അവസാനം ചരിത്രം ഏൽപിച്ച കഠിനമായ ശിക്ഷയ്ക്കു നിങ്ങൾ വിധേയരാകാൻ നിർബന്ധിതരാകുകയും ചെയ്തതുപോലെ, ഈ പ്രാവശ്യം അഴിമതി ആരോപണത്തിൻെറ ധൂമയവനിക ഉയർത്തി ജനശത്രുക്കളെ സഹായിക്കാൻ ദുഷ്ടോദ്ദേശത്തിനാണ് ശ്രമിക്കുന്നതെങ്കിൽ ചരിത്രം നിങ്ങൾക്ക് മാപ്പു നൽകാത്ത ഒരു സ്ഥിതിവിശേഷം ഉണ്ടാകുമെന്ന് അനുസ്മരിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: സർ, ഞാൻ ഈ ഐക്യമുന്നണിയെ സംബന്ധിച്ചുള്ള സെമിനാറിൽ പങ്കെടുക്കണമെന്ന് വിചാരിച്ചിരുന്നില്ല. കാരണം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ മാർക്സിസ്ററു സുഹൃത്തുക്കളും സമ്മതിക്കുന്നു ഐക്യമുന്നണി തകർന്നിരിക്കുന്നുവെന്ന്.

ശ്രീ. എ. വി. ആര്യൻ: സർ, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി എന്നു പറയുന്നതു ശരിയാണോ? കമ്മ്യൂണിസ്ററു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്ററ്) എന്നല്ലേ പറയേണ്ടത്?

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ:</u> ആ പറഞ്ഞ നിർദ്ദേശം ഞാൻ സ്വീകരിക്കുന്നു. എനിക്കു തെററു പററിയതിൽ ക്ഷമിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്യുന്നു. കമ്മ്യൂണിസ്ററു പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്ററ്) യിലെ ഉന്നത നേതാക്കൻമാർതന്നെ ഇതിനു മുമ്പു ഐക്യമുന്നണി പൊളിഞ്ഞിരിക്കുന്നു, ഐക്യമുന്നണി തകർന്നിരിക്കുന്നുവെന്നു സമ്മതിച്ചിട്ടുണ്ട്. ഇപ്പോഴും അവർ അത് സമ്മതിക്കുന്നുണ്ട്. ഈ ഐക്യമുന്നണി തകർന്നതിൻെറ കാരണക്കാർ ആരാണെന്ന് കണ്ടുപിടിക്കാനുള്ള പരിശ്രമമാണ് ഇപ്പോഴുള്ളത്. ഐക്യമുന്നണിയെ എങ്ങനെ കൊണ്ടുപോകണമെന്നും, ഐക്യം എങ്ങനെ ശക്തിപ്പെടുത്തണമെന്നും, ജനാധിപത്യ ഐക്യം കെട്ടിപ്പടുക്കുന്നതിന് എന്തു ചെയ്യണമെന്നും ഉള്ളതിനെപ്പററി വ്യക്തമായ ഒരു തീരുമാനവും വ്യഗ്രതയും ഇതിലെ മുഖ്യപങ്കാളിയായ മാർക്സിസ്ററു പാർട്ടിക്ക് ഇല്ലാതിരുന്നതുകൊണ്ട് ഐക്യമുന്നണി പൊളിഞ്ഞുപോയതിൻെറ ഉത്തരവാദിത്വത്തിൽനിന്നും രക്ഷപ്പെടാൻവേണ്ടി, ഐക്യമുന്നണി പൊളിഞ്ഞുപോയിയെന്നും അതിൻെറ ഉത്തരവാദികൾ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയും, ഐ. എസ്. പി. യും, ആർ. എസ്. പി. യും ആണെന്നും പ്രചരണം നടത്തുകയുണ്ടായി. ഐക്യമുന്നണി പൊളിഞ്ഞതിനുള്ള ഉത്തരവാദികൾ തങ്ങളല്ലെന്നു പറഞ്ഞു അതിൽനിന്നും തടിതപ്പാനുള്ള പരിശ്രമം മാത്രമാണ് ഇപ്പോൾ കാണുന്നത്. അതിൻെറ ഉദാഹരണമാണ് കുറച്ചു ദിവസമായിട്ട് ഈ രാജ്യത്ത് അങ്ങോളമിങ്ങോളം തെരുവുകളിൽ ആളുകളെ ഇറക്കി തെരുവിൽവച്ച് കാണാമെന്ന് മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ശക്തി പ്രചരണം നടത്തുന്നത്. അവിടെ പറയുന്നതും പ്രചരണം നടത്തുന്നതും ഈ ഗവൺമെൻറിനെ ആകെ പരാജയപ്പെടുത്താനെന്നുള്ള കാര്യം ബഹുമാനപ്പെട്ട ചാത്തുണ്ണിമാസ്ററർ വിസ്മരിച്ചുകാണുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഭൂനയ ബിൽ പാസ്സാക്കുന്നതിനേയും വിപ്ലവകരമായ പരിപാടികൾ നടപ്പിലാക്കുന്നതിനെപ്പററി തടസ്സപ്പെടുത്തുന്ന നടപടികളാണ് അവർ സ്വീകരിച്ചിട്ടുള്ളത്. എനിക്ക് മുമ്പു ഇവിടെ പ്രസംഗിച്ച സഖാക്കളും സുഹൃത്തുക്കളും സൂചിപ്പിക്കുകയുണ്ടായി, മാർക്സിസ്ററുകളുടെ തത്വസംഹിതകൾക്കെതിരായിട്ടുള്ള നടപടികളും ജനാധിപത്യ ഐക്യം കെട്ടിപ്പടുക്കുന്നതിനെതിരായിട്ടുള്ള നടപടികളുമാണ് ഇപ്പുറത്തുള്ളവർ എടുക്കുന്നതെന്ന്. മററുള്ളവരുടെ പേരിൽ കള്ളപ്രചരണം നടത്തുന്നതിന് ഒന്നുരണ്ട് ആഴ്ചകൾക്കു മുമ്പു നടത്തിയ പ്രചരണങ്ങൾ എന്താണെന്നുള്ളതിനെപ്പററി എല്ലാവർക്കും അറിയാവുന്നതാണ്. ശ്രീ. വി. എസ്. അച്യുതാനന്ദൻ വളരെ വികാരഭരിതമായ ഭാഷയിൽ പറയുകയുണ്ടായി, കുടികിടപ്പുകാർക്കും കർഷകർക്കും രക്ഷ നൽകുന്നതിനാവശ്യമായ ഭൂപരിഷ്കരണ ഭേദഗതി ബിൽ കൊണ്ടുവരുന്നതിന് ഇവിടെ ഇരിക്കുന്ന രാഷ്ട്രീയക്കാരിൽ ഇൻഡ്യൻ കമ്മ്യൂണിസ്ററു പാർട്ടിയും, മുസ്ലീം ലീഗുകാരും പരിധിയിൽ കവിഞ്ഞ ഭൂമിയുള്ളതുകൊണ്ട് എതിരാണെന്നാണ്. ഞാൻ ചോദിക്കുന്നു മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയിൽപ്പെട്ട അപ്പുറത്തിരിക്കുന്നവരിൽ ആർക്കുംതന്നെ പരിധിയിൽ കവിഞ്ഞ ഭൂമിയില്ലേ ? പരിധിയിൽ കവിഞ്ഞ ഭൂമിയുള്ളവർ ഉണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ ഉണ്ടെങ്കിൽതന്നെ അവർ ആരുംതന്നെ ഭൂപരിഷ്കരണ ഭേദഗതി ബില്ലിന് എതിരാണെന്ന് ഞാൻ പറയുന്നില്ല. മുസ്ലീം ലീഗിലും പരിധിയിൽ കവിഞ്ഞ ഭൂമിയുള്ളവർ ഉണ്ടായിരിക്കാം. അതുകൊണ്ട് മുസ്ലീംലീഗുകാരെല്ലാംതന്നെ ഭൂപരിഷ്കരണബിൽ ഇവിടെ കൊണ്ടുവരുന്നതിലും നടപ്പിലാക്കുന്നതിലും എതിരായിട്ടുള്ളവരാണെന്നു ഞാൻ പറയുന്നില്ല. ഏത് കാര്യമായാലും അത് നൂറു തവണ ആവർത്തിക്കുമ്പോൾ കള്ളമാകണമെന്നില്ല. ശരി എപ്പോഴും ശരിതന്നെയായിരിക്കും.

യാഥാർത്ഥ്യത്തിന്റെ മുമ്പിൽ ഈ രാജ്യത്തെ ജനങ്ങൾ കണ്ണ് തുറക്കും. ഭൂനയബിൽ പാസ്സാക്കുന്നതിനും നടപ്പിലാക്കുന്നതിനും തടസ്സം ഉണ്ടാക്കുന്നതാരാണെന്ന് ഈ രാജ്യത്തെ ജനങ്ങൾക്കറിയാം. ചാത്തുണ്ണി മാസ്റ്റർ സംസാരിച്ചുകൊണ്ടു നിന്നപ്പോൾ എനിക്ക് ഒരു ചോദ്യം ചോദിക്കാൻ യീൽഡു ചെയ്തിരുന്നുവെങ്കിൽ എനിക്ക് അധികം കാര്യം സംസാരിക്കേണ്ടിവരുമായിരുന്നില്ല. ഭൂപരിഷ്കരണ നിയമം ഇവിടെ ചർച്ചയ്ക്ക് വന്നപ്പോൾ ഞാൻ ക്ലോസ് 1-ന് ഒരു ഭേദഗതി അവതരിപ്പിച്ചിരുന്നത് ശ്രീ. ചാത്തുണ്ണി മാസ്റ്ററും ഓർക്കുന്നുണ്ടായിരിക്കാം. ഈ ബില്ലിൽ കൊടുത്തിരിക്കുന്നത് ഓരോ വകുപ്പും പ്രത്യേകം പ്രത്യേകമായിട്ട് എടുത്തു നടപ്പിലാക്കാനുള്ള സൗകര്യം ഗവൺമെന്റിന് ഉണ്ടായിരിക്കുമെന്നാണ്. ഇതേമാതിരി ശ്രീ. ചാക്കോ കൊണ്ടുവന്ന ബില്ലിലും ഉൾപ്പെടുത്തിയിരുന്നതുകൊണ്ടുണ്ടായ വിഷമം എല്ലാവർക്കും അറിയാവുന്നതാണ്. ഞാൻ പറഞ്ഞു ഓരോ ക്ലോസും പ്രത്യേകം പ്രത്യേകമായിട്ടു എടുത്തു നടപ്പിലാക്കാതെ എല്ലാംകൂടി ഒന്നിച്ച് നടപ്പിലാക്കുന്നതിനാവശ്യമായ വ്യവസ്ഥ ഉൾക്കൊള്ളിക്കണമെന്ന്. പക്ഷെ ഞാൻ പറഞ്ഞ നിർദ്ദേശം സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായില്ല. ഓരോ വകപ്പും പ്രത്യേകം പ്രത്യേകമായിട്ടു നടപ്പിലാക്കാനുള്ള വ്യവസ്ഥ ഉൾക്കൊള്ളിക്കുകയാണെങ്കിൽ, അതിലെ വകുപ്പുകൾ നടപ്പിലാക്കണമെന്ന് ഗവൺമെന്റിനു തോന്നുമ്പോൾ, നടപ്പിലാക്കണമെന്ന് മന്ത്രിയ്ക്ക് താൽപര്യമുണ്ടെങ്കിൽതന്നെ, ശ്രീ. ചാത്തുണ്ണി മാസ്റ്റർ പറഞ്ഞതുപോലെ പുരോഗമനപരമായ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് വിലങ്ങുതടിയായി നിൽക്കുന്ന ബൂർഷ്വാ ചട്ടക്കൂടുകൾ ഉള്ളതുകൊണ്ട് അവയൊന്നുംതന്നെ വിചാരിക്കുന്നതുപോലെ തക്കസമയത്ത് നടപ്പിലാക്കാൻ സാധിക്കാതെ പോകും. അതുകൊണ്ട് എനിക്ക് ഗൗരിയമ്മയോടു പറയുവാനുള്ളത് ഓരോ വകുപ്പും ഗവൺമെന്റിന് യുക്തമെന്നു തോന്നുമ്പോൾ നടപ്പിലാക്കാമെന്ന് വിചാരിച്ചാൽ അതിന് സാധിക്കുകയില്ലെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: അത് നിയമത്തിന്റെ കുറ്റമല്ല. അതിലുള്ള വകുപ്പുകളുടെ തകരാറാണ് എന്നറിയാമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഞാൻ അക്കാര്യത്തെപ്പറ്റിയെല്ലാം അന്ന് വളരെ വിശദീകരിച്ചു സംസാരിച്ചതാണ്. പക്ഷെ അന്ന് അതിനെപ്പറ്റി ഒരു മറുപടിപോലും പറഞ്ഞില്ല.

അന്ന് ഞാൻ വളരെ വ്യക്തമായി ഭേദഗതി അവതരിപ്പിച്ചുകൊണ്ടു പറഞ്ഞു, ഓരോ വകുപ്പുകളും, കുടികിടപ്പുകാർക്ക് അവകാശം കിട്ടുന്ന വകുപ്പും, കൃഷിക്കാർക്ക് പട്ടയം കിട്ടുന്ന വകുപ്പും, ഇങ്ങനെ ഓരോ വകുപ്പുകളായി നടപ്പിലാക്കാൻ ശ്രമിക്കുന്നത് ആശാസ്യമായിരിക്കുകയില്ല, അവരെ സഹായിക്കാനാണ് ഗവൺമെന്റിന്റെ ആഗ്രഹമെങ്കിൽ ഓരോ വകുപ്പുകളായെടുത്തു കൈകാര്യം ചെയ്യാതെ, കുടികിടപ്പുകാരുടെ അവകാശങ്ങളെ രാഷ്ട്രീയായുധമായി താറടിക്കുന്നതിനുള്ള പ്രചരണോപാധിയായി കൊണ്ടുനടക്കാതെ എല്ലാ വകുപ്പുകളും ഒരേ അടിക്ക് നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന്. എന്നിട്ട് ആ ഭേദഗതി അംഗീകരിച്ചില്ല. പോൾ ആവശ്യപ്പെടുന്ന രീതിയിൽ ഐക്യമുന്നണിയിൽ ഡിവിഷൻ ഉണ്ടായാൽ അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഐക്യമുന്നണിയുടെ കെട്ടുറപ്പിനേയും ഐക്യത്തേയും ബാധിക്കുമെന്നു കരുതി, വിഭജനമുണ്ടാകുമെന്നു കരുതി ഞാൻ ഒരു ഡിവിഷനു ആഗ്രഹിച്ചില്ല. ബഹുമാനപ്പെട്ട റവന്യൂമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ]

നിർബന്ധമായി പറഞ്ഞതുകൊണ്ട് ഞാൻ ആ ഭേദഗതി പ്രസ് ചെയ്തില്ല. ശ്രീ. അച്യുതാനന്ദൻ കുടികിടപ്പുകാരുടെ പ്രശ്നത്തെപ്പററി പറഞ്ഞല്ലോ. ഭൂനയ പരിഷ്കാരം ഈ നിയമസഭയിൽ ആദ്യമായി വന്നപ്പോൾ പഴയ കുടികിടപ്പുകാർക്ക് സ്വന്തമായ കുടികിടപ്പവകാശമില്ലാത്ത രീതിയിലായിരുന്നു ബിൽ അവതരിപ്പിച്ചത്. ഭൂനയ പരിഷ്കാരം നടപ്പിലാക്കുമ്പോൾ വർഗ്ഗബന്ധങ്ങളാണ് അതിൽ പ്രധാനമായി വരുന്നത്. ഏതു വർഗ്ഗത്തിനെതിരായിട്ടാണ് നീങ്ങുന്നത് എന്നുള്ളതിനെ സംബന്ധിച്ച് ഈ ഗവൺമെൻറ് വന്നതിനുശേഷം മൗലികമായി നയപരമായി വരുന്ന കാര്യങ്ങളെ സംബന്ധിച്ചിടത്തോളം പാർട്ടികൾ തമ്മിൽ ചർച്ച ചെയ്യാൻ തയ്യാററായിട്ടുണ്ടോ ? പാർട്ടികൾ തമ്മിൽ ചർച്ച ചെയ്തിട്ടുണ്ടോ ? പാർട്ടികൾ തമ്മിൽ ചർച്ച ചെയ്യാതെയാണ് ഭൂപരിഷ്കരണഭേദഗതി ബിൽ കൊണ്ടുവന്നത്. അതുകൊണ്ടുവന്നതിനുശേഷം ഞങ്ങൾക്ക് അഭിപ്രായ വ്യത്യാസമുള്ള കാര്യങ്ങളുണ്ടായിരുന്നു. ആ അഭിപ്രായവ്യത്യാസങ്ങളെ സംബന്ധിച്ച് ഞങ്ങൾ അത് വ്യക്തമാക്കുകയും ചെയ്തിരുന്നു. ഭൂപരിഷ്കരണ ഭേദഗതിബിൽ മാർക്സിസ്ററുപാർട്ടിയുടെ തനതായി കൊണ്ടുവന്നപ്പോൾ കുടികിടപ്പുകാരെ കുടികിടപ്പിൻെറ ഉടമാവകാശികളാക്കുക എന്നുള്ള വ്യവസ്ഥ അതിലില്ലായിരുന്നു. ആ ബിൽ സെലക്ടു കമ്മിററിയിൽ വന്നതിനുശേഷം മാർക്സിസ്ററു പാർട്ടിയിലെ പല മെമ്പറൻമാരും ആ കാര്യത്തിൽ ഞങ്ങളോട് സഹകരിച്ചിട്ടുണ്ട്. മാർക്സിസ്ററു പാർട്ടിയിലുള്ളവരെല്ലാം കുടികിടപ്പുകാരുടെ പ്രശ്നങ്ങൾക്ക് എതിരാണെന്നു ഞാൻ പറയുകയില്ല, നേരെമറിച്ച് നിങ്ങൾ വാദിക്കുന്ന പൊള്ളത്തരം ചൂണ്ടിക്കാണിക്കാൻ വേണ്ടിയാണ് ഞാൻ ഇതുപറയുന്നത്. കുടികിടപ്പുകാർക്ക് പട്ടയം കൊടുക്കുന്ന കാര്യം കൊണ്ടുവന്നു. കുടികിടപ്പുകാർക്ക് പട്ടയം കൊടുക്കുന്ന കാര്യം കൊണ്ടുവന്നപ്പോഴും അതിൻെറ പരിമിതികളും അപാകടങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അന്നും ഈ നിയമസഭയിൽ പ്രസ്താവിച്ചതുപോലെ ഈ ബിൽ ഈ രീതിയിൻ നടപ്പിലാക്കുകയാണെങ്കിൽ എത്രയോ കുടികിടപ്പുകാർക്ക് നഷ്ടം സംഭവിക്കും. ഞങ്ങൾ അതേ സംബന്ധിച്ച് വിശദമായി പറഞ്ഞതാണ്. എന്നോട് അനുകൂലിച്ചു കൊണ്ട് മാർക്സിസ്ററു ബഞ്ചിലിരിക്കുന്ന പല മെമ്പറൻമാരും, കുടികിടപ്പുകാരുടെ പ്രശ്നങ്ങളറിയാവുന്ന പല മെമ്പറൻമാരും സംസാരിച്ചിട്ടുണ്ട്. ഞങ്ങളാരും ഇതിന് എതിരല്ല. ഞങ്ങൾ കൊടുത്ത ഭേദഗതി അംഗീകരിച്ചിരുന്നെങ്കിൽ ഈ രാജ്യത്ത് മറെറാന്നും ചെയ്തില്ലെങ്കിൽപ്പോലും ഈ രാജ്യത്ത് താമസിക്കുന്ന ആകെയുള്ള കുടുംബങ്ങളിൽ ഏകദേശം നാലിലൊന്നു ഭാഗത്തോളം കുടുംബങ്ങൾക്കെങ്കിലും സ്വന്തമായി കിടപ്പാടം ഉണ്ടാക്കിക്കൊടുക്കാൻ സാധിച്ചു എന്ന ചാരിതാർത്ഥ്യത്തോടുകൂടി വിരമിക്കാമായിരുന്നു. എത്ര ഞാൻ ആവർത്തിച്ചു പറഞ്ഞിട്ടും, എത്ര ആവേശകരമായി പ്രസംഗിച്ചിട്ടും, എത്ര വിനയപൂർവ്വം കാണിച്ചിട്ടും, എന്നെ സംബന്ധിച്ച് എന്തെല്ലാം വ്യക്തിപരമായ പരാമർശനങ്ങൾ ഉണ്ടായിട്ടും അതിലൊന്നും വീഴാതെ എന്തു വിളിച്ചാലും ശരി, എൻെറ ഭേദഗതി അംഗീകരിച്ചാൽ മതി എന്നു വീണ്ടും വീണ്ടും അഭ്യർത്ഥിച്ചിട്ടും ബഹുമാനപ്പെട്ട റവന്യൂമന്ത്രി എൻെറ ഭേദഗതി അംഗീകരിച്ചില്ല. ഞാൻ ഇതു ചൂണ്ടിക്കാണിക്കുന്നത് നിങ്ങളുടെ ഭാഗത്തുനിന്ന് ആത്മാർത്ഥതയുണ്ടായോ ഇല്ലയോ എന്നു കുററപ്പെടുത്താൻ വേണ്ടിയല്ല, പക്ഷേ, നിങ്ങൾ പ്രചരണം നടത്തിക്കൊണ്ടിരുന്നതു എന്താണ് ? ഞാൻ അതിൻെറ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഒരു വിഭാഗം കൃഷിക്കാർക്കുകൂടി, ജൻമിത്വത്തിൽ അധിഷ്ഠിതമായ മിച്ചവാരമോ കാണമോ ഏതെങ്കിലും തരത്തിലുള്ള ഭൂ കുടിയാൻ ബന്ധമുള്ള കാര്യം മാത്രം ഉണ്ടെങ്കിൽപ്പോലും, അവർക്കുകൂടി കുടി

LIBRARY ARCHIVES Kerala Legislative Assembly

യായ്മാവകാശം കൊടുക്കണമെന്നുള്ള ഭേദഗതി പ്രസ് ചെയ്തിട്ടും ബഹുമാനപ്പെട്ട റവന്യൂമന്ത്രിയും മാർക്സിസ്ററു പാർട്ടിയും അംഗീകരിക്കാത്തതുകൊണ്ട് അത് തള്ളിപ്പോയി. ഞാൻ ഇതൊക്കെ ചൂണ്ടിക്കാണിക്കുന്നത് ഈ രാജ്യത്തെ കുടികിടപ്പുകാർക്കും, കൃഷിക്കാർക്കും കാർഷികത്തൊഴിലാളികൾക്കും അനുകൂലമായ മാററങ്ങൾ വരുത്തുന്നതിനു ഞങ്ങൾ എതിരാണെന്ന് നിങ്ങൾ പ്രചരണം നടത്തുന്നതുകൊണ്ടു മാത്രമാണ്. കുറേയൊക്കെ നിങ്ങളുടെ പ്രചരണത്തിൽ കുടുങ്ങിപ്പോയിരിക്കാം. ഇനിയും കുറേ കുടുങ്ങുമായിരിക്കാം. അത് നടപ്പാക്കാൻ തടസ്സം സൃഷ്ടിക്കുന്നു എന്നും പറയാം. പക്ഷേ ഇത് വേഗം നടപ്പാക്കാനുള്ള അവസരം വന്നിട്ട് നിങ്ങൾ അത് നഷ്ടപ്പെടുത്തുകയാണ് ചെയ്തത്. ഈ രാജ്യത്തെ കാർഷികത്തൊഴിലാളികളിൽ വലിയൊരു വിഭാഗം ഹരിജനങ്ങളാണ്. അവർക്ക് ഒരു ഭവനനിർമ്മാണ പദ്ധതി ഏർപ്പെടുത്തണമെന്ന് പറഞ്ഞിട്ട് എന്തുണ്ടായി ? പണമില്ലെന്നു പറഞ്ഞു. ഈ രാജ്യത്ത് എത്രയോ കോടി രൂപ ചെലവാക്കുന്നുണ്ട്. അതിൽ നിന്ന് ഒരു ഭാഗം ഇതിനുവേണ്ടി നീക്കിവയ്ക്കാമായിരുന്നില്ലേ? പതിനയ്യായിരത്തോളം കാർഷികത്തൊഴിലാളികൾ ഇവിടെ വന്ന് നട്ടുച്ചക്ക് ചെരിപ്പിടാതെ ടാറിട്ട റോഡിൽകൂടി നടന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീടിന്റെ അടുക്കൽ വന്നിട്ട് അവരോട് കുശലം ചോദിക്കാനുള്ള സമയം അങ്ങേയ്ക്ക് ഉണ്ടായില്ല. അങ്ങേയ്ക്ക് ഇറങ്ങിവരാൻ സമയമുണ്ടായില്ല. അങ്ങ് കൈവീശി കാണിച്ചതേയുള്ളു. അതിൽ അവർക്ക് പരാതിയില്ല. അങ്ങ് കൈവീശി കാണിച്ചപ്പോൾ എന്തെങ്കിലും പ്രയോജനമുണ്ടാകുമെന്ന് അവർ പ്രതീക്ഷിച്ചു. 32 മാസം കഴിഞ്ഞിട്ടും ഈ രാജ്യത്തെ ബ്യൂറോക്രാററിക്ക് മെഷിനറി അതിന് തടസ്സമായിരുന്നു എന്നാണോ പറയുന്നത്? ഈ രാജ്യത്തെ കാർഷികത്തൊഴിലാളികൾക്ക് വീടുണ്ടാക്കിക്കൊടുക്കുന്നതിന് വേണ്ടിയുള്ള എന്തു നടപടികൾ നിങ്ങൾ ഇതിനകം സ്വീകരിച്ചു ? നാലു മാർക്സിസ്ററുകാർക്ക് ഭൂമി കൊടുത്തതുകൊണ്ടോ മാർക്സിസ്ററു പാർട്ടയിലെ നാലുപേർക്ക് കുടിൽ വെച്ചുകൊടുത്തതുകൊണ്ടോ അതു വർഗ്ഗപരമായ സമീപനമാകുമോ ? കാർഷികത്തൊഴിലാളികളെ ഒന്നായി കാണുകയും, ആ നിലയിലുള്ള ഒരു സമീപനം സ്വീകരിക്കുകയും ചെയ്തിരുന്നെങ്കിൽ എവിടെയാണ് വിയോജിപ്പ് ഉണ്ടാകുന്നത് ? വർഗ്ഗപരമായ സമീപനമില്ലാതെ വിഭാഗീയവും പാർട്ടിപരവുമായ സമീപനം സ്വീകരിച്ച് ഐക്യമുന്നണിയെ കെട്ടിപ്പടുക്കാമെന്നു ധരിച്ചിട്ടുണ്ടെങ്കിൽ അത് തെററാണ്, ആ മാർഗ്ഗം വിജയിക്കാൻ പോകുന്നില്ല. ആ മാർഗ്ഗം സ്വീകരിച്ചതാണ് ഐക്യമുന്നണിയുടെ പരാജയത്തിന് കാരണം. അതിന്റെ ഉത്തരവാദികൾ നിങ്ങൾ മാത്രമാണെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. എസ്. നീലകണ്ഠൻ നായർ : കഴിഞ്ഞ 17-ാം തീയതി മുഖ്യമന്ത്രി നടത്തിയ പ്രസ്താവന ഒരു ഐക്യമുന്നണി മുഖ്യമന്ത്രിയുടേതല്ലെന്നുള്ളത് പല ഭാഗത്തുനിന്നുമുള്ള പ്രസംഗത്തിൽ നിന്നും, എന്റെ സ്നേഹിതൻ ശ്രീ. പി. ഗോവിന്ദപ്പിള്ളയുടെ പ്രസംഗത്തിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞത്, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി ഉൾപ്പെടെ അംഗീകരിച്ച ഒരു സത്യമാണ്. വെറും മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ മുഖ്യമന്ത്രിയുടെ പ്രസംഗമായിരുന്നു, അല്ലെങ്കിൽ പ്രസ്താവനയായിരുന്നു ഇവിടെ കേട്ടത്. ഐക്യമുന്നണി രൂപീകരിക്കാൻ ഇടയായ സാഹചര്യങ്ങളും അതിന്റെ അടിസ്ഥാനപരമായ പ്രശ്നങ്ങളിലേക്കും ഈ അവസരത്തിൽ ഒന്ന് ആഞ്ഞിറങ്ങി ചെല്ലാൻ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എസ്. നീലകണ്ഠൻ നായർ]

മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. ഒരു കോൺഗ്രസ്സേതര ഗവൺമെൻറ് ഈ രാജ്യത്ത് ഉണ്ടാകണമെന്നും ആ ഗവൺമെൻറ് ഈ രാജ്യത്ത് ഒരു സൽഭരണം നിലവിൽ വരുത്തുമെന്നുള്ള ആശയത്തിൻെറ അടിസ്ഥാനത്തിലാണ് ഈ ഐക്യമുന്നണി ഉണ്ടായത്. 1972–ൽ ഒരു വിശാല ജനാധിപത്യ ഐക്യമുന്നണി കേന്ദ്രത്തിൽ ഭരണം പിടിച്ചെടുക്കുമെന്ന് വിശ്വസിച്ചുകൊണ്ടാണ് ഞങ്ങളെല്ലാം ഐക്യമുന്നണിയിൽ പങ്കാളികളാകാൻ തയ്യാറായത്. ഐക്യമുന്നണിക്ക് രൂപം കൊടുക്കാൻ, നേതൃത്വം കൊടുക്കാൻ തയ്യാറായ നമ്മുടെ ഇന്നത്തെ മുഖ്യമന്ത്രി അതിനെ അങ്ങേയററം പരാജയപ്പെടുത്തുകയാണ് ഉണ്ടായത്. കൂട്ടുകക്ഷി ഗവൺമെൻറിൽ ഒരു മുഖ്യമന്ത്രിക്ക് ഉണ്ടായിരിക്കേണ്ട സ്ഥാനം പറയുമ്പോൾ അത് ഭരണ ഘടനയിൽ പറയുന്ന കൗൺസിൽ ഓഫ് മിനിസ്റേറഴ്സിൽ ചീഫ് മിനിസ്ററർക്ക് ഉണ്ടായിരിക്കേണ്ട സ്ഥാനമാണെന്നു പറയാൻ ഒരുപക്ഷേ മത്തായിയെ കിട്ടിയേക്കും. ഞങ്ങളെ ആരേയും കിട്ടുകയില്ല. അതേയവസരത്തിൽ ഒരു പുതിയ കാലഘട്ടത്തിൽ, ഒരു പുതിയ സാഹചര്യത്തിൽ ഉണ്ടാകുന്ന ഐക്യമുന്നണിഗവൺമെൻറിലെ മുഖ്യമന്ത്രി പുതുതായ തത്വദീക്ഷകളും മാനദണ്ഡങ്ങളും കീഴ്വഴക്കങ്ങളും സൃഷ്ടിക്കുകയും, ആ കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ ഐക്യമുന്നണിക്ക് ശാശ്വതമായ ഒരു സ്ഥാനം ഭാരതത്തിൽ ഉണ്ടാകുമെന്നുമാണ് ഞങ്ങൾ പ്രതീക്ഷിച്ചത്. പക്ഷേ അതിനെയെല്ലാം ഇന്നു നമ്മുടെ മുഖ്യമന്ത്രി കാററത്തുപറത്തിയിരിക്കുകയാണ്. ഏതായാലും ഈ കാലഘട്ടത്തിൽ ഐക്യമുന്നണി പ്രസ്ഥാനം ഉടലെടുക്കുമെന്നുള്ളത് തീർച്ചയാണ്. നമ്മുടെ മുഖ്യമന്ത്രി 17–ാം തീയതിയിലെ പ്രസ്താവന ചെയ്തുകഴിഞ്ഞതോടുകൂടി ഇവിടത്തെ ഭരണത്തെ നശിപ്പിക്കുക മാത്രമല്ല, മറിച്ച് ഐക്യമുന്നണി പ്രസ്ഥാനത്തെത്തന്നെ കൊല ചെയ്തു കഴിഞ്ഞിരിക്കുകയാണ് ചെയ്തിരിക്കുന്നത്.

ഐക്യമുന്നണിക്ക് ചില മിനിമം പരിപാടികളുണ്ടായിരുന്നു. മിനിമം പരിപാടിയുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ എല്ലാവരും ഈ മുന്നണിയിൽ പങ്കാളികളായത്. ആ ഐക്യമുന്നണിയുടെ മിനിമം പരിപാടി നടപ്പിലാക്കുന്നതിന് ഈ ഭാഗത്തിരിക്കുന്ന ചതുർമുന്നണി എന്നു വിശേഷിപ്പിക്കപ്പെടുന്ന ഏതെങ്കിലും ഒരു ഘടക പാർട്ടി അതിന് വിലങ്ങുതടിയായിരുന്നോ എന്നു ഞാൻ ചോദിക്കുകയാണ്. മറിച്ച് ഐക്യമുന്നണിയുടെ കോഓർഡിനേഷൻ കമ്മിററി എടുത്ത തീരുമാനങ്ങളെല്ലാം കാററിൽ പറത്തിക്കൊണ്ട് മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ സഹമന്ത്രിമാരും പ്രവർത്തിക്കുകയല്ലേ ചെയ്തത് ?

അരിയുടെ മൊത്തക്കച്ചവടം ഫുഡ്കോർപ്പറേഷനെ ഏൽപ്പിക്കണമെന്ന തീരുമാനമുണ്ടായി. അരിയുടെ മൊത്തക്കച്ചവടം സ്വകാര്യ വ്യക്തികൾക്ക് നൽകരുതെന്നും. സഹകരണ സ്ഥാപനങ്ങൾക്കു മാത്രമേ ഏൽപിക്കേണ്ടി വന്നാലും ഏൽപിക്കാവു എന്നും തീരുമാനമെടുത്തിരുന്നു. എന്താണ് ചെയ്തത് ? ഫുഡ്കോർപ്പറേഷനുമായി നെഗോഷിയേഷൻസ് നടക്കാൻ പോകുന്നു എന്നു വകുപ്പുമന്ത്രി ഇവിടെ പറയുകയുണ്ടായി. അതേയവസരത്തിൽ തിരുവനന്തപുരത്തിനടുത്തുതന്നെ മൊത്തക്കച്ചവടക്കാർക്ക് ലൈസൻസ് കൊടുക്കുകയല്ലേ വകുപ്പുമന്ത്രി ചെയ്തത് ? അത് ഔദാര്യം കൊണ്ടാണെന്നു പറയാൻ ആരെങ്കിലും തയ്യാറാകുമോ ? അതിൻെറ പിന്നിലുള്ള കൈക്കൂലിയുടേയും അഴിമതിയുടേയും കഥ എന്താണെന്നുള്ളത് ഞങ്ങൾക്കറിയാം. അതുപോലെതന്നെയാണ് എല്ലാ രംഗങ്ങളിലും ചെയ്തിട്ടുള്ളത്. ഐക്യമുന്നണി അംഗീകരിച്ച മിനിമം പരിപാടി ഓരോന്നായി

LIBRARY ARCHIVES Kerala Legislative Assembly

അപഹാസ്യമാക്കിത്തീർക്കുന്ന നടപടികൾ സ്വീകരിച്ചിട്ട് തിരിഞ്ഞുനിന്നു പറയുകയാണ്, നിങ്ങൾ മിനിമം പരിപാടി നടപ്പിലാക്കാൻ സഹായിച്ചില്ല, അതിനെതിരായിനിന്നു എന്ന്. മിനിമം പരിപാടി നടപ്പിലാക്കാൻ ആരാണ് തടസ്സമായി നിന്നതെന്നുള്ളത് ഈ രാജ്യത്തെ ജനങ്ങൾ വിധി എഴുതിക്കൊള്ളും. ഇവിടത്തെ മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ പാർട്ടിയുടെ മിനിമം പരിപാടി അല്ലെങ്കിൽ മാക്സിമം പരിപാടി നടപ്പാക്കാൻ മററു കക്ഷികളെ കൂട്ടുപിടിക്കാൻ ശ്രമിച്ചു എന്നുള്ളതാണ് സത്യം. രണ്ടിപെ ഒരു പ്രസ്താവന നടത്തിയതായി കണ്ടു. ഞങ്ങൾ അധികാരത്തിൽ വന്നത്, ഭരണഘടനക്കുള്ളിൽ നിന്നുകൊണ്ട് ഭരണഘടനയെ തകർക്കുവാനാണെന്ന് അദ്ദേഹം പറയുകയുണ്ടായി. അതിന് ഞങ്ങളെ കൂട്ടിനു കിട്ടുകയില്ല. മാർക്സിസ്ററു പാർട്ടിയുടെ മിനിമം പരിപാടി നടപ്പിലാക്കുന്നതിന് ഞങ്ങളെ കൂട്ടിനു കിട്ടാത്തതിന് ഞങ്ങളോട് ദേഷ്യപ്പെട്ടിട്ടു കാര്യമില്ല. അത്തരത്തിലുള്ള മിനിമം പരിപാടിയിലല്ല ഞങ്ങൾ ഒപ്പു വച്ചത്. മുഖ്യമന്ത്രി 17-ാം തീയതി ഇവിടെ വായിച്ച പ്രസ്താവനയിൽ എന്താണ് പറയുന്നത്? അദ്ദേഹത്തിന്റെ സഹമന്ത്രിമാരാരും അഴിമതിക്കാരല്ലെന്ന് പ്രസ്താവന പുറപ്പെടുവിച്ചു എന്നു പറഞ്ഞാൽ അതിനേക്കാൾ ഏററവും ലജ്ജാകരമായ സ്ഥിതിവിശേഷം ഈ രാജ്യത്തു വരാനുണ്ടോ ? അദ്ദേഹത്തിന്റെ സ്റേററുമെൻറിൽ വേറൊരു പല്ലവിയുണ്ട്. 17-ാം തീയതിയിലെ പ്രസ്താവനയിൽ അഴിമതിയുടെ പ്രശ്നം മാത്രമല്ല, രാഷ്ട്രീയമായ വേറെയും ചില കാര്യങ്ങൾകൂടി അദ്ദേഹം പറയുന്നുണ്ട്. അഴിമതി ആരോപണങ്ങൾ മുന്നോട്ടുവച്ചാൽ രാഷ്ട്രീയത്തിന്റെ മറപിടിച്ചു കൊണ്ട് അഴിമതിയെ മൂടിവയ്ക്കാൻ മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി മാത്രമേ ശ്രമം നടത്തുകയുള്ളൂ. മുഖ്യമന്ത്രിയുടെ പേരിലും സഹമന്ത്രിമാരുടെ പേരിലും അഴിമതി ആരോപണങ്ങൾ വന്നു. തന്റെ പാർട്ടിയിലെ മന്ത്രിമാരുടെ പേരിൽ അഴിമതി ആരോപണങ്ങൾ വന്നാൽ അത് രാഷ്ട്രീയമാണെന്നു പറയാനുള്ള ചങ്കൂററം ഈ മാർക്സിസ്ററ് മുഖ്യമന്ത്രിക്കല്ലാതെ, വേറെ, ഭാരതത്തിലെന്നല്ല, മറെറാരു സംസ്ഥാനത്തിലേയും മുഖ്യമന്ത്രിക്ക് സാധിക്കുകയില്ല. തന്റെ സ്വന്തം പാർട്ടിക്കാർ ചെയ്യുന്ന അഴിമതികളും അക്രമങ്ങളും മൂടിവയ്ക്കണമെന്ന് മാർക്സും ലെനിനും എവിടെയാണ് പറഞ്ഞിട്ടുള്ളത്? ഒരു പുതിയ സമൂഹത്തെ വാർത്തെടുക്കാൻവേണ്ടി, ഒരു പുതിയ തത്വസംഹിത നടപ്പിലാക്കാൻവേണ്ടി ശ്രമിക്കുന്നു എന്നു പറയുന്ന മാർക്സിസ്ററ് സുഹൃത്തുക്കൾ ഇവിടെ എന്താണ് ചെയ്തത്? മാർക്സിന്റേയും ലെനിന്റേയും ആത്മാവിനെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്. അഴിമതി ആരോപിക്കുന്നത് രാഷ്ട്രീയമായ വിരോധം വച്ചുകൊണ്ടാണെന്നാണ് പറയുന്നത്. അഴിമതിആരോപണങ്ങളുടെ വിശദാംശത്തിലേയ്ക്ക് കടക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ നടന്ന ലക്ഷക്കണക്കിന് രൂപയുടെ വെട്ടിപ്പിനെപ്പററി ഇവിടെ പറയുന്നതു കേട്ടു. അർഹതയില്ലാത്തവർക്ക് ഭൂമി പതിച്ചുകൊടുത്തതിനെപ്പററിയുള്ള ആരോപണം ഇവിടെ വന്നു. ഇതൊക്കെ നിസ്സാരങ്ങളാണോ? ഇതിലൊന്നും ആരോപണങ്ങളില്ലെന്നു എങ്ങനെ പറയാൻ സാധിക്കും? ഇതിനെയൊക്കെയാണോ രാഷ്ട്രീയമായ അഴിമതിയായി കാണുന്നത്? വനം കുംഭകോണത്തിന്റെ കാര്യം പറയാതിരിക്കുകയാണ് ഭേദം. പക്ഷെ നമ്മുടെ മുഖ്യമന്ത്രിക്ക് ഇതെല്ലാം നിസ്സാരമായ കാര്യങ്ങളാണ്. അഴിമതിയെപ്പററി പറയുമ്പോൾ അതൊക്കെ രാഷ്ട്രീയമാണെന്നു പറയാൻ, എത്രയൊക്കെ ദൂഷ്യം പറഞ്ഞാലും, കോൺഗ്രസ് ഗവൺമെൻറു പോലും തയ്യാററായിട്ടില്ലെന്നുള്ളത് ഒരു വസ്തുതയാണ്. ശക്തിമാനായിരുന്ന കോൺഗ്രസ് മുഖ്യമന്ത്രി പ്രതാപ്സിംഗ്കെയ്റോണിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. സി. എസ്. നീലകണ്ഠൻ നായർ]

അഴിമതി ആരോപണങ്ങളുണ്ടായപ്പോഴും അതിനെപ്പററി അന്വേഷിക്കാൻ തയ്യാറായ ചരിത്രമാണ് കോൺഗ്രസ്സിനുള്ളതെന്നുള്ളത് ആരും വിസ്മരിക്കരുത്.

ഇതിനേക്കാളും ഏററവും ഹീനമായ തന്ത്രം മറെറന്താണുള്ളത്. ചട്ടങ്ങളിൽ അഴിമതിവരുത്തുന്നതിനെപ്പററിയാണ് എനിക്കു പ്രധാനമായും സൂചിപ്പിക്കാനുള്ളത്. 1966-ലെ റേഷനിംഗ് ആർഡർപ്രകാരം ഡിസ്ട്രിക്ട് കളക്ടർക്കായിരുന്നു മൊത്തക്കച്ചവടക്കാർക്ക് ലൈസൻസ് നൽകാനുള്ള അധികാരം. ആ അധികാരം ഗവൺമെൻറ് ഏറെറടുത്തു. അതുമാത്രമല്ല ഇന്ന് റീട്ടെയിൽ കടക്കാർക്ക് റേഷൻ നൽകാനുള്ള അധികാരം ഡിസ്ട്രിക്ട് സപ്ലൈ ആഫീസറിൽ നിന്നും ഗവൺമെൻറ് ഏറെറടുത്തിരിക്കുകയാണ്. ഇമ്പിച്ചിബാവയാണ് ഈ രാജ്യത്ത് എവിടെയെല്ലാം ആർക്കെല്ലാം റേഷൻകട കൊടുക്കണമെന്ന് തീരുമാനിക്കുന്നത്. ഇതിൽ നല്ല ഉദ്ദേശമല്ല ഉള്ളത്. ഇതിലുള്ളത് ഏററവും അപഹാസ്യമായ കൈക്കൂലിയുടെയും അഴിമതിയുടെയും കഥയാണ്. അതുപോലെതന്നെയാണ് ലാൻറ് അസൈൻമെൻറ് റൂൾസിൽ വരുത്തിയിട്ടുള്ള ഭേദഗതി. ബഹുമാനപ്പെട്ട റവന്യൂമന്ത്രി എന്തിനാണ് ഈ നിയമം മാററിയിട്ട് പിൽക്കാല പ്രാബല്യത്തോടുകൂടി ഗവൺമെൻറിന് ഇഷ്ടമുള്ള ആളുകൾക്ക്, പണക്കാർക്ക് ഭൂമി പതിച്ചു കൊടുക്കുന്നതിനുവേണ്ടി ചട്ടത്തിൽ ഭേദഗതി വരുത്തിയത്. ഇതൊക്കെ ജനസേവനമാണെന്നു പറഞ്ഞാൽ വിശ്വസിക്കാൻ ഞങ്ങൾ തയ്യാറില്ല.

ഇങ്ങനെ വളരെയധികം കഥകൾ പറയാനുണ്ട്. ഇതൊന്നുമല്ല, ഇവിടെയൊരു പബ്ലിക്മെൻ എൻക്വയറീസ് ബില്ലുണ്ട്. ഇതു പാസാക്കിയിരുന്നെങ്കിൽ പ്രതിസന്ധി ഒഴിവാക്കാൻ മുഖ്യമന്ത്രിക്കു സാധിക്കുമായിരുന്നു. ഈ ബില്ല് സെലക്ടുകമ്മിററിയുടെ പരിഗണനയിലിരിക്കുകയായിരുന്നു. ഇത് പാസ്സാക്കിയെടുക്കാൻ ദിവസങ്ങൾ മതിയെന്നു പറഞ്ഞ മുഖ്യമന്ത്രി അവസാന ക്ലോസുവരെ സെലക്ടു കമ്മിററിയിൽ ചർച്ചചെയ്തു തീരുമാനമെടുത്തിട്ട് എന്തുകൊണ്ട് ഈ ബില്ല് നിയമസഭയിൽ അവതരിപ്പിച്ചില്ല. ഈ ബില്ല് അവതരിപ്പിക്കുവാൻ മാർക്സിസ്ററ് പാർട്ടി സമ്മതിക്കുകയില്ലെന്നു തീർച്ചയാണ്. ഇവിടെ ഇവർ മുഖ്യമന്ത്രിയെ ഒഴിച്ചുനിറുത്തിക്കൊണ്ട് അന്വേഷണം നടത്തണമെന്ന വാദഗതി ഉന്നയിച്ചു. ലോകസഭയിൽ പ്രൈംമിനിസ്ററെ ഉൾക്കൊള്ളിക്കണമെന്നു വാദിക്കുന്ന മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി കേരളത്തിലായപ്പോൾ മുഖ്യമന്ത്രിയെ ഒഴിവാക്കണമെന്നു പറയുന്നു. പക്ഷേ അത് ഞങ്ങൾ സമ്മതിച്ചില്ല. അത് സാധിക്കാത്തതിന്റെ പേരിലാണ് ഇന്ന് ഈ ബില്ല് ഷെൽഫിൽ ഇരിക്കേണ്ടിവന്നത്. ഈ ബില്ല് പാസ്സാക്കാതിരിക്കുന്നത് മുഖ്യമന്ത്രി അദ്ദേഹത്തിന്റെ കക്ഷിയെ സഹായിക്കുകയാണ്. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ കൊലക്കയറാണ് പബ്ലിക്ക്മെൻ എൻക്വയറീസ് ബില്ല്. അതുകൊണ്ടാണ് ഇതു നടപ്പിലാക്കാൻ അവർ സമ്മതിക്കാത്തത്. ഞങ്ങൾ എന്തുപറഞ്ഞാലും കോൺഗ്രസ്സ് പക്ഷത്ത് കൂടിക്കളഞ്ഞു എന്നാണ് ആക്ഷേപം. സൂര്യൻ പടിഞ്ഞാറാണ് അസ്തമിക്കുന്നതെന്ന് കോൺഗ്രസ്സുകാർ പറഞ്ഞാൽ സത്യമാണെന്നു ഞങ്ങൾ പറഞ്ഞുപോയാൽ ഞങ്ങൾ പിന്തിരിപ്പൻമാരായി. 1957 ൽ കമ്മ്യൂണിസ്ററു മന്ത്രിസഭയിൽ മുഖ്യമന്ത്രിയായിരുന്ന ശ്രീ. നമ്പൂതിരിപ്പാട് അന്ന് കോൺഗ്രസ്സുകാരുമായി ഒരു യൂണിററി വേണമെന്നു പറഞ്ഞതും അദ്ദേഹത്തിന്റെ പാർട്ടിതന്നെ അതിൽ പ്രതിഷേധിച്ചതും ഈ കേരളത്തിലെ ജനങ്ങൾ മറന്നിട്ടില്ല. അവസരംപോലെ പെരുമാറാനുള്ള അവസരവാദിത്വം മാർക്സിസ്ററു കമ്മ്യൂണിസ്ററു

LIBRARY ARCHIVES Kerala Legislative Assembly

പാർട്ടിക്കും അതിന്റെ മുഖ്യമന്ത്രിക്കും മാത്രമേയുള്ളൂ. നമ്മുടെ രാഷ്ട്രത്തിന്റെ ബലിവേദിയിൽ സംശുദ്ധമായ ഒരു ഭരണത്തിനുവേണ്ടി ആഗ്രഹിച്ചിരുന്ന ജനങ്ങൾ വഞ്ചിതനായ ഒരു ഭരണത്തലവനായി എന്നെന്നും ഓർക്കുമെന്നുമാത്രമേ എനിക്ക് ഈ അവസരത്തിൽ പറയാനുള്ളൂ.

ശ്രീ. പി.എൻ. ചന്ദ്രസേനൻ: സർ, കഴിഞ്ഞ വെള്ളിയാഴ്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ നടത്തിയ പ്രസ്താവനയും അതിനെതുടർന്ന് 21-ാം തീയതി രാജിവെച്ച ബഹുമാനപ്പെട്ട മന്ത്രിമാർ നടത്തിയ പ്രസ്താവനകളും അതേതുടർന്ന് ഇവിടെ നടന്ന ചർച്ചകളും, എന്നെപ്പററി ചില ബഹുമാനപ്പെട്ട അംഗങ്ങൾ നടത്തിയ പരാമർശനങ്ങളും ഞാൻ സശ്രദ്ധം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. കഴിഞ്ഞദിവസത്തെ പത്രത്തിൽ ഞാൻ പാർട്ടി മാറിയെന്നും കാലുമാറിയെന്നും ചാക്കിൽ കയറുമെന്നും ചില സൂചനകൾ ഉണ്ടായിരുന്നു. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയുടെ സഹോദരീ ഭർത്താവായതുകൊണ്ട് ഞാൻ സീററുമാററി ഇവിടെ ഇരിക്കുന്നു എന്നും, സൈഡുമാറി കളിച്ചു എന്നും ഇന്നലെ എന്റെ സ്നേഹിതൻ ശ്രീമാൻ ജോർജ്ജ് ഇവിടെ പറയുകയുണ്ടായി. ഈ സാഹചര്യത്തിൽ ഞാൻ എന്റെ നിലപാട് വ്യക്തമാക്കേണ്ടത് ഈ സഭയോടും ഈ രാജ്യത്തോടും ഉള്ള എന്റെ കടമയാണെന്നു ഞാൻ വിശ്വസിക്കുന്നു.

1967-ൽ ആറൻമുള നിയോജകമണ്ഡലത്തിൽനിന്നും എസ്. എസ്. പി. സ്ഥാനാർത്ഥിയായിനിന്നു മൽസരിച്ചാണ് ഞാൻ വിജയിച്ചുവന്നത്. തിരഞ്ഞെടുപ്പിനു ഞാൻ നിൽക്കുമ്പോൾ സ്ഥാനാർത്ഥിയായ ഞാനുൾപ്പെടെ ഒരൊററ എസ്. എസ്. പി. അംഗംപോലും ആറൻമുള നിയോജകമണ്ഡലത്തിൽ ഇല്ലായിരുന്നു എന്നുള്ളത് ഒരു സത്യം മാത്രമാണ്. കോൺഗ്രസ്സ്, കേരള കോൺഗ്രസ്സ്, മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടി, സി. പി. ഐ. എന്നീ രാഷ്ട്രീയ പാർട്ടികളിലെ അംഗങ്ങളായിരുന്നു ബഹുഭൂരിപക്ഷം വോട്ടർൻമാരും. സി. പി. ഐ. യെ സംബന്ധിച്ചിടത്തോളം വെറും നാമമാത്രമായ അംഗങ്ങളാണ് ഇന്നും അവിടെയുള്ളത്. കോൺഗ്രസ്സ്, കേരള കോൺഗ്രസ്സ് എന്നീ പാർട്ടികൾ അവരുടെ പ്രത്യേക സ്ഥാനാർത്ഥികളെ നിറുത്തി മൽസരിച്ചിരുന്നു. മാർക്സിസ്ററു കമ്മ്യൂണിസ്ററു പാർട്ടിയുടെ ശക്തിയായ പിൻതുണയും ഒരു രാഷ്ട്രീയ പാർട്ടിയിലും പെടാത്ത ആളുകളുടെ പിൻബലം കൊണ്ടുമാണ് ഞാൻ വിജയിച്ചത്. ഐക്യമുന്നണി ജനങ്ങളുടെ മുമ്പിൽവച്ച മിനിമം പരിപാടികളിൽ വിശ്വസിച്ച് ആളുകൾ ആവേശപൂർവ്വം പ്രവർത്തിക്കുകയും അങ്ങനെ കേരളത്തിലെ ഒരുന്നത കോൺഗ്രസ്സ് നേതാവായ ശ്രീ. കളത്തിൽ വേലായുധൻനായരെ പരാജയപ്പെടുത്തിക്കൊണ്ട് ഞാൻ ഐക്യമുന്നണി എം. എൽ. എ. ആയിത്തീരുകയും ചെയ്തു. എസ്. എസ്. പി. പിന്നീട് ഐ. എസ്. പി. ആകുകയും ഞാനും ഐ. എസ്. പി. ആകുകയും ചെയ്തു. ഞാൻ ഐ. എസ്. പി.യിൽ പ്രവർത്തിച്ചിരുന്നിടത്തോളം കാലം ഞാൻ ആ പാർട്ടിയെ വഞ്ചിച്ചിട്ടില്ല.

ഈ മാസം പതിനേഴും, പതിനെട്ടും തീയതികളിൽ ഐ. എസ്. പി. യുടെ സ്റേററു കമ്മിററിയുടെയും, എം. എൽ. എ.മാർ എം. പി. മാർ എന്നിവരുടേയും സംയുക്ത സമ്മേളനങ്ങൾ പാർട്ടി ലീഡറായ ശ്രീ. പി. ആർ. കുറുപ്പിന്റെ ഔദ്യോഗിക വസതിയിൽ വച്ചു കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ഐ. എസ്. പി. ഐക്യമുന്നണിയിൽനിന്നും മാറുന്ന കാര്യത്തെപ്പററിയും പിൻതുണ പിൻവലിക്കുന്നകാര്യത്തെപ്പററിയും ചർച്ച ചെയ്യുകയുണ്ടായി. ഞാൻ എന്റെ അഭിപ്രായം വളരെ വ്യക്തമായി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. പി. എൻ. ചന്ദ്രസേനൻ]

ആ കമ്മിററിയിൽ വിശദീകരിച്ചു. 1967-ൽ എറണാകുളത്തുവെച്ച് ഒരു സ്റേററു കൺവെൻഷൻ കൂടിയാണ് എസ്. എസ്. പി. ഐക്യമുന്നണിയിൽ ചേരുന്നതിനും ഗവൺമെൻറിൽ പങ്കെടുക്കുന്നതിനും തീരുമാനിച്ചതെന്നും അതുപോലെ ഐക്യമുന്നണയിൽനിന്നും വിട്ടുപോരുന്നതിനും പിൻതുണ പിൻവലിക്കുന്നതിനും അംഗീകാരം കിട്ടുന്നതിനും വേണ്ടി ഒരു സ്റേററ് കൺവെൻഷൻവിളിച്ചുകൂട്ടണമെന്നും ഞാൻ വാദിച്ചു. എൻെറ വിശദീകരണം പലരും അംഗീകരിച്ചു. പാർട്ടി സെക്രട്ടറി ശ്രീ. കുഞ്ഞുരാമക്കുറുപ്പ് സ്റേററ് കൺവെൻഷൻ വിളിച്ചുകൂട്ടുന്നതിനു തൽക്കാലം ചില വിഷമങ്ങളുണ്ടെന്നും ഈ മാസം അവസാനം തൃശ്ശൂരിൽ വെച്ചു കൂടുന്ന പാർട്ടിയുടെ സ്റേററ് കൗൺസിൽ ഈ പ്രശ്നം ചർച്ച ചെയ്യാമെന്നും സമ്മതിക്കുകയുണ്ടായി. ഇങ്ങനെ ഇരിക്കുമ്പോഴാണ് 21–10–1969 മുതൽ ഐ. എസ്. പി. പാർലിമെൻററി പാർട്ടിയിലെ എം. എൽ. എ. മാർക്ക് പ്രതിപക്ഷബ്ലോക്കിൽ സീററു മാററണമെന്നു പാർട്ടിലീഡർ ആവശ്യപ്പെടുകയും അതനുസരിച്ച് സീററുകൾ മാററിക്കൊടുക്കുകയും ചെയ്തത്. ഐക്യമുന്നണി എം. എൽ. എ. ആയി തിരഞ്ഞെടുക്കപ്പെട്ടു വന്ന ഞാൻ പ്രതിപക്ഷ ബ്ലോക്കിൽ പോകുന്നതിനു തയ്യാറായില്ല. അതു ഞാൻ ചെയ്യുന്നപക്ഷം എന്നെ തിരഞ്ഞെടുത്തയച്ച ആളുകളേയും ഐക്യമുന്നണിയിൽ വിശ്വാസമർപ്പിച്ച ലക്ഷോപിലക്ഷം ജനങ്ങളേയും വഞ്ചിക്കുകയായിരിക്കും ചെയ്യുന്നതെന്നും എൻെറ മനസ്സാക്ഷി അനുശാസിച്ചതുകൊണ്ടാണ് ഐ. എസ്. പി. യിൽ നിന്നും മാറി ഒരു സ്വതന്ത്രനാകുന്നതിനും, ഐക്യമുന്നണി മന്ത്രിസഭയിൽനിന്നും ആരെല്ലാം പോയാലും അവസാനം വരെ അതിനെ പിൻതാങ്ങുമെന്നും ഞാൻ തീരുമാനിച്ചത്. അല്ലാതെ സൈഡു മാറി കളിച്ചതൊന്നുമല്ല.

ശ്രീ. ടി. വി. തോമസ്: ഔചിത്യമെന്നു പറഞ്ഞാൽ ചെയ്യുന്ന പ്രവൃത്തിയുടെ ന്യായീകരണത്തെ ആശ്രയിച്ചല്ല സ്വയംസമ്മതത്തെ ആശ്രയിച്ചാണെന്ന് വിജ്ഞാനികൾ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് എപ്പോഴാണ് മാറണമെന്ന് തോന്നിയത്; എന്നാണ് മാറിയത്?

ശ്രീ. പി. എൻ. ചന്ദ്രസേനൻ: ബഹുമാനപ്പെട്ട മുൻ വ്യവസായ മന്ത്രിയോട് എനിക്ക് വ്യക്തിപരമായി സ്നേഹവും ബന്ധുത്വവും ഉള്ളതുകൊണ്ട് ഞാൻ ഇതിനെപ്പററിയൊന്നും വാദിക്കാൻ പോകുന്നില്ല. ഞാൻ ഇവിടെ മാറിയതു മാത്രമല്ല,. ഞങ്ങൾ ഏതാനും ആളുകൾ കൂടി ഒരു ഇൻറിപെൻറൻറ് ഡെമോക്രാററിക് ബ്ലോക്കു തന്നെ ഉണ്ടാക്കാൻ പോകുകയാണ്. ഇതിൻെറ പോളിററ് ബ്യൂറോ ഇന്നലെ കൂടി ചില തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അതിലെ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട സഭ കേൾക്കണമെന്ന് എനിക്ക് അപേക്ഷയുണ്ട്. എനിക്കുവേണ്ടി മാത്രമല്ല, എൻെറ കൂടെ വേറെ മൂന്നാലു പേർ കൂടിയുണ്ട്.

എനിക്ക് ഒരഭ്യർത്ഥനയുള്ളത് ഐക്യമുന്നണിയെ തകർച്ചയിൽനിന്നും രക്ഷിക്കേണ്ടത് ഈ രാജ്യത്തിലെ ജനലക്ഷങ്ങളുടെ ആവശ്യമാണ്. അതിന് റവലൂഷനറി സോഷ്യലിസ്ററു പാർട്ടി നേതൃത്വമെടുക്കണമെന്നാണ് ഞങ്ങൾ ആവശ്യപ്പെടുന്നത്. കാരണം ആർ. എസ്. പി. യിലെ ഇന്നത്തെ നേതാക്കൻമാരും, ബഹുമാനപ്പെട്ട മത്തായിആശാനും ഞാനുമെല്ലാം ഒരുകാലത്ത് ഒന്നിച്ച് ആലപ്പുഴയിൽ പ്രവർത്തിച്ചിട്ടുള്ളവരാണ്. ആ നിലയ്ക്ക് എനിക്ക് അവരോട് ഒരഭ്യർത്ഥനയുണ്ട്. ഐക്യമുന്നണി മന്ത്രിസഭ ഒരു പ്രതിസന്ധി ഘട്ടത്തിൽ നിൽക്കുമ്പോൾ ആർ. എസ്. പി.-

LIBRARY ARCHIVES Kerala Legislative Assembly

അതിൻെറ ചരിത്രപരമായ കടമ നിർവഹിക്കണമെന്ന് ഞാൻ അവരോട് അഭ്യർത്ഥിക്കുന്നു. അതു ചെയ്താൽ ഐക്യമുന്നണിയെ തകർച്ചയിൽ നിന്നും രക്ഷിച്ച ഖ്യാതിയും ജനലക്ഷങ്ങളുടെ സ്നേഹവും വിശ്വാസവും അവർക്കു കിട്ടുന്നതും നിങ്ങളുടെ പേര് തങ്കലിപികളിൽ രേഖപ്പെടുത്തുകയും ചെയ്യും. അതിന് ആർ. എസ്. പി. തയ്യാറാണോ എന്നു ഞാൻ ചോദിക്കുകയാണ്. സർ, ഞങ്ങളുടെ പോളിററ് ബ്യൂറോയുടെ തീരുമാനം ഞാൻ വ്യക്തമാക്കാം.

(1) എന്തു വില കൊടുത്തും സഖാവ് ഇ. എം. എസ്സിൻെറ നേതൃത്വത്തിലുള്ള മന്ത്രിസഭ നിലനിറുത്തുക.

(2) ഇവിടെ വന്നിരിക്കുന്ന പ്രമേയത്തെ ഒരു അവിശ്വാസപ്രമേയമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി എടുക്കരുതെന്നൊരപേക്ഷ.

(3) ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്ന ആറം പ്രസ്തുത പ്രമേയം പ്രസ്സു ചെയ്യരുതെന്നൊരപേക്ഷ.

(4) അസംബ്ലി പിരിയുന്നതിൻെറ അടുത്ത ദിവസംതന്നെ കോ-ഓർഡിനേഷൻ കമ്മിററി വിളിച്ചുകൂട്ടുക.

(5) കോ-ഓർഡിനേഷൻ കമ്മിററിയുടെ ഒരു സബ്കമ്മിററിയോ അല്ലെങ്കിൽ കോ-ഓർഡിനേഷൻ കമ്മിററി അംഗീകരിക്കുന്ന എന്തെങ്കിലും സമിതിയോ വ്യക്തിയോ ഇന്ന് അന്വേഷണത്തിന് ഉത്തരവായിരിക്കുന്ന കേസ്സുകരം ഉരംപ്പെടെയുള്ള എല്ലാ അഴിമതിയാരോപണങ്ങളേയും പററി പരിശോധിക്കുകയും പരിശോധിച്ച് പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്നു പറയുന്നതു മാത്രം അന്വേഷണത്തിന് ഉത്തരവിടുകയും ഉത്തരവിട്ട് അന്വേഷിച്ചതിനുശേഷം കേസ്സില്ലെന്നു കണ്ടാൽ പിൻവലിക്കുകയും ചെയ്യുക.

(6) ഇപ്പോരം രാജിവെച്ചിരിക്കുന്ന മന്ത്രിമാർ തിരികെ ക്യാബിനററിൽ വരണം. കാരണം ഞാനൊരു നല്ല ഉദ്ദേശത്തോടുകൂടിയാണ് പറയുന്നത്. ഈ രാജ്യത്തെ രാഷ്ട്രീയപ്പാർട്ടികളുടെ ഏററവും ഉന്നതൻമാരായ നേതാക്കൻമാരാണ് മന്ത്രിമാരായി വന്നിരുന്നത്. അവർ അഴിമതിയാരോപണത്തിനു വിധേയരായി പുറത്തു പോയാൽ ഈ രാജ്യത്തെ രാഷ്ട്രീയപ്രസ്ഥാനം തന്നെ നശിക്കുമെന്നുള്ള വ്യക്തമായ അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ട് അവർ തിരികെ വരണം.

ഇടവേള കഴിഞ്ഞ് അസംബ്ലി കൂടുന്നതിനു മുമ്പായി ഇക്കാര്യങ്ങളെല്ലാം ചെയ്യണം. രാഷ്ട്രീയപ്പാർട്ടികളും മന്ത്രിമാർ തമ്മിലും, ബഹുമാനപ്പെട്ട മെമ്പർമാർ തമ്മിലും നടത്തുന്ന ചേർത്തലപ്പാട്ടുകളും മററു പൂരപ്പാട്ടുകളും നിർത്തിയിട്ട് അന്തസ്സായ പെരുമാററം സൃഷ്ടിക്കുന്നതിനുള്ള നടപടികരം എടുക്കേണ്ടതാണ്.

ഞാൻ വെച്ചിരിക്കുന്ന ഈ നിർദ്ദേശങ്ങരം അംഗീകരിച്ചാൽ കേരളത്തിലും ബംഗാളിലും മാത്രമല്ല 1972-ൽ ഇൻഡ്യയുടെ ദേശീയതലത്തിലും ഐക്യമുന്നണി ശക്തി പ്രാപിക്കുകയും . അങ്ങനെ ഇൻഡ്യയ്ക്ക് ഒരു മുതൽക്കൂട്ടായിത്തീരുകയും ചെയ്യും. ഇതേപ്പററി എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും ഗൗരവപൂർവം ചിന്തിക്കണമെന്നും ബഹുമാനപ്പെട്ട സ്പീക്കർ അതിന് എല്ലാവിധ സഹായസഹകരണങ്ങളും ചെയ്തുകൊടുക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട ചന്ദ്രസേനൻ പറഞ്ഞ പോളിററ് ബ്യൂറോയിലെ മെമ്പറൻമാർ ആരൊക്കെയാണെന്നു് പറയുകയാണെങ്കിൽ ഇനി പ്രസംഗിക്കാൻ വിളിക്കുമ്പോൾ അവരെ വിളിക്കാതിരിക്കാമല്ലോ.

ശ്രീ. പി. എൻ. ചന്ദ്രസേനൻ: പോളിററ് ബ്യൂറോ എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നാളെ അവർ എഴുന്നേൽക്കുമ്പോൾ അങ്ങേക്കു ബോദ്ധ്യം വരും.

Shri K. Mahabala Bhandari: Sir, for some time I was thinking whether the present crisis is only an internal affair among the partners of the United Front. In the past there have been such conflicts among them, but every time they have been telling the people that in spite of these conflicts they will rule for a full term of five years. A stage is now reached when we people of the Opposition, who are hitherto considered as the enemies of the United Front, have to realise that we are also vitally concerned about this affair and no more shut our eyes. I have been in Kerala politics for a considerably long time now. To confess frankly, sir, I have not been able to understand the real politics of this State. The 1957 Ministry lasted hardly 28 months. The 1960 Assembly, of which I was a member, could go on for a period of four years. In 1965 elections, we were returned to this Assembly, but no Assembly met. In 1967, the United Front came to power and now this is the ugly state of affairs. I am personally happy and my friend from Kasaragode Constituency is also happy that this unholy alliance has come to an end.

So far as the allegations and the counter-allegations levelled in this House are concerned, I am not going to the details, sir. Two things are now proved. One is, that all the allegations that were being made on the floor of the Assembly from time to time by the Opposition all these months are true and that is substantiated by the partners of the United Front themselves now. Another thing that has been proved is that the Marxist Party will not tolerate anybody else and will make it impossible for democratic minded people to exist whether they are in the United Front or outside. The recent happenings in Kerala State in general and in our parts in particular, have convinced us beyond doubt, that if the Marxist Party is allowed to continue in power, they are going to destroy the whole of Kerala and the people who are not Marxists. There is no doubt about it. The Marxist Party has given the lead in encouraging lawlessness throughout the State. I can cite illustrations after illustrations. Law is being defied, people are blackmailed and their lives are threatened. An impression is prevailing throughout the State that there is no safety at all for the people. The sooner this Government comes to an end, the better for the people.

So far as the enquiries against the Ministers are concerned, I should say that it is rather unfortunate that we are lead to the irresistible conclusion that our Chief Minister has taken a partisan attitude

LIBRARY ARCHIVES Kerala Legislative Assembly

and he has acted solely and exclusively by the dictates of his party. It is said that he has ordered an enquiry without satisfying himself whether there was prima facie case or not. If that is so, I should say, that there should have been enquiries ordered against all the Ministers including the Chief Minister against whom also allegations of corruption have been made. If he has done that, we would have said 'Hats off to the Chief Minister who is very just and impartial'. What is the justification in ordering enquiry against a few Ministers who do not belong to the Chief Minister's party when equally and more serious charges of corruption have been made against the Ministers of the Chief Minister's party and the Chief Minister himself. The action of the Chief Minister therefore has created an impression, sir, that this is a political victimisation of some leaders of some political party. I am sorry about this, sir.

ശ്രീ. എം. എം. തോമസ്: ഞാൻ നാളെ സംസാരിക്കാം.

മി. സ്പീക്കർ: ഇനിയിപ്പോൾ ആരും സംസാരിക്കാനില്ല, എല്ലാ പാർട്ടി നേതാക്കൻമാരും നാളെ സംസാരിക്കാമെന്നാണു പറയുന്നത്. നാളത്തെ കാര്യങ്ങൾ എങ്ങനെയാണെന്നു തീരുമാനിക്കേണ്ടതുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: നാളെ എട്ടുമണിക്ക് കൂടാം.

Mr. Speaker: I think, we will begin at 8 o' clock and stop at 12 noon. So instead of 9 we will begin at 8 o' clock and instead of 12-30, we will stop at 12 noon. മറെറാരു കാര്യംകൂടി. ബഹുമാനപ്പെട്ട പല പാർട്ടി നേതാക്കൻമാരും വളരെയേറെ എം. എൽ. എ. മാരും എന്നെ വന്നുകണ്ടു പറഞ്ഞിട്ടുണ്ട്, നാളെ വിസിറേറഴ്സിന് പാസ്സ് കൊടുക്കുന്നതു ശരിയല്ലെന്ന്. അതിനെപ്പററി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിക്കണമെന്നു പറഞ്ഞു. അദ്ദേഹം ഉറപ്പു തരികയാണെങ്കിൽ പാസ്സ് ഇഷ്യു ചെയ്യണമെന്നു പറഞ്ഞെങ്കിലും അദ്ദേഹത്തിന് അങ്ങനെ ഉറപ്പുതരാനൊന്നും സാദ്ധ്യമല്ല എന്നു പറഞ്ഞു. ഉറപ്പു ചോദിക്കുന്നതിൽ അർത്ഥവുമില്ല. അതുകൊണ്ട് നാളെ പാസ്സ് ഇഷ്യു ചെയ്യേണ്ടതില്ലെന്നാണ് എന്റെയും അഭിപ്രായം. കഴിഞ്ഞ ഒരു ദിവസം ഇതുപോലെ ചെയ്തതു സംബന്ധിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ വളരെയേറെ ക്രിട്ടിസൈസ് ചെയ്തതുകൊണ്ടാണ് ഈ വസ്തുത വെളിപ്പെടുത്തുന്നത്.

റവന്യൂ മന്ത്രി (ശ്രീമതി കെ. ആർ. ഗൗരി): സർ, പാസ്സ് കൊടുക്കുന്നത് മെമ്പറൻമാർ ഉത്തരവാദിത്വത്തോടുകൂടിയാണ്. ഇന്നയിന്ന ആളുകൾ ഇന്നയിന്ന നമ്പർ പാസ്സുകൾ കൊടുത്തു എന്നെഴുതിയിട്ടാൽ പിന്നെ എന്താണബദ്ധം?

ശ്രീ. കെ. കരുണാകരൻ: ഇതിനു മുൻപും ഉത്തരവാദിത്വത്തോടുകൂടി പാസ്സു കൊടുത്തിട്ട് എന്തെല്ലാം നടന്നു എന്നു നമ്മൾ കണ്ടവരാണ്. ബഹുമാനപ്പെട്ട മെമ്പറൻമാർ ഉത്തരവാദിത്വമില്ലാതെ കൊടുക്കുന്നതായിരിക്കുകയില്ല. എങ്കിലും സഭയിൽ നടന്ന പല അനുഭവങ്ങൾ നമുക്കറിയാം. അതുകൊണ്ട് ഈ പ്രത്യേക സാഹചര്യത്തിൽ നാളെ പാസ്സു കൊടുക്കേണ്ടതില്ലെന്ന അങ്ങയുടെ തീരുമാനം സ്വാഗതാർഹമാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. കെ. എം. ജോർജ്ജ്:</u> ബഹുമാനപ്പെട്ട സ്പീക്കറുടെ തീരുമാനത്തെ ഞാനും സ്വാഗതം ചെയ്യുകയാണ്. ഒരു മെമ്പർ ഉത്തമവിശ്വാസത്തോടുകൂടി പാസ്സു കൊടുത്താലും ആരെങ്കിലും അകത്തു കയറിയതിനുശേഷം ചെയ്യരുതാത്തതു ചെയ്താൽ പാസ്സുകൊടുത്ത മെമ്പറെ ഒന്നും പറയാൻ പററുകയില്ല. അദ്ദേഹം ഈ സഭയുടെ മുമ്പിൽ ഖേദിക്കുന്നു എന്നു പറയും. അത്രയേയുള്ളു. അതുകൊണ്ട് വിശേഷമൊന്നുമില്ല. അതുകൊണ്ട് അങ്ങയുടെ തീരുമാനത്തിൽ യാതൊരു വ്യത്യാസവും വരുത്തരുത്.

<u>ശ്രീ. കെ. കെ. അബു:</u> എൻെറ അഭിപ്രായം പാസ്സു നാളെ കൊടുക്കണമെന്നാണ്. മെമ്പറൻമാർ ഉത്തരവാദിത്വമുള്ളവരാണ്. അതുകൊണ്ട് പാസ്സു കൊടുക്കരുതെന്നുള്ള തീരുമാനം ജനാധിപത്യവിരുദ്ധമായ ഒരു തീരുമാനമാണെന്നാണ് എൻെറ അഭിപ്രായം.

<u>ശ്രീ. ടി. കെ. രാമകൃഷ്ണൻ:</u> അങ്ങ് ഈ തീരുമാനം പുനഃപരിശോധിച്ചിട്ട് പാസ്സു കൊടുക്കണമെന്നു തന്നെയാണ് എൻെറ അഭിപ്രായം. ഇവിടെയുള്ള മെമ്പറൻമാരും മററും വളരെ മോശക്കാരാണെന്നുള്ള നിലയിൽ അഭിപ്രായപ്രകടനം നടത്തുന്നത് ശരിയല്ല. ഞാൻ ഒരാറംക്കു പാസ്സു കൊടുക്കുന്നത് ആ ആറം ആരാണെന്നു മനസ്സിലാക്കിയിട്ട് ഉത്തരവാദിത്വത്തോടുകൂടിയാണ്. ഏതായാലും ഇങ്ങനെയൊരു അഭിപ്രായപ്രകടനം നടത്തേണ്ടിവന്നതുതന്നെ വളരെ ഖേദകരമാണ്. അതുകൊണ്ട് അങ്ങയുടെ നിർദ്ദേശം പുനഃപരിശോധിക്കണം.

<u>ശ്രീ. ടി. വി. തോമസ്സ്:</u> അങ്ങയുടെ നിർദ്ദേശത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. വിശ്വാസഘാതകൻമാർ നാണമില്ലാതെ അഭിമാനം ഭാവിക്കുന്ന ഈ കാലഘട്ടത്തിൽ എത്രയെല്ലാം ഉത്തരവാദിത്വബോധം കാണിച്ചാലും കുഴപ്പമുണ്ടാകും. അതുകൊണ്ട് ഈ സഭാനടപടികറം ഭയപ്പാടില്ലാതെ സ്വതന്ത്രമായി നടക്കണമെങ്കിൽ അങ്ങു പറഞ്ഞതുപോലെ നിയന്ത്രണം ഏർപ്പെടുത്തണം. യാതൊരുതരത്തിലും പാസ്സു കൊടുക്കാൻ പാടില്ലെന്നു മാത്രമല്ല ഇതിൻെറ പരിസരത്തുപോലും ആളെ കയററാതിരിക്കണം.

<u>ശ്രീ. ഇ. എം. ജോർജ്ജ്:</u> ജനങ്ങളെ പേടിയാണോ? ഇതാണോ കുരുക്ഷേത്രത്തിൽവച്ചു കാണാമെന്നു പറയുന്നത്?

<u>ശ്രീ. ടി. വി. തോമസ്സ്:</u> എനിക്ക് ഗൂണ്ടാകളെ പേടിയാണ്.

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി:</u> സർ, ഞാനും അങ്ങയുടെ നിർദ്ദേശത്തോടു യോജിക്കുകയാണ്. കഴിഞ്ഞപ്രാവശ്യം ശ്രീ. അബു പാസ്സു കൊടുത്തയാളുകറം ബഹളമുണ്ടാക്കുകയും ഒടുവിൽ അദ്ദേഹം ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

<u>ശ്രീ. കെ. കെ. അബു:</u> ഒരു ബഹളവും ഉണ്ടായിട്ടില്ല.

<u>ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി:</u> ഇക്കാര്യത്തെ സംബന്ധിച്ച് അങ്ങ് സഭയുടെ സെൻസ് ചോദിക്കുകയുണ്ടായി. അതു ചോദിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. അങ്ങും സഭാനേതാവുമായി ആലോചിച്ചു തീരുമാനിച്ചാൽ മതിയായിരുന്നു. ഏതായാലും ഇപ്പോറം സെൻസ് ചോദിച്ച സ്ഥിതിക്ക് ഞാൻ പറയുകയാണ് എൻെറ പാർട്ടിയുടെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

നാളത്തെ സംഭവവികാസങ്ങളെ നിയന്ത്രിക്കുവാൻവേണ്ടി പാസ്സ് കൊടുക്കാതിരിക്കുകയാണു നല്ലത്.

ശ്രീ. പി. രാമുണ്ണിക്കുറുപ്പ്: ഞാനും അങ്ങയുടെ അഭിപ്രായത്തോട് പൂർണ്ണമായി യോജിക്കുന്നു.

മി. സ്പീക്കർ: ഈ സഭയുടെ പൊതുവായ അഭിപ്രായം ഞാൻ അംഗീകരിക്കുകയാണ്. മാലോകർ വന്നു കാണുന്നതിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. പക്ഷേ നമ്മുടെ അനുഭവം മറിച്ചാണ്. പാസ്സുകൊടുത്തു വരുത്തിയ ആളുകൾ ഗ്യാലറിയിൽ ഇരുന്ന് ബഹളമുണ്ടാക്കിയിട്ട് അവരുടെ പേരിൽ കേസ്സ് ചാർജു ചെയ്യണമെന്നു പറഞ്ഞു. കേസ്സ് ചാർജുചെയ്തു കോടതിയിൽ പോയപ്പോൾ പാസ്സുകൊടുത്ത എം. എൽ. ഏ. മാർ പോലും മൊഴികൊടുക്കാൻ തയ്യാറാകാത്തതുകൊണ്ട് കേസ്സ് തള്ളിപ്പോകുകയാണുണ്ടായിട്ടുള്ളത്. അതിനുശേഷമാണ് സഭ തന്നെ നേരിട്ടു നടപടിയെടുത്തിട്ടുള്ളത്. മെമ്പറൻമാർ ഉത്തമവിശ്വാസത്തോടുകൂടിത്തന്നെയാണു പാസ്സുകൊടുക്കുന്നത്. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷേ വന്നുകയറുന്നയാളുകൾ എന്തെല്ലാം ആണ് ചെയ്യാൻ പോകുന്നതെന്നുള്ളതിന് ഉത്തരവാദിത്വം ഏറ്റെടുക്കാൻ ആർക്കും സാദ്ധ്യമല്ലെന്നുള്ളതുകൊണ്ടു മാത്രമാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. ആ തീരുമാനം പുനഃപരിശോധിക്കേണ്ടതായ ആവശ്യമില്ല.

ശ്രീ. ഇ. എം. ജോർജ്ജ്: ഞാൻ നാളെ മൂന്നുപേർക്ക് പാസ്സു കൊടുക്കാമെന്നു ഏററിട്ടുണ്ട്. ഞാൻ പാസ്സ് കൊടുത്തിട്ടുള്ളയാളുകളാരും ഇതുവരെ ബഹളമൊന്നും കാട്ടിയിട്ടില്ല. എന്തുതന്നെയായാലും നാളെ എനിക്ക് മൂന്നു പാസ്സു കൊടുക്കാനുള്ള അനുവാദം കിട്ടണം.

മി. സ്പീക്കർ: എന്നോടു പത്തുപേർ നേരിട്ടു പാസ്സു ചോദിച്ചിട്ടുണ്ട്. അവർക്കുപോലും കൊടുക്കാനൊക്കുകയില്ലെന്നാണു പറയുന്നത്. ബഹുമാനപ്പെട്ട ജോർജ്ജിനോട് എനിക്ക് വിരോധമൊന്നുമില്ല.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ എട്ടുമണിക്ക് വീണ്ടും കൂടുന്നതുമാണ്.

The Assembly adjourned at 12.55 p.m. to meet again at 8 a.m. on Friday the 24th October 1969.

LIBRARY ARCHIVES Kerala Legislative Assembly